യെല്ലാനിറ്റുത്തില്ലം കണ്ടറിഞ്ഞും,"

[ 'ഞങ്ങളിരുവ,രിരുവ'രോതുന്നതി :
യൊന്നായിരുന്ന നാം പണ്ടൊരിക്കൽ.
നിന്നോടെഴും ദിവ്യരാഗമല്ലാതെ നി-
ന്നന്തരാത്മാവുമായന്യസാമ്യം
ഏതുമില്ലാത്തതാമെന്നന്തരാത്മാവി–
നേകുമോ ദൈവമനശ്വരൈക്യം ?]

'കന്യക മേരിതൻ പുണ്യപൂങ്കാവനം
ഞങ്ങളിരുവരുമൊത്തു തേടും.
അന്യപോതങ്ങളവൾക്കൊളിമാ,രന്യനാൾ-
പ്പൂത്തമഗാനവർക്ക നാദം :
ഗെർട്രൂഡ്, പരിന്നു സെസിലി, റൊസാ
ലിസ്സ്,
മഗലിൻ, മാർഗററിപ്രകാരം.

തെറാറിയിൽപ്പൂമാലചൂടി,ച്ചുരുൾമുടി
കെട്ടി, വൃത്താകൃതിയാർന്നിരുന്ന്,
ജ്വാലപോൽ ശുഭ്രമാം ചേല നെയ്യുന്ന
പൊൻ
നൂലിനാലസ്സുതിച്ചൂന്ദമെന്നും,
നൃത്യകഴിഞ്ഞുടനിന്നു പിറക്കുന്ന
മത്ത്യർക്ക കന്നിയുടപ്പതിക്കാൻ.

നാണിയ്ക്കും, പേടിയ്ക്കും, മൂകനാകാമവൻ,
ഞാനടൻ മൽക്കവിൾ തൽക്കവിളിൽ
ചേർത്തണച്ചോതുമെങ്ങൾ തൻ സൽപ്രേമ–
മന്ത്രം ശ്യാലസ്യ ലജ്ജയെന്യേ.
എന്നഭിമാനതെത്തയംഗീകരിച്ചമ്മ
സമ്മതമേകുമെനിക്ക മിണ്ടാൻ.

ഈശന്റെ ചാരും, നിരൃന്നസാഖ്യം,
പരി-
വേഷമണിഞ്ഞൊരിരുപ്പു താഴ്ന്നു,
വാഴ്ത്തിപ്പു സദ്വ്രതം ; കൈപിടിച്ചമ്മ
താൻ.
ഞങ്ങളെക്കൊണ്ടുപോം തത്സമീപേ.
മാലാഖമാർ പാടുമെങ്ങളെകാൺകവേ
താളത്തിൽ[4] സിറ്റോൾ, സിതേ,ണിവ
യാൽ.

4. Citoles and Ciherns : മദ്ധ്യകാലത്തെ കണ്ണിൽ പ്രചാരത്തിലിരുന്ന രണ്ടു സംഗീതോപകരണങ്ങൾ.

ചെറുകഥ

# വേദനിപ്പിക്കുന്ന സ്മരണകൾ

(വി. എസ്. ചെല്ലപ്പൻ, കരുമാല്ലൂർ)

ഞാനന്നത്തെ ദിനപ്പത്രവും നോക്കിക്കൊണ്ടു കിടക്കുകയായിരുന്നു. അപ്പോഴാണ് സ്കൂളിലേയ്ക്കു പോയ എന്റെ കൊച്ചുമകൻ നനഞ്ഞൊലിച്ചു വന്നുകയറിയതു്.

"ഇതെന്തു പറ്റി" ഞാനത്ഭുതത്തോടെ തിരക്കി.

അവൻ ഒരു കുറ്റവാളിയെപ്പോലെ തലയും കുനിച്ചു നില്ക്കുകയാണ്. അവൻ ശബ്ദിച്ചില്ല. കുറച്ചുകൂടെ ദേഷ്യത്തോടെ ഞാൻ ചോദ്യം ആവർത്തിച്ചു.

"നനഞ്ഞതാ" അവന്റെ ശബ്ദത്തിൽ പേടിയും കരച്ചിലും എല്ലാം കലർന്നിരുന്നു.

"എങ്ങനെ നനഞ്ഞു?"

"ആമ്പൽക്കുളത്തിലിറങ്ങ്യപ്പ്ലേ"

അവന്റെ ഉത്തരം കേട്ടപ്പോൾ എനിക്കു ദേഷ്യമാണുണ്ടായതു്. നിലയില്ലാത്ത കുളമാണ്. അതിലിറങ്ങരുതെന്നവനോടു പറഞ്ഞിട്ടുണ്ടു്. ഒന്നുരണ്ടു മാസം മുമ്പാണ് ആ കുളം ഒരു ദുരന്തസംഭവത്തിനു രംഗമായതു്. പൂ പറിക്കാൻ ഇറങ്ങിയ ഒരു കുട്ടി കാൽ തെറ്റി മുങ്ങി മരിച്ചു. ഏതായാലും ഓർമ്മയ്ക്കായി അവന്റെ ഇടക്കു് ഒന്നുരണ്ടു കൊടുക്കണമെന്നു ഞാൻ കരുതി. ഞാൻ പുറത്തുപോയി ഒരു വടി എടുത്തു കൊണ്ടുവന്നു.

"നിന്നോടു ഞാൻ കുളത്തിലിറങ്ങരുതെന്നു പറഞ്ഞിട്ടില്ലേ?" ഞാൻ അവനെ അടുത്തു വിളിച്ചു് ശാസനാസ്വരത്തിൽ ചോദിച്ചു.

"ഉ......ഉ......ഊവ്വ്" അവൻ കരച്ചിലിനിടയിൽ വിക്കി വിക്കിപ്പറഞ്ഞു.

"പിന്നെ നീ ഇറങ്ങിയതു്"

"ലിലയ്ക്കൊരു പൂ വേണോന്നു പറഞ്ഞു."

അവന്റെ ഉത്തരം എന്നെത്തണുപ്പിച്ചുകളഞ്ഞു. എന്റെ സകല ദേഷ്യവും മിന്നിമറഞ്ഞു. അടിക്കാനുയർന്ന കൈ താനേ താണുപോയി. ഞാൻ വടി താഴെയിട്ടു് അവനെ ഉപദേശിക്കാൻ ശ്രമിച്ചു. അപ്പോഴാണ് വാതുക്കൽ നിറഞ്ഞ കണ്ണുകളോടെ നില്ക്കുന്ന ലിലയെ കണ്ടതു്. അവൾ ഈ രംഗമെല്ലാം വാതുക്കൽ നിന്നു് കാണുകയായിരുന്നിരിക്കാം—പേടിച്ചരണ്ട മാൻപേടയെപ്പോലെ. കൂട്ടുകാരനു തല്ലുകിട്ടുമെന്നു പേടിച്ചു് പുറകെ എത്തിയതായിരിക്കണം അവൾ. ആ പിഞ്ചുകരൾ നൊന്തുകാണും. അവളുടെ നോട്ടം ദയനീയമാണ്. അതിൽ ഒരഭ്യർത്ഥനയില്ലേ?, എന്റെ കളിത്തോഴനെ തല്ലല്ലേ എന്നു്, എന്നല്ല ഒരു കുറ്റബോധവും അവളിലുണ്ടു്.

ഞാൻ അവളെ അടുത്തുവിളിച്ചു. അപ്പോഴേയ്ക്കും അവളുടെ പൂങ്കവിളിൽ രണ്ടു നീർച്ചാലുകൾ നിർമ്മിച്ചുകഴിഞ്ഞിരുന്നു.

"ലില എന്തിനാ കരയണേ" ഞാനവളെപ്പിടിച്ചു് മടിയിലിരുത്തിയിട്ടു ചോദിച്ചു.

---

അങ്ങുഞാൻ ക്രിസ്തുവോടത്ഥിക്കമിത്രയും
ഞങ്ങൾ രണ്ടാൾക്കുമായ്: പണ്ടൊരിയ്ക്കൽ
ഭൂമിയിലെന്നപോൽ ജീവിതംപോക്കുവാൻ
പ്രേമസമന്വിത;—മത്രമാത്രം.
അന്നത്തെമാതിരി ഞാനുമെൻ നാഥനു—
മെന്നേയ്ക്കുമൊന്നിച്ചിരിപ്പതിന്നായ്,"
ധ്യാനിച്ചു ശ്രമിച്ചു ചൊല്ലിനാലോമലാൾ
ദീനയാ,യത്യന്ത ശാന്തയായി;
"അദ്ദേഹമെത്തിയാലാണൊരുക്കം"
-നിർത്തിനാൾ.

അത്തപ്പിൽ മാലാഖമാരണിയായ്
തിങ്ങിപ്പറക്കുന്ന ദീപ്തികാണായി;
തൽ-
ക്കണ്ണുകൾ ജ്വലിച്ചു; ചിരിച്ചു തന്വി.

[കണ്ടതൊഴുതാസ്ഥിതം.] ദൂരെ ക്ഷണാലവ-
ലംബജാലത്തിൽ മറഞ്ഞുപക്ഷേ.
പിന്നെയക്കന്യക, തൻഭുജവല്ലികൾ
പൊന്നഴികൾക്കുമേൽ വെച്ചു മന്ദം
പാണികൾക്കുള്ളിൽ മുഖംമറച്ചായധിയാൽ-
ക്കേണു, [ഞാൻ കേട്ടു തൽബ്ബാഷ്പശബ്ദം].

ഗൗണിന്റെ അറ്റം തിരുപ്പിടിച്ചുകൊണ്ടു് അവൾ എന്റെ മടിയിൽ നിശ്ശബ്ദയായി കുനിഞ്ഞിരുന്നതേയുള്ളു.

"ലില വീണോ?"

ഇല്ലെന്നർത്ഥത്തിൽ അവൾ മൂളി.

"പിന്നെന്താ കരയണേ?"

അവൾ പിന്നേയും ഉത്തരം പറഞ്ഞില്ല.

"ബാബുവിനെ തല്ലുമെന്നു് പേടിച്ചാണോ."

അവൾ എന്റെ മുഖത്തേയ്ക്കു നോക്കി അതേയെന്നു് ആ നിറഞ്ഞൊഴുകുന്ന കണ്ണുകളിൽ നിന്നു് ഞാൻ മനസ്സിലാക്കി.

"ബാബുവിനെ തല്ലില്ലാട്ടോ, ഇനി കരയണ്ടാ" ഞാൻ അവളുടെ കണ്ണുനീർ തുടച്ചുകളഞ്ഞാശ്വസിപ്പിച്ചു.

"ശാന്ത, ഇവന്റെ ഉടുപ്പൊന്നു മാറ്റിപ്പറഞ്ഞയയ്ക്കൂ." എന്റെ ഭാര്യയാണു് ശാന്ത. ഞങ്ങൾക്കാകപ്പാടെയുള്ള ഓമനസന്താനമാണു് ബാബു.

"രണ്ടു കൊടുക്കേണ്ടതായിരുന്നു ഈ വേണ്ടാതീനത്തിനു്" അവൾ അവന്റെ ഉടുപ്പു മാറുന്നതിനിടയിൽ അഭിപ്രായപ്പെട്ടു.

"പോട്ടെ, കുഞ്ഞുങ്ങളല്ലേ, അറിവില്ലാതെ ചെയ്തതല്ലേ."

"എന്നാലും അതു് എന്നു പറഞ്ഞതല്ലേ ചെയ്തു ഇല്ലേ?"

"അതൊന്നും സാരമില്ല, നീയവനെ വേഗം പറഞ്ഞയയ്ക്കൂ."

അവരുടെ പോക്കും നോക്കി ഞാനങ്ങനെ ജനാലഴിയിൽ പിടിച്ചു നിന്നു—പടിയും കടന്നു് വളഞ്ഞുപുളഞ്ഞു പോകുന്ന വയൽ വരമ്പിലൂടെ അങ്ങകലെ ഇടവഴിയിൽച്ചെന്നു മറയുന്നതുവരെ. പരസ്പരം കഴുത്തിൽ കയ്യുമിട്ടു് കഴിഞ്ഞതെല്ലാം മറന്നു് കളിച്ചു് ചിരിച്ചു പോകുന്ന രണ്ടു നിഷ്കളങ്ക ഹൃദയങ്ങൾ.

എന്റെ ജീവിതത്തിലെ പഴയ താളുകൾ വലിച്ചു കീറി മുൻപിൽ നിരത്തിയിരിക്കുകയാണോ എന്നു ഞാൻ സംശയിച്ചു. ഞാൻ കസാലയിലേയ്ക്കു വീണു. താഴത്തു കിടന്ന വടി വളച്ചൊടിച്ചു് ജനാലയിലൂടെ പുറത്തേയ്ക്കെറിഞ്ഞു. മനസ്സിൽ ഓർമ്മകൾ ഓളം തല്ലുകയാണു്—ബാല്യകാല സ്മരണകൾ.

എന്റെ കൊച്ചുമകന്റെ വാക്കുകൾ ഒരു വണ്ടിനെപ്പോലെ എന്റെ ഹൃദയത്തിലിരുന്നു മൂളുകയാണു്. "ലില പറഞ്ഞു ഒപ്പു വേണോന്നു്" അവന്റെ കണ്ണുനീരിൽ കുളിച്ചുള്ള നിൽപ്പു്. ഞാൻ ഓർത്തുപോകുകയാണു് എൻറച്ഛന്റെ മുമ്പിൽ ഞാൻ ചെറുപ്പത്തിൽ ചൂളി വിറച്ചുനിന്നിട്ടുള്ളതു്. ഇതേ കാരണത്തിനു് അടിമേടിച്ചിട്ടുള്ളതു്.

എന്റെ കൊച്ചുമകനെപ്പോലെ അന്നെനിക്കുമുണ്ടായിരുന്നു ഒരു കൊച്ചുകളിത്തോഴി—കൊച്ചുമ്മിണി. ദേഹവും ദേഹിയും പോലെ ഞങ്ങളങ്ങനെ കളിച്ചു തകർത്തു നടന്നിരുന്നു. എന്റെ കണ്ണുകൾ തുറന്നിട്ട ജാലകത്തിലൂടെ വടക്കേ വേലിക്കെട്ടിന്റെ പരിസരത്തു് ചുറ്റിപ്പറ്റി നിന്നു. വേലിക്കെട്ടിനപ്പുറത്തു് ഒരു മാവു വളർന്നു് പന്തലിച്ചങ്ങനെ നില്പുണ്ടു്. എത്ര എത്ര ബാല്യകാലസ്മരണകളാണു് ആ മാവിനെച്ചുറ്റിത്താവളം വച്ചു നില്ക്കുന്നതു്. ഞങ്ങൾ മണ്ണുവാരിക്കളിച്ചിട്ടുള്ളതു് ആ മാവിൻ ചുവട്ടിൽ വച്ചാണു്. ആനയും കുതിരയും കയറിക്കളിക്കാറുള്ളതു് അതിന്റെ താഴ്ന്നു് നിലംപറ്റിക്കിടന്നിരുന്ന കൊമ്പിലിരുന്നാണു്. ഇന്നിവിടെ ആ കൊമ്പും കാണുന്നില്ല. ഞങ്ങൾ തന്നെ പിരിഞ്ഞു. അക്കാലങ്ങളെല്ലാം വെറും സ്മരണകൾ മാത്രമായി. പിന്നെന്തിനു് ആ കൊമ്പുമാത്രം അവിടെ അവശേഷിക്കുന്നു; എന്നുവച്ചിട്ടായിരിക്കാം അതുണങ്ങിപ്പോയതു്.

ഇന്നലെക്കഴിഞ്ഞതു പോലെ ഇന്നും ഞാനോർക്കുന്നുണ്ടു് ഞങ്ങളുടെ സ്കൂളിലേക്കുള്ള പോക്കു്. സിൽക്ക ഫ്രാക്കും ധരിച്ചു് കുഞ്ഞിക്കൈത്തണ്ടയിൽ സ്ലേറ്റും താങ്ങി എന്റെ തോളുരുമ്മിയാണു് അവൾ സ്കൂളിലേക്കു് പോരുന്നതു്. അങ്ങകലെ ഇടവഴിയിൽ ചെന്നവസാനിക്കുന്ന വയൽ വരമ്പിലൂടെയാണു് ഞങ്ങളും അന്നുപോയിട്ടുള്ളതു്. ആ ഇടവഴി കുളത്തിന്റെ അരുചേർന്നാണു് കടന്നുപോകുന്നതു്. രാവിലെ നൂറുകണക്കിനു് ആമ്പൽപ്പൂക്കൾ ആ കുളത്തിൽ വിരിഞ്ഞു പൊന്തുന്നുണ്ടാകും—മഞ്ഞിന്റെ മൂടുപടമിട്ടു് കുഞ്ഞോളത്തിൽ കൊഞ്ചിക്കുഴഞ്ഞു നില്ക്കുന്ന

സുന്ദരികളെപ്പോലെ, പൊട്ടിവിരിഞ്ഞു നില്ക്കുന്ന ആ ആമ്പൽപ്പൂക്കളെ കൊച്ചമ്മിണി അങ്ങനെ വിടർന്ന കണ്ണുകളുമായി നോക്കിനില്ക്കും. സൌന്ദര്യബോധമുള്ളവരാരും അങ്ങനെ നിന്നുപോകും. അതിലൊന്നവളുടെ കയ്യിൽക്കിട്ടിയിരുന്നെങ്കിൽ എന്നവളാശിക്കും. ഒരിക്കൽ അവളുടെ ആഗ്രഹം എന്റെ മുമ്പിൽ പ്രദർശിപ്പിക്കുകയും ചെയ്തു. സന്തോഷം കൊണ്ടു് ആ മുഖം വികസിച്ചു കാണുന്നതാണു് എന്റെയും സന്തോഷം. എന്റെ സ്ലേറ്റും പുസ്തകവും അവൾ വാങ്ങിപ്പിടിച്ചു. ഞാൻ നിക്കർ വലിച്ചു കയററിപ്പിടിച്ചു് കുളത്തിലേയ്ക്കിറങ്ങി. കരയ്ക്കടുത്തൊന്നും പൂവുണ്ടായിരുന്നില്ല. വളരെ എത്തിച്ചു ഞാനൊരു പൂ പറിക്കാൻ തുടങ്ങി. പൂവിൽപ്പിടിച്ചതും കാൽതെററിയതും ഒരുമിച്ചായിരുന്നു. എന്റെ ഉടുപ്പും നിക്കറും എല്ലാം നനഞ്ഞു. പക്ഷെ ചുവന്ന ഇതളുള്ളൊരാമ്പൽപ്പൂ എന്റെ കയ്യിലായി. എന്റെ പരിശ്രമത്തിന്റെ ഫലം ആ കൊച്ചുറാണിയുടെ കൈക്കുമ്പിളിൽ വച്ചുകൊടുത്തു. ആ ആമ്പൽപ്പൂവിന്റെ പ്രതിബിംബംപോലെ അവളുടെ മുഖം വികസിച്ചു. പക്ഷേ എന്റെ നനഞ്ഞ വേഷം കണ്ടപ്പോൾ പേടിയാണു് അവളുടെ കണ്ണിൽ നിഴലിച്ചതു്. എനിക്കു തല്ലുകിട്ടുമെന്നവൾക്കു പേടിയുണ്ടു്. കുളത്തിലിറങ്ങരുതെന്നു് അച്ഛൻ പറഞ്ഞിട്ടുണ്ടായിരുന്നു. നനഞ്ഞു ചെല്ലുമ്പോൾ തല്ലു കിട്ടുമെന്നെനിക്കുറപ്പുണ്ടായിരുന്നു. എങ്കിലും ഞാനവളെ പറഞ്ഞു വിശ്വസിപ്പിച്ചു, എന്നെ തല്ലില്ലെന്നു്. അന്നു ഞാൻ നനഞ്ഞു വന്നു കയറിയപ്പോൾ ഉടപുകഞ്ഞതു് ഇന്നും ഞാൻ ഓർക്കുന്നുണ്ടു്. പക്ഷെ ഇന്നെനിക്കവനെ തല്ലാൻ കഴിഞ്ഞില്ല. എന്തുകൊണ്ടു്? അതെനിക്കു തന്നെ നിശ്ചയമില്ല.

ഞങ്ങളുടെ കാൽപ്പാടുകൾ പതിഞ്ഞ അതേ വരമ്പിലൂടെയാണു് ഇന്നവർ പോകുന്നതു്. പക്ഷെ അവർ ഞങ്ങളുടെ പാദങ്ങളെ പിൻതുടരുകയാണോ? എങ്കിൽ എന്നെന്നേയ്ക്കുമായുള്ള വേർപാടിനുള്ള മുഹൂർത്തം അത്ര വിദൂരമല്ല, ഇന്നു വരെ പിൻതുടർന്നിട്ടുള്ളവരുടെ അനുഭവം അതാണു്. അപ്പോൾ അവർക്കു് മറിച്ചൊരനുഭവം ഉണ്ടാകാൻ ഇടയില്ലല്ലൊ.

ലില്ലി കൊച്ചമ്മിണിയുടെ ഇളയ പുത്രിയാണു്, ബാബു എന്റെ ഓമനപ്പുത്രനും.

ചരിത്രം ആവർത്തിക്കുകയാണോ? തകർന്നുപോയൊരു സ്വപ്നം പെറുക്കിയെടുത്തു് രണ്ടാമതൊന്നു വാർക്കാനുള്ള പരിപാടിയാണോ? എന്നാൽ അതും തകരില്ലെന്നാരു കണ്ടു? അവരുടെ കപ്പൽ നിയന്ത്രണമററ വേഗതയിൽ കാലത്തിന്റെ പാറക്കെട്ടിലേയ്ക്കാണവരെ നയിക്കുന്നതു്. അതവിടെച്ചെന്നിടിച്ചു തകരും. പിന്നെ രണ്ടുപേരും രണ്ടുവഴിക്കു തിരിയും—ഒരിക്കലും ഒന്നിച്ചു ചേരാത്ത രണ്ടു വഴികൾ.

വേരായാലെന്തഭിപ്രായമുണ്ടായിരുന്നാലും കൊച്ചമ്മിണി ഒരു കൊച്ചുസുന്ദരിയായിട്ടാണു് എനിക്കു തോന്നിയിട്ടുള്ളതു്. സ്നേഹമുള്ളൊരു പെണ്ണു്. ആത്മാർത്ഥതയുള്ളൊരു ഹൃദയത്തിന്റെ ഉടമസ്ഥ, ഇതാണെനിക്കവളെക്കുറിച്ചുള്ള അഭിപ്രായം. അതാണു ഞാനവളെ ഇഷ്ടപ്പെടാനും കാരണം. അന്നു ഞങ്ങൾ മിഡിൽ സ്കൂളിലാണു് പഠിക്കുന്നതു്. എന്നിൽ അവൾക്കെന്തോ കൂടുതൽ അധികാരമുള്ള മട്ടിലാണു് അവളുടെ പ്രവൃത്തികൾ. എന്റെ മുറിയിൽ വന്നാൽ ചിന്നിച്ചിതറിക്കിടക്കുന്ന പുസ്തകവും കടലാസ്സും അവൾ പെറുക്കിയടുക്കി വയ്ക്കും. ചന്തപോലെ കിടക്കുന്നതുകണ്ടില്ലേ എന്നൊരു കമന്റും ചമത്തും. എന്നിട്ടു് കുസൃതിച്ചിരിയോടെ എനിക്കൊരു താക്കീതും തന്നേക്കും—ഒരാളുടയായ താക്കീതു്.

ഇനിയിതെല്ലാം ഉലയിട്ടാലുണ്ടല്ലോ?"

ഓ, നീ എന്തെടുക്കും" ഞാൻ ചോദിക്കും.

"ഞാനൊന്നു പിച്ചുതരും" അവളതു പറയുകയേയുള്ളു. ചെയ്യില്ലെന്നെനിക്കറിയാം. എന്നെ അവൾക്കു വേദനിപ്പിക്കുന്നതിഷ്ടമില്ല. അറിഞ്ഞുകൊണ്ടിതുവരെ വേദനിപ്പിച്ചിട്ടുമില്ല.

കാലചക്രം തിരിയുകയാണു്. ഞങ്ങൾ ഹൈസ്കൂളിലെത്തി. ഞങ്ങളുടെ സ്നേഹബന്ധത്തിനു അതുവരെയും മനസ്സിലാകാത്ത ചില അർത്ഥമുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ പ്രണയബദ്ധരാണെന്നു ക്ലാസ്സിൽ എല്ലാവർക്കുമറിയാം. ചിലപ്പോൾ ക്ലാസ്സിലെ ബോർഡിൽപോലും ഞങ്ങളുടെ പേരുകൾ കൂട്ടിലടിപ്പിച്ചുള്ള ചില പുതിയ Equations കാണാം. കുസൃതിപ്പിള്ളേരുടെ ജോലിയാണതു്. ഫോർത്തുഫാറത്തിൽ രണ്ടു ഡിവിഷനിലായതു ഭാഗ്യമാണെന്നെനിക്കു തന്നെ തോന്നിയിട്ടുണ്ടു്.

അവൾ അടുത്തുകൂടെയെങ്ങാനും കടന്നുപോയാൽമതി കൂട്ടുകാരായ ചില ബോറന്മാരുടെ കമൻറടി തുടങ്ങാൻ. രവീന്ദ്രൻ ഭാഗ്യവാനല്ലേ. ആ കൊച്ചുകള്ളിയുടെ ഉടമസ്ഥനായില്ലേ? എന്നിട്ടൊക്കെ അവളും കേൾക്കത്തക്കവിധത്തിൽ വിളിച്ചുപറയും 'രവീടെ കരളല്ലേടാ, ആ പോണതു.'

അതും കേട്ടുകൊണ്ടവൾ വ്രീളാനമ്രമുഖിയായിപ്പോകുന്നതു കാണണം. ചുണ്ടിൽ പൊട്ടിച്ചുവരുന്ന പുഞ്ചിരി പുസ്തകംകൊണ്ടമർത്തി അവൾ കടന്നുപോകുന്നതു കാണുമ്പോൾ എൻെറ ഹൃദയത്തിൽ നൂറു നൂറു പൂക്കൾ പൊട്ടി വിരിയുകയായിരിക്കും.

ഞാനന്നു വൈകിട്ടു വെറുതെ വീട്ടിൽനിന്നിറങ്ങി കൊച്ചമ്മിണിയുടെ വീട്ടിൻെറ പടിക്കൽ വന്നപ്പോൾ അറിയാതെ പാദങ്ങൾ അങ്ങോട്ടു നീങ്ങി. അപ്പോഴാണു ഞാനോർത്തതു അവളുടെ 'കെമിസ്ട്രി' ടെക്സ്റ്റു ഒന്നു വാങ്ങേണ്ട കാര്യം. എൻെറ 'കെമിസ്ട്രി'യുടെ ടെക്സ്റ്റു എവിടെയോ കളഞ്ഞുപോയി. രണ്ടു മൂന്നു പാഠം വരയ്ക്കുവാനുണ്ടു്: ഞാൻ കയറിച്ചെല്ലുമ്പോൾ അവൾ ഇറയം അടിച്ചുകൊണ്ടു നില്ക്കുകയായിരുന്നു.

'ഓ, കൊച്ചമ്മിണിയമ്മ വീട്ടുവേലയിൽ മുഴുകി നില്ക്കുകയാണെന്നു തോന്നുന്നുണ്ടല്ലോ?' ഞാൻ വെറുതെ കളിയായിട്ടു ചോദിച്ചു.

'ഓ...ഹോ, രവീന്ദ്രൻനായർ തെണ്ടാനിറങ്ങിയിരിക്കുകയാണല്ലോ അല്ലേ?' അവൾ തിരിച്ചടിച്ചു.

'കളിയെല്ലാം കളഞ്ഞു ആ കെമിസ്ട്രി ടെക്സ്റ്റ് ഒന്നിങ്ങെടുത്തുതന്നേ.'

'എനിക്കു നാളെ ആവശ്യമുണ്ടല്ലോ.'

'നിനക്കേതു പിരിയേഡാ കെമിസ്ട്രി.'

"ഉച്ചയ്ക്കുശേഷം സെക്കൻറു പിരിയേഡാ" അവൾ ടൈംടേബിൾ നോക്കിയിട്ടു പറഞ്ഞു.

'ഉച്ചയ്ക്കു വരച്ചു തീർത്തിട്ടു ക്ലാസ്സിൽകൊണ്ടു വന്നു തന്നേക്കാം പോരെ.'

'അയ്യോ വേണ്ടാ ക്ലാസ്സിൽ കൊണ്ടു തരണ്ട.'

'അതെന്താ?'

'അല്ലാതെതന്നെ കൂട്ടുകാരി ജന്തുക്കളെന്നെ കളിപ്പിച്ചുകൊല്ലുന്നു. എനിക്കു നാണമായിട്ടു വയ്യാ.'

ഓ, അപ്പോൾ വലിയൊരു കുഴപ്പമുണ്ടല്ലോ?' ഞാൻ ഊറിവന്ന ചിരിയൊതുക്കിയിട്ടു പറഞ്ഞു.

'അതെന്താ പുസ്തകം തരാനാ, അതു വൈകിട്ടു തന്നാമതി.'

'അതല്ല'

'പിന്നെ'

'അതു പറയുമ്പോ നിനക്കു നാണമായാലോ.'

'കളിയാക്കാതെ വല്ലതുമുണ്ടെങ്കിപ്പറ.'

'അല്ലാ, ഞാനൊന്നോർക്കയായിരുന്നു.'

'അതല്ലേ, എന്താന്നു ചോദിച്ചേ.'

'കുറച്ചുകൊല്ലം കഴിഞ്ഞു നിന്നെ ഞാൻ കല്യാണം കഴിച്ചാലും നിനക്കെൻെറകൂടെ നടക്കാനൊന്നും സാധിക്കില്ലല്ലോന്നു വിചാരിക്കയായിരുന്നു'.

'ഒന്നു മിണ്ടാതിരിക്കുന്നുണ്ടോ രവി' അവളുടെ മുഖത്തു നാണം നിഴലിട്ടുനിന്നു. ആ കവിൾത്തടങ്ങൾ അരുണാഭമായി. ചുണ്ടുവരെ എത്തിയ പുഞ്ചിരി അവൾ നുണഞ്ഞിറക്കി. ഞങ്ങളുടെ കണ്ണുകൾ ഒരു നിമിഷം തമ്മിലിടഞ്ഞു. അവൾ കുനിഞ്ഞു കാൽകൊണ്ടു തറയിൽ വരച്ചുനിന്നു.

'അല്ലാ അപ്പോഴും നിനക്കു നാണമാകില്ലേ, ആളുകളെല്ലാം പറയും ആ പോകുന്നതാരാണെന്നറിയാമോ? രവീടെ...'

അവൾ സന്തോഷംകൊണ്ടും നാണംകൊണ്ടും വീർപ്പുമുട്ടി നില്ക്കുകയാണു്.

'ഞാനീ രവിയോടു തോറ്റു. നാളെ ക്ലാസ്സിൽതന്നെ കൊണ്ടുതന്നേക്കു്, അപ്പോൾ തീർന്നില്ലേ?'

'ഇല്ല, ഒന്നുകൂടിയുണ്ടായിരുന്നു.'

'എന്താ, അതും കൂടിയൊന്നു പറഞ്ഞിട്ടു പോയാട്ടെ.'

ഈ വീട്ടുജോലിയൊക്കെ നന്നായിട്ടു വശമാക്കണേ.'

‘എന്താ എനിക്കുവല്ല്യയിടത്തും വിട്ടുജോലി കണ്ടുവച്ചിട്ടുണ്ടോ?’

‘അതല്ല. ഒരു വേലക്കാരത്തിയെ നിറുത്താനുള്ള സാമ്പത്തികസ്ഥിതിയില്ലെങ്കിലും നമുക്കന്നു കഴിഞ്ഞുകൂടണ്ടേ എന്നു വച്ചിട്ടു പറഞ്ഞതാ.’

‘ഇപ്പോൾ എല്ലാം തീർന്നില്ലേ? എന്നാലെ കൂട്ടുകാരെന്നു പറയുന്ന കുറെ പൂവാലികളിപ്പൊക്കത്തിലിരിപ്പുണ്ടാകും. അങ്ങോട്ടു ചെന്നേ വേഗം. ഈ പുസ്തകം അവരേക്കൂടി കാണിക്കണേ, എന്നിട്ടുവേണമവർക്കെന്നെ നാളെ കളിപ്പിക്കാൻ.’

ജീവിതം എത്ര സുന്ദരമാണെന്നു എനിക്കു തോന്നിയിരുന്നു. പൊട്ടിവിടരുന്ന പൂക്കളും പുഞ്ചിരിക്കുന്ന പൂനിലാവും നിറഞ്ഞതാണു ജീവിതമെന്നായിരുന്നു എന്റെ ധാരണ. പൂങ്കാവനത്തിൽ ചെറുതെന്നലിൽ ആലോലം ഉലയുന്ന പൂതലകളിൽ ഇക്കിളിയിട്ടുകൊണ്ടു മുരണ്ടുനടക്കുന്ന ഒരു വണ്ടിനെപ്പോലെ ഭാഗ്യവാനായിരുന്നു ഞാനന്ന്. ഇന്നെനിക്കു ബോധമുണ്ട്, ജീവിതം ഒരു പുഷ്പശയ്യയല്ല, അതിൽ മുള്ളുകളും കാണാനിടയുണ്ടെന്ന്.

ആ സ്വപ്നങ്ങളെല്ലാം വിരിയാതെ തന്നെ കരിഞ്ഞുപോയി. വേദനയോടെ അയവിറക്കാനുള്ള സ്മരണകൾ മാത്രം അവശേഷിച്ചു.

മുററത്തേക്കു ചാഞ്ഞുകിടക്കുന്ന ആ ചെമ്പരത്തിക്കൊമ്പിൽ രണ്ടു പൂമൊട്ടുകൾ പൊട്ടിവിരിയുവാൻ കാത്തുകാത്തു നില്ക്കുന്നുണ്ട്. ഞാനാ പൂമൊട്ടുകളെ നിർന്നിമേഷനായി നോക്കിയിരുന്നു. രാവിലത്തെ കുളിർതെന്നലിൽ ആ കൊച്ചു ചില്ല [ പൂമൊട്ടുകളെയും പേറിക്കൊണ്ടു നൃത്തംവയ്ക്കുകയാണ്. ആ പൂമൊട്ടുകളും ഒരു കമനീയസ്വപ്നത്തിൽ മയങ്ങിക്കിടക്കുകയായിരിക്കും. ഒരു സുദിനത്തിൽ പ്രഭാതത്തിലെ മൂടൽമഞ്ഞിലൂടെ അവ പുഞ്ചിരിക്കും. കുളിർതെന്നലിൽ ഒന്നിച്ചു നൃത്തംവയ്ക്കും. കരളും കരളും ചേർന്നു അന്യോന്യം ഇക്കിളി പകരും. അതെ, സുന്ദരസ്വപ്നം. എത്ര നീതികേടായിരിക്കും, ഒന്നാലോചിച്ചുനോക്കൂ, ഒന്നിച്ചു വിടരേണ്ട ആ പൂമൊട്ടുകൾ—ഒന്നിച്ചു വിടരാൻ ആഗ്രഹിച്ച ആ മൊട്ടുകൾ വിരിയുന്നില്ലെങ്കിൽ. അതിൽ ഒന്നു മാത്രം വികസിക്കുന്നു—വാടിത്തളരുന്നു. അന്നേരമാണു മററതു വികസിക്കുന്നതെന്നു വിചാരിക്കുക—കരിഞ്ഞുപോയ സ്വപ്നങ്ങളുമായി. ഒററപ്പെട്ടവനെപ്പോലെ ആ പൂവു ഒരുകൊച്ചുകാററിൽ വിറച്ചുനില്ക്കും. അങ്ങനെ വരാതിരിക്കട്ടെ എന്നു ഞാൻ മനസ്സിൽ പറഞ്ഞുപോയി.

കാലം ഞങ്ങൾക്കുവേണ്ടി കാത്തുനിന്നില്ല. അതു മുന്നോട്ടു കടന്നുപോയി. ഒരു ഞെട്ടിലെ രണ്ടു പൂക്കളെപ്പോലെ വളർന്നവരാണു ഞങ്ങൾ. പക്ഷെ ഒന്നു രണ്ടു കൊല്ലംകൊണ്ടു കാലം അവളിൽ വലിയ മാററങ്ങൾ വരുത്തിക്കളഞ്ഞു. പാവാട മാറി ഹാഫ്സാരിയിൽ കയറി, അവൾ അവിടുന്നു സാരിയിലേക്കും. ഇന്നവൾ പാവാടയും ചുററിക്കൊണ്ടു തുള്ളി നടക്കുന്ന എന്റെ കളിത്തോഴിയല്ല; സാരിയും ചുററി നടക്കുന്ന അടക്കവുമൊതുക്കവുമുള്ള ഒരു യുവതിയാണ്. ഞാൻ എന്നെ സ്വയമൊന്നു പരിശോധിച്ചുനോക്കി—മീശ മുളയ്ക്കാത്ത ഒരു കൊച്ചുപയ്യൻ—ഏകദേശം പണ്ടത്തെപ്പോലെതന്നെ. നോക്കൂ പ്രകൃതിയുടെ ഒരു വികൃതി. എന്നെ നിസ്സഹായനായി നോക്കിനിറുത്തിയിട്ടാണു പ്രകൃതി അവളിൽ ഈ ചിത്രവേലകളെല്ലാം ചെയ്തുപിടിപ്പിച്ചതു്. ഞങ്ങളുടെ കരളിൻ നൊമ്പരം അല്പമെങ്കിലും അറിഞ്ഞിരുന്നെങ്കിൽ പ്രകൃതി ഇതിനു തുനിയുകയില്ലായിരുന്നു. ചിലപ്പോൾ ഈ നൊമ്പരപ്പെടുത്തൽതന്നെ പ്രകൃതിയുടെ വിനോദമായിരിക്കാം. എന്നാൽ ആ വിനോദം എത്ര ക്രൂരമാണ്?

ഞങ്ങൾ സ്കൂൾഫൈനൽക്ലാസിലെത്തി. എന്റെ ചില കൂട്ടുകാർ പറഞ്ഞു ‘അവളങ്ങു വല്ലാതെ വളർന്നുപോയല്ലോടാ. ഇനി നീ വെറുതെ സ്വപ്നം കാണണ്ടാ.’ വാസ്തവമാണെന്നെനിക്കുമറിയാം. ഇപ്പോൾ ഞാനവളുടെ കൊച്ചനിയനാണെന്നേ തോന്നൂ. അവൾ അത്രയ്ക്കു വളരെ വളർന്നുകളഞ്ഞു.

ആ മദ്ധ്യവേനലവധിയിൽ അവളുടെ വിവാഹം നിശ്ചയിച്ചു. എന്നോടു ആരും ഒന്നും ചോദിച്ചില്ല. അല്ലെങ്കിൽ എന്തിനു ചോദിക്കണം. ഞങ്ങൾക്കു ഒടുവിൽ മനസ്സിലായിട്ടുണ്ടു അതങ്ങനെ അവസാനിക്കാനേ വഴിയുള്ളുവെന്ന്. പക്ഷെ നിശ്ശബ്ദമായൊന്നിനുവേണ്ടി ഞങ്ങളുടെ ഹൃദയം നൊമ്പരപ്പെട്ടുകൊണ്ടിരുന്നു. അവൾക്കും രണ്ടുതുള്ളി

# പരിഷത്തിന് ഇരുപത്താറു വയസ്സ്!

(ഡി. ബാബു പോൾ, കറുപ്പംപടി)

കേരള സാഹിത്യപരിഷത്തിനു് ഇരുപത്താറു വയസ്സു തികയുന്നതു കുറിക്കുവാൻ കോട്ടയത്തെ വറുഗീസു മാപ്പിള നഗറിൽ 1957 ഒക്ടോബർ മൂന്നു മുതൽ ഏഴുവരെ തീയതികളിൽ നടന്ന ആ സാഹിത്യമഹോത്സവം കേരളത്തിന്റെ മുഴുവൻ ശ്രദ്ധയെ ഒന്നു പിടിച്ചു കുലുക്കി.

കേന്ദ്രമന്ത്രി ശ്രീ ഹുമയൂൺ കബീറാണു് ഈ സമ്മേളനം ഉൽഘാടനം ചെയ്തതു്. തികഞ്ഞ ഒരു പണ്ഡിതനും സഹൃദയനായ ഒരു സാഹിത്യകാരനും ആയ അദ്ദേഹം ചെയ്ത പ്രസംഗം തികച്ചും ശ്രദ്ധേയമായിരുന്നു. ശ്രീ കബീർ ഇങ്ങനെ പറഞ്ഞു: "സാഹിത്യകാരന്മാർക്കു് ദുർവ്വഹമായ ഒരു കടമ നിർവ്വഹിക്കാനുണ്ടു്. ജീവിതമൂല്യങ്ങളുടെ പിന്നാലെ പോകുന്നതോടുകൂടിത്തന്നെ അനശ്വരപ്രചോദനത്തിനായി ചുററുമുള്ള ജനങ്ങളുടെ ജീവിതത്തിൽ ഇഴുകിച്ചേരുകയും വേണം. ഈ ദുർവ്വഹമായ ചുമതല ഒരു ജനതയെ മറെറാരു ജനതയ്ക്കു് കാണിച്ചുകൊടുക്കാനും അങ്ങിനെ മനുഷ്യരാശിയുടെ ജീവിതത്തെ സമ്പന്നമാക്കാനും സർഗ്ഗശക്തിയുള്ള കലാകാരനെ സഹായിക്കുന്നു." വൈയക്തികവും ഭാഷാപരവുമായ പ്രതിബന്ധങ്ങളെ മറികടന്നു മുന്നോട്ടു പോകുവാൻ അദ്ദേഹം സാഹിത്യകാരന്മാരെ ആഹ്വാനം ചെയ്തു. മലയാളഭാഷയെ മററുള്ളവർക്കു് പരിചയപ്പെടുത്തി

---

കണ്ണുനീർ എനിക്കുവേണ്ടി പൊഴിക്കുവാൻ കഴിഞ്ഞെങ്കിൽ. അതിനപ്പുറം അവൾ നിസ്സഹായയാണു്.

ഞാൻ സമുദായത്തിന്റെ മുന്നിൽ വെറുമൊരു പയ്യനാണു്. വിവാഹത്തെപ്പററി ചിന്തിക്കാൻപോലും എനിക്കവകാശമില്ല. അവൾ വിവാഹപ്രായം തെററി നില്ക്കുന്നൊരു യുവതിയും—ഞങ്ങളങ്ങനെ അകന്നു—എന്നന്നേക്കുമായി അകലാതിരിക്കാനാഗ്രഹിച്ച ഞങ്ങൾ എന്നന്നേക്കുമായി അകന്നു—വേദനയോടെ.

ജീവിതസമുദ്രം ഞങ്ങളുടെമുൻപിൽ നിവർന്നു കിടക്കുകയാണു്. അതിന്റെ തീരത്തിൽ തെമിച്ചിരുന്നു ഞങ്ങൾ ചിപ്പിയും മണലും വാരിക്കളിച്ചു. പക്ഷേ കാലം അവളെ ജീവിതത്തിന്റെ അലയാഴിയിലേക്കു തള്ളിയിട്ടു. അവളങ്ങനെ അകന്നകന്നുപോകുന്നതും നോക്കിക്കൊണ്ടു ഞാൻ വേദനയോടെ കരഞ്ഞു നോക്കിക്കൊണ്ടുനിന്നു—നിസ്സഹായതയോടെ. മണലും ചിപ്പിയും അപ്പോഴും എന്റെ കയ്യിലുണ്ടു്.

ഞാൻ ഇന്റർമീഡിയററിനു പഠിക്കുമ്പോഴാണു അവളൊരമ്മയായതു്. വർഷം രണ്ടു മൂന്നു കഴിഞ്ഞു. ഒരുദിവസം കോളേജിൽ നിന്നു വരുമ്പോഴാണു പിന്നെ ഞാനവളെ കാണുന്നതു്. ഇളയ കുഞ്ഞിനെ അവൾ എടുത്തിട്ടുണ്ടു്. മൂത്ത കുട്ടി അവന്റെ അച്ഛന്റെ കയ്യും പിടിച്ചു പുഞ്ചിരിയോടെ നടന്നുപോകുന്നു. എന്റെ കളിത്തോഴിയായിരുന്നവളാണു ആ പോകുന്നതെന്നെനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്റെ കയ്യിൽ അപ്പോഴും പുസ്തകമാണു്. ജീവിതത്തിന്റെ വിജയത്തിൽ ഞാനവളിലും വളരെ താഴ്ന്ന പടിയിലാണെന്നെനിക്കു തോന്നി.

എന്റെ കൊച്ചുമോന്റെ കയ്യും പിടിച്ചു പോയ ലീലയുടെ ചരിത്രം അപ്പോഴും എന്റെ മനോമുകുരത്തിൽ മായാതെനിന്നു. എത്രകാലമാണങ്ങനെ അകലാതെ നില്ക്കും? ഒരു സുദിനത്തിൽ അവളും അവന്റെ കൈ വിട്ടുപോകും; അല്ലെങ്കിൽ പോകാൻ നിർബ്ബന്ധിതയാകും—യൗവനത്തിന്റെ കളിത്തൊട്ടിലേറി ജീവിതത്തിന്റെ ചക്രവാളസീമയിലേക്കു്.

അതെ, കാലത്തിന്റെ ഇതളുകൾ കൊഴിയുമ്പോൾ അവൾക്കും പറയാനനേകമായിരിക്കും. കദനത്തിന്റെയൊരു കഥ.

കൊടുക്കുവാൻ പരിഷത്തിനു് പ്രത്യേകമായ കടമയുണ്ടെന്നു് മന്ത്രി ചൂണ്ടിക്കാട്ടി.

മഹാകവി വള്ളത്തോളിന്റെ അദ്ധ്യക്ഷപ്രസംഗം ഒരുതരം ശവംതേങ്ങലായിരുന്നു എന്നു പറയാം. പരിഷദ്വാർഷികത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തു നിന്നു ഇത്തരം ഒരു പ്രസംഗം ഏറെപ്പേർ പ്രതീക്ഷിച്ചു കാണുകയില്ല.

ശാസ്ത്രസാഹിത്യ സമ്മേളനം ഉൽഘാടനം ചെയ്ത ശ്രീ മുണ്ടശ്ശേരി ഉന്നയിച്ച പ്രശ്നം വളരെ ശ്രദ്ധേയമായിരുന്നു : കഴിഞ്ഞ ഇരുപത്താറു കൊല്ലക്കാലത്തിനിടയിൽ ഈ രാജ്യത്തെ പൊതുജനങ്ങളുടെ ജീവിതത്തിനു് എന്തു സംഭാവന ചെയ്യുവാൻ പരിഷത്തിനു് കഴിഞ്ഞിട്ടുണ്ടെന്നു് അദ്ദേഹം ചോദിച്ചു.

പുസ്തക ചിത്ര പ്രദർശനം ഉൽഘാടനം ചെയ്തുകൊണ്ടു്, മുഖ്യമന്ത്രി, സ്റ്റേറ്റുലവൽ വരെയുള്ള ഭരണവും സ്റ്റേറ്റിലെ പരമാവധി വിദ്യാഭ്യാസവും സ്വന്തഭാഷയിലാക്കുകയും അതേ സമയം ഇന്ത്യൻ ഐക്യത്തിന്റെ പ്രതീകമായി ഒരു പൊതുഭാഷ അംഗീകരിക്കുകയും വേണമെന്നു് പറഞ്ഞു.

മലയാളസാഹിത്യ സമ്മേളനാദ്ധ്യക്ഷനായിരുന്ന മാരാർക്കൊരു സംശയം : ഈ പരിഷത്തും സാഹിത്യഅക്കാദമിയും രണ്ടുംകൂടെ എന്തിനാണെന്നു്.

ഗ്രന്ഥശാലാസമ്മേളനം ഉൽഘാടനം ചെയ്തതു് 'നമ്മുടെ കുറ്റിപ്പുഴസ്സാറാ'ണു്. "ശരീരത്തിൽ നൂൽബന്ധമില്ലാതെ നിന്നാൽ സഹിക്കാം ; പക്ഷെ മനസ്സിന്റെ നഗ്നത സഹിക്കാൻ വയ്യാ. ഇന്നത്തെ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ അനവധി കള്ളനാണയങ്ങളുണ്ടു്. വായനക്കാരുടെ അഭിരുചിയെ അധഃപതിപ്പിക്കുന്ന ഈ രീതി നിറുത്തുക തന്നെ വേണം," എന്നിങ്ങനെ അദ്ദേഹം പറഞ്ഞു. രാമായണവും മഹാഭാരതവും വിലപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളാണെന്നും അവയെക്കൊണ്ടു് അടിത്തറ കെട്ടിയിട്ടു വേണം മുന്നോട്ടു പോകുവാൻ എന്നും ശ്രീ കുറ്റിപ്പുഴ പ്രസ്താവിച്ചു.

കുട്ടികളുടെ സമ്മേളനം ഇത്തവണത്തെ ഒരു പ്രത്യേകതയായിരുന്നു. നാളെ നാടു ഭരിക്കേണ്ടുന്നവരെപ്പറ്റിയും നാടിന്റെ ഭാവിയെപ്പറ്റിയും നാം ആശങ്കപ്പെടേണ്ടതില്ലെന്നു് ആ സമ്മേളനം തെളിയിച്ചു.

കവിസമ്മേളനം ഏറെപ്പേർ ആശയോടെ കാത്തിരുന്ന ഒന്നാണു്. പക്ഷെ ആ ആശയുടെയും പ്രതീക്ഷയുടെയും മേൽ പച്ചവെള്ളം കോരിയൊഴിക്കുകയാണു് കവിസമ്മേളനം ചെയ്തതെന്നു് ഒരു അഭിപ്രായമുണ്ടു്. എന്തോ ?

മൂന്നാം മലയാളസാഹിത്യ സമ്മേളനത്തിൽ വച്ചു് മലയാളനോവലുകൾ ജീവിതത്തെ കുറെക്കൂടെ ആഴത്തിൽ ചിത്രീകരിക്കേണ്ടതുണ്ടെന്നു് ശ്രീ ഗുപ്തൻ നായർ പറഞ്ഞു.

ഈയാണ്ടിൽ കേരളത്തിലുണ്ടായ ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു പരിഷദ്വാർഷികം എന്നു് നിസ്സംശയം പറയാം. ന്യൂനതകൾ ഉണ്ടായിരുന്നില്ലെന്നല്ല ; എങ്കിലും നേട്ടങ്ങൾ കോട്ടങ്ങളെ കവച്ചു വച്ചു.

സമ്മേളനസ്ഥലത്തെ അലങ്കാരം പ്രശംസാർഹമായിരുന്നു. "രാഷ്ട്രീയങ്ങളായ അഭിപ്രായഭിന്നതകളും മത്സരങ്ങളും ഈ രാജ്യത്തെ ജനങ്ങളുടെ മാനസികാരോഗ്യത്തെ താറുമാറാക്കിയിട്ടില്ലെന്നു് അതു് തെളിയിച്ചു."

കുട്ടികളുടെ സമ്മേളനം ഒരു വിജയമായിരുന്നു എന്നു പറഞ്ഞുവല്ലോ. വിവിധഭാഷകളിലെ സാഹിത്യകാരന്മാരെ ക്ഷണിച്ചു വരുത്തി പരിഷൽപരിപാടികളിൽ പങ്കെടുപ്പിക്കുന്നതു് നല്ലതു തന്നെ. പുതിയൊരു ഭാരതീയ സംസ്കാരം കെട്ടിപ്പടുക്കാനുള്ള കേരളത്തിന്റെ ഒരു വിനീത ശ്രമമായി ഇതിനെ പരിഗണിക്കാം.

പത്രപ്രവർത്തനം, ഗ്രന്ഥശാലാപ്രസ്ഥാനം, പ്രസിദ്ധീകരണം തുടങ്ങി സാഹിത്യത്തിന്റെ 'പുറംപോക്കി'ൽ കിടക്കുന്ന വിഷയങ്ങൾ പരാമർശിച്ചതു നന്നായി. കലാപരിപാടികളുടെ വൈപുല്യവും വൈവിധ്യവും ആകർഷകമായിരുന്നു—ചവിട്ടു നാടകം തൊട്ടു് സൈക്ലോരമായോടുകൂടിയ നൃത്തസംവിധാനം വരെ.

സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ പ്രദർശനം ഒരു പുതുമയും വിജയവും ആയിരുന്നു. വലിയ കോയിത്തമ്പുരാൻ തൊട്ടു് എം. പി. പോൾ വരെയുള്ള സാഹിത്യകാരന്മാരുടെയും ജീവിച്ചിരിക്കുന്ന എഴുത്തുകാരുടെയും ചിത്രങ്ങൾ, അവരുടെ കൈപ്പടകൾ, പഴയ പത്ര മാസികകൾ, കൈയ്യെഴുത്തു മാ

# "വിട തരിക"

ഗദ്യകവിത

(കരിമ്പുഴ രാമകൃഷ്ണപിള്ള, Cl. IV Philosophy)

ഈ കലാലയത്തിൽ

അവർ വന്നുചേർന്നു;

വിദ്യാർത്ഥികൾ.

ഗ്രാമത്തിൻെറ ഹൃദയത്തിൽനിന്നു്—

പച്ചവിരിച്ച പാടങ്ങളും,

പ്രശാന്തഗംഭീരമായ കൊച്ചാറുകളും,

സമൃദ്ധിയുടെ നിറകുടങ്ങളേന്തിയ തെങ്ങിൻതോപ്പുകളും,

ശാന്തിയുടേയും സമാധാനത്തിൻെറയും പൊന്നൊളി പരത്തുന്ന കൊച്ചുകൊച്ചു കുടിലുകളും,

സൗഹൃദത്തിൻെറയും ശാശ്വതസ്നേഹത്തിൻെറയും പ്രഭാപ്രസരം പരത്തുന്ന സാഹോദര്യത്തിൻെറയും ആർപ്പുവിളികളും,

തിങ്ങിത്തിങ്ങുന്ന ചെറിയ ഗ്രാമപ്രദേശങ്ങളിൽനിന്നു്!

മാമലനാടിൻെറ വിരിമാറിൽനിന്നു്—

കുററിച്ചെടികളും കൂററൻ വൃക്ഷങ്ങളും ഒപ്പം വളരുന്ന, മൊട്ടക്കുന്നുകളും ഊക്കൻപാറക്കെട്ടുകളും അഭിമുഖമായി നോക്കിനില്ക്കുന്ന,

വാനമ്പാടികളും രാക്കുയിലുകളും കളകൂജനം കൊണ്ടു് അന്തരീക്ഷം മുഖരിതമാക്കുന്ന,

പാറക്കെട്ടുകളിൽ തട്ടി ജലബിന്ദുക്കളുടങ്കി ദിനകരൻെറ മങ്ങിയ വെളിച്ചത്തിൽ മഴവില്ലു സൃഷ്ടിച്ചു സ്വയം കൃതാർത്ഥതയോടെ പൊട്ടിച്ചിരിച്ചു ആനന്ദത്തിൻെറയും ആഹ്ലാദത്തിൻെറയും നാദവും പാദവും പൊന്തിച്ചു കൊണ്ടു ദ്രുതഗതിയിൽ കാട്ടാറുകൾ പ്രവഹിക്കുന്ന,

അദ്ധ്വാനത്തിൻെറ മണ്ണായ മലനാട്ടിൽനിന്നു!

നയനാനന്ദകരമായ നഗരത്തിൻെറ നടുവിൽനിന്നു്—

അകൃത്രിമവും അനവദ്യസുന്ദരവുമായ പ്രകൃതിയിൽ മനുഷ്യൻെറ മരവിച്ച കരങ്ങളാൽ നാഗരികതയുടെ യാന്ത്രികമായ പൊടിപ്പും തൊങ്ങലും കൂട്ടിയിണക്കിയ,

വൈദ്യുതവിളക്കുകളും, പമ്പരം കറങ്ങുന്ന വൈദ്യുതപങ്കകളും, പരിഷ്കാരത്തിൻെറ സന്തതികളായ നവീനോപകരണങ്ങളുംകൊണ്ടു സജ്ജീകരിക്കപ്പെട്ട കൃത്രിമസൌന്ദര്യത്തിൻെറ സങ്കേതമായ അത്യുന്നതങ്ങളായ മണിമാളികകൾ ഒന്നിനൊന്നു മത്സരിച്ചു നില്ക്കുന്ന,

ജീവിതം യാന്ത്രികമായി മാറുന്ന തിക്കും തിരക്കുമുള്ള മനുഷ്യൻ സാങ്കല്പിക ലോകത്തിലെ സ്വപ്നജീവികളെപ്പോലെ സ്വർഗ്ഗീയസുഖങ്ങളുടേയും ആനന്ദാനുഭൂതിയുടേയും പിന്നാലെ പരക്കം പായുന്ന,

നഗരത്തിൻെറ നടുവിൽനിന്നു്!

അങ്ങനെ........

അങ്ങനെ.......

നാടിൻെറ നാനാഭാഗങ്ങളിൽനിന്നും,

അവർ വന്നുചേർന്നു!

വൈവിദ്ധ്യത്തിൻെറയും വൈരുദ്ധ്യത്തിൻെറയും അലകൾ ഉടനീളം ഓളം തല്ലുന്ന വിവിധ പാരമ്പര്യത്തിൻെറയും സാഹചര്യത്തിൻെറയും സന്തതികൾ വന്നുചേർന്നു!!

കർഷകൻെറ സന്തതികൾ;

മലനാടിൻെറ മാനം കാക്കുന്ന മക്കൾ;

സമ്പൽസമൃദ്ധിയുടേയും പ്രതാപത്തിൻെറയും ഓമനത്തം തുളുമ്പുന്ന യുവകേസരികൾ;

പലതും........

---

സികകൾ, മലയാളത്തിലെ ആദ്യത്തെ പ്രദ്ദ് ഇങ്ങനെ എന്തെല്ലാം കാണാനുണ്ടായിരുന്നു അവിടെ! അവിടെ വച്ചിരുന്ന ചിത്രങ്ങളിൽ കണ്ട ചിലരെ സാഹിത്യകാരന്മാരായി ഇതിനു് മുമ്പ് ആരും അറിഞ്ഞിട്ടില്ലെങ്കിൽപ്പോലും

പലതും........
വന്നുചേർന്നു.

അവർ ഒന്നു ചേർന്നു,

അവർ ഒന്നിച്ചു ജീവിച്ചു.

ജീവിതം!

അതവർക്കൊരു പൊൻകിനാവായിരുന്നു.

യാഥാർത്ഥ്യങ്ങളുടെ ലോകത്തു്
പൊരുത്തക്കേടുകളുടെ മദ്ധ്യത്തിൽത്തന്നെ

ചിന്താഗതികൾ തമ്മിൽ ചക്രവാളങ്ങളുടെ അന്തരമുണ്ടായിരുന്നിട്ടും

അവർ ഒന്നിച്ചു ജീവിച്ചു!

* * *

കലാലയ ജീവിതം!!

ഗ്രാമത്തിൻ്റെ വശ്യതയും ശാലീനതയും
ശാന്തിയും പ്രശാന്തിയും
അഴകും ആനന്ദവും
എല്ലാം........
എല്ലാം........
അവർ അമ്പേ നുകർന്നു;
നുകർന്നു നുകർന്നു ജീവിച്ചു.

ജീവിതത്തിനു പുതിയൊരർത്ഥവും വിലയുമുണ്ടായി. പുതുമയുടെയും പുരോഗതിയുടെയും നിറവും മണവും കലർന്ന വിലയേറിയ ജീവിതം!

അവർ വെമ്പൽകൊണ്ടു;

കഴിവുകൾക്കും പ്രഗത്ഭതകൾക്കും രൂപം നല്കുവാൻ. അഭിലാഷങ്ങൾ സാക്ഷാത്കാരത്തിൻ്റെ മൂശയിൽ അനുനിമിഷം കരുപ്പിടിപ്പിച്ചുകൊണ്ടിരുന്നു.

വിദ്യാഭ്യാസമണ്ഡലത്തിൽ—

സാമൂഹ്യവും സംസ്കാരികവും കലാപരവുമായ രംഗങ്ങളിൽ.

ഒക്കെ........
ഒക്കെ........
അവർ വ്യക്തിമുദ്ര പതിക്കുകയാണു്!
മായാത്ത മുദ്രകൾ!
മറക്കാനും മറയ്ക്കാനുമാവാത്ത രംഗങ്ങൾ!!
ചീയാത്ത ചിന്തകളും തേയാത്ത തേജസ്സും!!
ചുടുനിശ്വാസങ്ങളും നെടുവീർപ്പുകളും അലിഞ്ഞുചേർന്ന ഇളമന്ദഹാസങ്ങളും പൊട്ടിച്ചിരികളും ഈ അന്തരീക്ഷത്തിലാകമാനം തിങ്ങിവിങ്ങി നില്പില്ലേ?

ഉണ്ടു്;
തീർച്ചയായും ഉണ്ടു്.

കാലത്തിൻ്റെ കരുത്തേറിയ കരങ്ങൾക്കു
യുഗയുഗാന്തരങ്ങളായാലും
തുടച്ചുനീക്കാൻ കഴിയാത്ത സജീവ ചിത്രങ്ങൾ!
ചിത്രങ്ങൾ!!
നിറമുള്ള ചിത്രങ്ങൾ!!
ആഭയും ശോഭയും അണിഞ്ഞൊരുങ്ങി കണങ്ങിക്കണങ്ങി നില്ക്കുന്ന ചിത്രങ്ങൾ!!
അവ
ആരേയും കമ്പിട്ടുവിക്കും;
ആരേയും.

* * * *

ഹോസ്റ്റലുകൾ.

അവ കലാലയ തീർത്ഥാടനകേന്ദ്രത്തിലെ വിശ്രമസ്ഥലങ്ങളാണു്. ഭിന്നകുടുംബക്കാർ ഒരു കൂട്ടുകുടുംബമാകുകയാണു്. വിശ്രമവും വിനോദവും വേലയും എല്ലാമുണ്ടവിടെ.

കുടുംബം!

സാഹോദര്യത്തിൻ്റെ പ്രതീകം!!

അഭിപ്രായങ്ങൾ—അഭിരുചികൾ എല്ലാം അലിഞ്ഞുചേരുന്നു.

സ്നേഹം!

സാർവ്വത്രികമായ സാർവ്വലൗകികമായ സ്നേഹം!
സൗഹൃദത്തിൻ്റെ സംസ്പർശിതച്ഛായയിൽ
അനന്യസാധാരണമായ രീതിയിൽ
അവർ പരസ്പരം ഹൃദയങ്ങൾ കൈമാറി.
ഹൃദയങ്ങൾ!

സങ്കുചിതവും വിശാലവുമായ ഹൃദയങ്ങൾ!!

എന്നിട്ടും........

എല്ലാററിലും നിഷ്കളങ്കസ്നേഹത്തിൻ്റെ പൊന്നോമൽ കൈത്തിരി കത്തിജ്വലിച്ചിരുന്നു.

ഹൃദയങ്ങൾ ഒന്നുചേർന്നു.

അവയുടെ ആത്മകഥ—നാനാത്വത്തിലെ ഏകത്വം.
സഹൃദയസഹകരണവും സൗഹാർദ്ദസഹവർത്തിത്വവും അന്യരിൽ അത്ഭുതത്തെക്കാളേറെ അസൂയ ഉളവാക്കാൻ പര്യാപ്തമാണു്.
സംശയമില്ല;
തെല്ലും സംശയമില്ല.

ല്ല
പുതിയ ലോകം അവരുടേതാണ്.
വിലകല്പിക്കപ്പെടാത്ത രംഗങ്ങളിലെല്ലാംതന്നെ
വിലയിരുത്തത്തക്ക തോതിൽ
അവർ വ്യക്തിമുദ്ര പതിപ്പിച്ചു.

*          *          *          *

അദ്ധ്യാപകർ!
സ്നേഹഗംഭീരരായ അവരെപ്പറ്റി സ്മരിക്കുമ്പോൾ
കരളിന്റെ ഉള്ളറകൾ നിറയെ
കുളിരുകോരി നിറയുന്നപോലെ തോന്നുന്നു!
ഹൃദയത്തുടിപ്പിനൊത്ത്
ശ്രുതികള്
ഒടിയടക്കാൻ സാധിക്കുന്നില്ല!!
ആ വിദ്യാർത്ഥികളുടെ ഗുരുനാഥന്മാർ!
വിദ്യാഭ്യാസത്തിനു മാത്രമല്ല;
ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും
വെളിച്ചം വിതറുന്ന ആചാര്യന്മാർ!!
പിതാവിന്റെ—രക്ഷാകർത്താവിന്റെ
ഗുരുനാഥന്റെ—സഹോദരന്റെ
സുഹൃത്തിന്റെ—അഭ്യുദയകാംക്ഷിയുടെ—
എല്ലാം........
സ്നേഹനിർഭരമായ
നിയന്ത്രണവും, നിർദ്ദേശവും,
പ്രോത്സാഹനവും, പ്രചോദനവും,
കലവറയില്ലാതെ കയ്യൊഴിഞ്ഞു ദാനം ചെയ്യുന്ന ദിവ്യസ്നേഹത്തിന്റെ പ്രതീകങ്ങൾ!

യഥാർത്ഥജീവിതത്തിന്റെ വഴിവിളക്കുകൾ!!
വാക്കുകളാൽ
വർണ്ണിക്കാനും വിളിച്ചറിയിക്കാനും വയ്യ അവരെപ്പറ്റി.

അവരുടെ തൃപ്പാദങ്ങളിൽ—
കടപ്പാടുകളുടെ പരിപൂർണ്ണബോധത്തോടെ,
പരിശുദ്ധിയുടെ പവിത്രതയോടെ,
ഭയഭക്തി ബഹുമാനസന്തോഷസമ്മിശ്രിതമായി.

സ്നേഹാതിരേകംകൊണ്ടു തുളുമ്പിയ കൊച്ചു ഹൃദയങ്ങൾ കാഴ്ചവയ്ക്കുവാൻ അനുമതി അഭ്യർത്ഥിച്ചുകൊണ്ടു ആ വിദ്യാർത്ഥികൾ കാത്തു നില്ക്കുകയാണ്.

അവരെ
അനുഗ്രഹാശിസ്സുകൾകൊണ്ടു വീർപ്പുമുട്ടിച്ചാലും........
ആ വിദ്യാർത്ഥികളെ.
അവർ വേർപിരിയുകയാണ്;
ആ വിദ്യാർത്ഥികൾ.
"കലാലയമാതേ, വിടതരിക"
അവർ അപേക്ഷിക്കുകയാണ്; ദീനദീനമാം വണ്ണം.
അതോടൊപ്പംതന്നെ
അതാ അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു.
"ഞങ്ങളിലേക്കു പകർന്ന വെളിച്ചം
ജീവിതത്തിലൂടെ
ഞങ്ങൾ ലോകത്തിനു സംഭാവന ചെയ്യും"
തുടിക്കുന്ന ഹൃദയത്തോടെ
ഇടറുന്ന കണ്ഠത്തോടെ
വിറയ്ക്കുന്ന കൈകളോടെ
നിറയുന്ന കണ്ണുകളോടെ
പതറുന്ന കാൽവയ്പുകളോടെ
എന്നിട്ടും........
എന്നിട്ടും........
ഒരിക്കൽകൂടി പ്രതിജ്ഞ പുതുക്കിക്കൊണ്ടു അവർ യാചിക്കുകയാണ്
"മാ....തേ! വി....ട....ത....രി....ക."

[ഏകാങ്കം]

# രക്തബന്ധം

By BHASY, R. Desom Class IV Physics.

കഥാപാത്രങ്ങൾ:—

ഗോവിന്ദപ്പിള്ള:—ഒരു റിട്ടയേർഡ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർ, അറുപത്തഞ്ചു വയസ്സ് പ്രായം; വലിയൊരു ദൈവഭക്തൻ.

മാധവിയമ്മ:—ഗോവിന്ദപ്പിള്ളയുടെ ഭാര്യ; അൻപതു വയസ്സ് പ്രായം; നിങ്ങളുടെ ഗൃഹനായിക.

വേണുഗോപാലൻ:—ഗോവിന്ദപ്പിള്ള, മാധവിയമ്മ, എന്നീ ദമ്പതിമാരുടെ മകൻ. കോളേജ് വിദ്യാർത്ഥി. ഇരുപതു വയസ്സ് പ്രായം.

ശശികല:—വേണുഗോപാലന്റെ സഹോദരി; പതിനഞ്ചു വയസ്സ് പ്രായം; ഹൈസ്കൂൾ വിദ്യാർത്ഥിനി.

(അനിയൻ, വിജയൻ, ഡാക്ടർ)—വേണുഗോപാലന്റെ സ്നേഹിതന്മാർ.

## രംഗം 1

(ശ്രീമംഗലം ഭവനം. സമയം വൈകിട്ട് നാലര കഴിഞ്ഞു. ഒരു കട്ടിലിൽ വേണുഗോപാലൻ കിടക്കുന്നു. മാധവിയമ്മ കട്ടിലിലിരുന്നു മകനെ വിളിക്കുന്നു.)

മാധവിയമ്മ:—മോനെ........! മോനെ.... വേണൂ....! [കണ്ണുകളുടെ ചേഷ്ടയിലും വികാരപരവശതയോടും] വേണൂ....! വേണൂ....! ........എന്റീശ്വര....ഞാനെന്തുചെയ്യട്ടെ! അവരുടെ പെണ്ണിനെയാണെങ്കിൽ ഇതുവരെയായിട്ടും കാണാനില്ല. അങ്ങേരാണെങ്കിൽ ഡാക്ടരെ വിളിക്കാൻ പോയിട്ട് നാഴിക നാലായി. [ദീർഘനിശ്വാസത്തോടെ] മോനെ....! വേണൂ....! എന്റെപൊന്നു മോനെ........ (കരയുന്നു)

[ശശികല പ്രവേശിക്കുന്നു. സ്കൂളിൽ നിന്നും വരുന്ന വേഷം. ക്ഷീണിച്ചതും, ആകാംക്ഷയുള്ളതുമായ മുഖം]

ശശികല:—അമ്മേ....! എന്താ, ചേട്ടന് കുറവില്ലേ! അച്ഛനെവിടെ?

മാധവിയമ്മ:—മോളെ! ഉച്ചകഴിഞ്ഞതിൽ പിന്നെ എന്റെ പിള്ളയ്ക്കു ഒരു ബോധവുമില്ല. വിളിച്ചിട്ടു കണ്ണു തുറക്കുകയോ മിണ്ടുകയോ ചെയ്യുന്നില്ല. അച്ഛൻ ഡാക്ടരെ വിളിക്കാൻ പോയിരിക്കുകയാ........

[അനിയൻ പ്രവേശിക്കുന്നു. ഒരു യാത്ര കഴിഞ്ഞു വരുന്ന വേഷം.]

അല്ലാ:—അനിയനോ! നീയിപ്പോൾ വരുന്ന വഴിയാണോ.

അനിയൻ:—അതേ....വേണു ഉറങ്ങുകയാണോ........?

മാ. അമ്മ:—എന്റെ മോനേ! ഉച്ചക്കുശേഷം അവനൊരു വെളിവുമില്ല. എന്റീശ്വരാ....! ഒരാഴ്ചകൊണ്ടു എന്റെ പിള്ളയെങ്ങിനെയായി.

അനിയൻ:—എന്നിട്ട് ഡാക്ടർക്കാളപോയില്ലേ?

മാ. അമ്മ:—അദ്ദേഹം പോയിട്ടുണ്ട്. വരണ്ട സമയവും കഴിഞ്ഞു. എന്താണാവോ പിന്നെയിത്ര താമസം.

[ഗോവിന്ദപ്പിള്ളയും ഡാക്ടരും പ്രവേശിക്കുന്നു. മാധവിയമ്മയും ശശികലയും അകത്തുനിന്നും പോകുന്നു.]

ഗോവിന്ദപ്പിള്ള:—[അനിയനെകണ്ട്] അല്ലാ....അനിയൻ എപ്പോൾ വന്നു?

അനിയൻ:—ഇപ്പോൾ വന്നേയുള്ളു.

ഗോവിന്ദപ്പിള്ള:—നീയെങ്ങിനെയറിഞ്ഞു!

അനിയൻ:—വിജയന്റെ "ടെലിഗ്രാം" ഉണ്ടായിരുന്നു.

[ഡാക്ടർ വേണുവിനെ പരിശോധിച്ചശേഷം ഒരു കസാലയിൽ വന്നിരുന്നു ആലോചനാഭാവം നടിക്കുന്നു.]

ഗോവിന്ദപ്പിള്ള:—ഡാക്ടർ........

[ഡാക്ടർ മിണ്ടുന്നില്ല.]

അനിയൻ.—Doctor! What do you say?

ഡാക്ടർ:—[അനിയനെ നല്ലവണ്ണം നോക്കുന്നു] മി. പിള്ളെ! ഈ പയ്യൻ....?

ഗോവിന്ദപ്പിള്ള:— വേണുവിന്റെ കൂട്ടുകാരൻ. തിരുവനന്തപുരം കോളേജിൽ പഠിക്കുന്നു.

ഡാക്ടർ.—Thank you. പിന്നെ, ഇതു സ്വല്പം 'സീരിയസാ'ണ്. വാസ്തവം പറഞ്ഞാൽ എനിക്കിതുവരെ പിടികിട്ടിയില്ല. you better take him to Trivandrum.

അനിയൻ:—Thank you. [ഗോവിന്ദപ്പിള്ളയോട്] ഇപ്പോൾ തന്നെ കൊണ്ടുപോകാം.

ഗോവിന്ദപ്പിള്ള:—ഇപ്പോൾ വണ്ടിയുണ്ടോ.

ഡാക്ടർ:—ഒരു 'ടാക്സി' എടുക്കണം. എന്നാൽ ഞാനിറങ്ങട്ടെ. (തൊഴുന്നു)

(ഗോവിന്ദപ്പിള്ള, അനിയൻ)—(തൊഴുതുകൊണ്ട്) Thank you.

[ഡാക്ടർ പോകുന്നു. മാധവിയമ്മയും ശശികലയും പ്രവേശിക്കുന്നു.]

മാ. അമ്മ:—ഡാക്ടരെന്തു പറഞ്ഞു!

ഗോവിന്ദപ്പിള്ള:—അയാൾക്കു രോഗം മനസ്സിലായില്ലാപോലും.

[വിജയൻ പ്രവേശിക്കുന്നു. കോളേജിൽ നിന്നും വരുന്ന വേഷം.]

വിജയൻ:—എന്ത്? അയാൾക്കു മനസ്സിലായില്ലെ? എന്നാൽ പിന്നെ ഇവനൊക്കെ ഡാക്ടരെന്നും പറഞ്ഞെന്തിനിരിക്കുന്നു. അറേബ്യൻ കടലിൽ വെള്ളമുള്ള കാലമയാൾക്കറിഞ്ഞുകൂടെ.

[അനിയനെ കണ്ടതായി നടിച്ച്] അല്ല....! നീയെപ്പോൾ വന്നു?

അനിയൻ:—കുറച്ചുനേരമായി. വിജയൻ കോളേജിൽനിന്നും വരും വഴിയാണോ?

വിജയൻ:—യെസ്. എന്റെ 'ടെലിഗ്രാം' എപ്പോൾ കിട്ടി?

അനിയൻ:—ഇന്നലെ സന്ധ്യക്ക്. അതുകൊണ്ട്, വിജയാ! വേണുവിനെ തിരുവനന്തപുരത്തേക്കു കൊണ്ടുപോകാൻ നിശ്ചയിച്ചു. നീ പോയി ഒരു കാറു കൊണ്ടുവരു.

വിജയൻ:—എന്തിന്! ഞങ്ങളുടെ കാറുണ്ടല്ലോ. ഞാനിപ്പോൾ കൊണ്ടുവരാം. [പോകുന്നു.]

ഗോവിന്ദപ്പിള്ള:—[ഒരു കസേരയിലിരുന്നു കഠിന പാരവശ്യത്തോടെ] ശശീ! വേഗം കുറെ കാപ്പി കൊണ്ടുവാ മോളെ. [ശശികല പോകുന്നു.]

മാ. അമ്മ:—അനിയാ! ഞാനും പോരട്ടെ.

അനിയൻ:—അമ്മയ്ക്കു എന്നേയും വിജയനേയും വിശ്വാസമുണ്ടെങ്കിൽ വരണ്ടാ. ഗോവിന്ദപ്പിള്ളച്ചേട്ടനും ഇവരെ തനിച്ചിവിടെയാക്കിയേച്ചും വരണമെന്നില്ല.

മാ. അമ്മ:—മോനെ, വിശ്വാസമില്ലാഞ്ഞിട്ടല്ല. ഞങ്ങൾ എന്തു സമാധാനത്തോടെ ഇവിടെയിരിക്കും.

അനിയൻ:—പരിഭ്രമിക്കേണ്ട. അന്നന്നത്തെ വിശേഷങ്ങൾ അറിയിക്കാം; അനിയനാണു പറഞ്ഞത്. [വേണുവിന്റടുക്കൽ ഇരിക്കുന്നു.]

—കർട്ടൻ—

## രംഗം 2

(ശ്രീമംഗലം ഭവനം. സമയം രാവിലെ ഒൻപതുമണി കഴിഞ്ഞു. മാധവിയമ്മയും ശശികലയും പൂമുഖത്തു വന്നു 'ഗേററി'ലേക്ക് നോക്കി നില്ക്കുന്നു.)

ശശികല:—അമ്മേ! ചേട്ടനെ കൊണ്ടുപോയിട്ട് ദിവസം ആറു കഴിഞ്ഞില്ലേ. ഭേദമുണ്ടെന്നും പറഞ്ഞാണല്ലോ ഇന്നലെയും 'ടെലിഗ്രാം.' എന്തോ ഏതോ?

മാ. അമ്മ:—എനിക്കൊന്നും അറിഞ്ഞുകൂടാ പെണ്ണേ. (കണ്ണുതുടച്ച്) എന്റെ ഗുരുവായൂരപ്പാ! എന്റെ പിള്ളേരുടെ സുഖക്കേടൊക്കെ നീക്കണെ.......!

[വിജയൻ പ്രവേശിക്കുന്നു.]

ആ....മോനെ! എന്റെ പിള്ളയ്ക്കെങ്ങിനെയിരിക്കുന്നു.

വിജയൻ:—സാരമില്ല. ഇന്നലെ ഉച്ചമുതൽ വേണുവിനു വളരെ കുറവുണ്ട്. വിശേഷമൊക്കെ ചോദിക്കുന്നുണ്ട്. കുറേശ്ശെ ആഹാരവും കഴിക്കും. രണ്ടു മൂന്നു ദിവസങ്ങൾ കൂടി കഴിഞ്ഞാൽ കൊണ്ടുപോരാം.

ശശികല:—വിജയേട്ടൻ പോന്നപ്പോൾ അവിടെയാരാ? അനിയനു വല്ല സഹായത്തിനും പോകേണ്ടിവന്നാൽ ചേട്ടന്റടുത്താരുണ്ട്?

വിജയൻ:—[ഗൗരവം നടിച്ച്] ഓഹോ! "നോബഡി". അനുജത്തി വേഗമങ്ങു ചെന്നാട്ടെ.

[ശശികല ലജ്ജിച്ചു മുഖം കുനിക്കുന്നു.]

മാ. അമ്മ:—എടാ! അവൾ കാര്യമല്ലേ ചോദിച്ചതു്. പിന്നെ നീയെന്തിനവളെ കളിയാക്കുന്നു.

വിജയൻ:—കളിയാക്കുകയല്ല മാധവിവല്യമ്മേ. അവിടെ വേണുവിൻ്റെ റൂമിൽ എന്തൊരു തിരക്കാണെന്നോ. എല്ലാ സമയവും അനിയൻ്റെ "കോളേജ് ഫ്രണ്ട്സ്" വരികയും പോവുകയും തന്നെ. അവരു കൊണ്ടുവരുന്ന ഓറഞ്ചും ഗ്ലൂക്കോസുമൊക്കെ പാവങ്ങൾക്കു കൊടുക്കുന്നു.

മാ. അമ്മ:—ഇവിടെ നിന്നും പോയതിൽ പിന്നെ എന്തുണ്ടായി വിശേഷം?

വിജയൻ:—ഉണ്ടായിരുന്നെങ്കിൽ.......! ആലുവായിൽ കിടക്കുന്ന വല്യമ്മയെന്തു ചെയ്യും.

മാ. അമ്മ:—എടാ! നിൻ്റെ തമാശയൊക്കെ പിന്നെയാകാം. കാര്യം പറയ്.

വിജയൻ:—എന്നാൽ ദാ കേട്ടുകൊള്ളൂ. വളരെ ശ്രദ്ധിക്കണം. പിന്നീടു 'Once more' എന്നും അടിച്ചേക്കരുതു്. (ഗൗരവത്തിൽ ഒരു കസാലയിൽ ചെന്നിരിക്കുന്നു.)

മാ. അമ്മ:—ഇല്ല

വിജയൻ:—ഞങ്ങൾ ചെന്നയുടൻ ഒരിഞ്ചെക്ഷൻ എടുത്തു. പിറ്റേദിവസം അനിയൻ, അവരുടെ ലാകോളേജ് പ്രിൻസിപ്പാളിനേയും കൂട്ടി ഡാക്ടരെ ചെന്നു കണ്ടു. അന്നു അദ്ദേഹം വന്നു ശരിക്കു പരിശോധിച്ചു. രക്തക്കുറവാണു സുഖക്കേടിനു കാരണം എന്നും പറഞ്ഞു. അതുകഴിഞ്ഞു മിനിയാന്നു രക്തം കുത്തിവെച്ചു.

മാ. അമ്മ:—രക്തം കുത്തിവെച്ചോ! അതെവിടെ നിന്നാണു്?

ശശികല:—ആശുപത്രിയിൽ സ്റ്റോക്കുണ്ടമ്മേ.

വിജയൻ:—(സപരിഹാസം) സ്റ്റോക്കുള്ളതും ടിക്കറ്റുള്ളതുമൊന്നുമല്ല. അനിയൻ്റെ ദേഹത്തിൽ നിന്നെടുക്കുകയാണു ചെയ്തതു്.

മാ. അമ്മ:—ഈശ്വരാ രക്ഷിക്കു!

വിജയൻ:—ഇത്രയേയുള്ളു വിശേഷം. ഇനി ഞാൻ വീട്ടിലൊന്നു പോയേച്ചു വേഗം വരാം ഗോവിന്ദപ്പിള്ളച്ചേട്ടനോടും വിശേഷം പറയൂ. അദ്ദേഹം എവിടെ പോയേക്കുകയാ?

മാ. അമ്മ:—അമ്പലത്തിൽ പോയേക്കുകയാ. മകൻ്റെ സുഖക്കേടു മാറാൻ.

വിജയൻ:—[പുഞ്ചിരിയോടെ] കൊള്ളാം. ഞാനിറങ്ങട്ടെ. പോകുന്നു.

—കർട്ടൻ—

## രംഗം 3

(ശ്രീമംഗലം ഭവനം. രണ്ടാം രംഗത്തിലെ സംഭവം കഴിഞ്ഞിട്ടു ഒരാഴ്ച കഴിഞ്ഞു. സമയം ഉച്ചകഴിഞ്ഞു് മൂന്നുമണി.

വേണു, അനിയൻ, വിജയൻ എന്നിവർ പൂമുഖത്തു ഓരോ കസാലകളിൽ ഇരുന്നു വർത്തമാനം പറയുന്നു.)

വിജയൻ:—[അനിയനോടു്] അപ്പോൾ വക്കീൽ സാറിനു് ഇന്നു തന്നെ പോകണമല്ലെ.

അനിയൻ:—വേണം.

വേണു:—അനീ! നാളെ രാവിലെ പോയാൽ പോരെ.

അനിയൻ:—ഇനിയും ഞാനെന്തിനു താമസിക്കുന്നു. ഇന്നു വൈകിട്ടു പോയാൽ എനിക്കു മററന്നാൾ ക്ലാസ്സിലും കയറാം.

[മാധവിയമ്മയും ഗോവിന്ദപ്പിള്ളയും പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേല്ക്കുന്നു.]

മാ. അമ്മ:—അനിയാ! ഡാക്ടർക്കെന്തു കൊടുക്കണം?

അനിയൻ:—ഒന്നും കൊടുക്കേണ്ടാ.

ഗോവിന്ദപ്പിള്ള:—ഉം.....ം അതെന്താ?

വേണു:—അനീ! ഡാക്ടർക്കു് ഫീസ് നീ കൊടുത്തുവല്ലെ.

അനിയൻ:—കൊടുത്തു; പക്ഷെ വാങ്ങിച്ചില്ല.

മാ. അമ്മ:—അതെന്താ! തിരുവനന്തപുരത്തുള്ള ഡാക്ടർമാർക്കൊന്നും പണത്തിനാർത്തിയില്ലേ?

അനിയൻ:—ആർത്തിയില്ലാത്തിട്ടല്ല; ആ ഡാക്ടർ ഞങ്ങളുടെ പ്രിൻസിപ്പാളിൻ്റെ ഒരു 'കസിൻ' ആണു്. തന്മൂലം അദ്ദേഹം ഫീസ് വാങ്ങിച്ചില്ല. പക്ഷെ വേണു! വിജയൻ നിനക്കുവേണ്ടി ചെയ്തതോർക്കുമ്പോൾ, വാസ്തവം പറഞ്ഞാൽ എനിക്കസൂയ തോന്നുന്നു.

# “അവനും ഒരു വല്യപുള്ളിയാ”

വിനോദലേഖനം

(ഒരു ഗവേഷണം)

ഉട്ടോപ്പിയൻ സർവ്വകലാശാലയിൽ ലേഖകൻ ഈ “തീസിസ്” സമർപ്പിക്കുകയും ഡോക്ടർ ബിരുദം സമ്പാദിക്കുകയും ചെയ്തു. ഇദ്ദേഹം ഇപ്പോൾ “പുള്ളി ഗവേഷണക്കമ്മീഷന്റെ” അദ്ധ്യക്ഷനായി നിയമിതനായിരിക്കയാണെന്ന കാര്യം പ്രത്യേകം പ്രസ്താവയോഗ്യമാണ്. പ.

“അവളൊരു വല്യപുള്ളിയാ”

“അതെന്താ ? ”

“ഞാനന്നു മൂന്നു പ്രാവശ്യം തിരിഞ്ഞു തിരിഞ്ഞു നോക്കി. അപ്പോഴെല്ലാം അവളെന്നെ നോക്കിക്കൊണ്ടിരിക്കുവാരുന്നു. ഹൂം അവളുടെ ഒരു നോട്ടം ! ”

\+ + + + +

“അവനൊരു വല്യപുള്ളിയാ”

“അതെന്താ ? ”

“ഞാൻ നോക്കിയപ്പഴേ അവനൊന്നു മൂന്നു പ്രാവശ്യം തിരിഞ്ഞു തിരിഞ്ഞു നോക്കി. ഹൂം അവന്റെ ഒരു നോട്ടം. ”

\+ + + + +

---

വേണു:—അതെന്താ ?

വിജയൻ:—[ഉണ്ടായ ആനന്ദം അടക്കി] വക്കീൽ സാറെ! ഒന്നു ചുമ്മാതിരിക്കാമോ....

അനിയൻ:—വേണു ! നിനക്കു രക്തം പോരാഞ്ഞിട്ട് വിജയന്റെ ദേഹത്തിൽ നിന്നാണ് എടുത്തത്.

മാ. അമ്മ:—എന്ത് ! അനിയന്റെ ദേഹത്തിൽ നിന്നും രക്തമെടുത്തെന്നാണല്ലോ വിജയൻ ഇവിടെ പറഞ്ഞത് !

[വിജയനെ നോക്കുന്നു. വിജയൻ പുഞ്ചിരിച്ചുകൊണ്ടു തല കുനിക്കുന്നു.] അമ്പടാ മിടുക്കാ നീ എന്തൊരു കള്ളവാണ് പറഞ്ഞത്.

[ശശികല കാപ്പിയുമായി പ്രവേശിക്കുന്നു. എല്ലാവരും കാപ്പി കുടിക്കുന്നു.]

വിജയൻ:—[വാച്ചിൽ നോക്കിക്കൊണ്ട്] മണി നാലാവാറായി. എനിക്കു ഇപ്പോൾ കോളേജിൽ പോകണം. [എഴുന്നേല്ക്കുന്നു.]

ശശികല:—ഉം....ഇന്നെന്താ ശനിയാഴ്ചയായിട്ടു കോളേജിൽ.

വിജയൻ:—ഇന്നു ഞങ്ങളും ‘ഡിസ്ട്രിക്റ്റ് പോലീസു’മായിട്ട് ഒരു ‘ഫുട്ബാൾ മാച്ചു’ണ്ട്. നാലേമുക്കാലിനു കളി തുടങ്ങും.

അനിയൻ:—ശരി. എന്നാൽ നമുക്കൊന്നിച്ചിറങ്ങാം. [എഴുന്നേല്ക്കുന്നു.]

വേണു:—ഞാനും വരാം. വെയിലാറിയല്ലോ. വിജയന്റെ കളിയും ഒന്നു കാണാം.

വിജയൻ:—കളികണ്ടാൽ പോരാ. സമ്മാനവും തരണം.

വേണു:—തീർച്ചയായിട്ടും.

അനിയൻ:—[മാധവിയമ്മയോടും ഗോവിന്ദപ്പിള്ളയോടും] എന്നാൽ ഞങ്ങളിറങ്ങട്ടെ. ഇനി ഞാൻ വരുന്ന ‘വെക്കേഷനു’ വരാം. വീട്ടിൽ ചെന്നു ഉടൻ തന്നെ പോകുകയാണ്.

[മൂന്നു പേരും പുറപ്പെടുന്നു.]

മാ. അമ്മ:—(ഉറക്കെ) മോനേ വേണു! തണുത്ത കാറ്റൊന്നും കൊള്ളരുതേ.

ഗോവിന്ദപ്പിള്ള:—എടീ ! അവനെ കാലന്റെ വായിൽനിന്നും രക്ഷിച്ചവരല്ലേ കൂടെയുള്ളത്. പിന്നെന്തിനു പേടിക്കണം.

ശശികല:—അമ്മേ ! അപ്പോൾ ചേട്ടനും വിജയേട്ടനുമായി രക്തബന്ധമുണ്ടായല്ലോ.

ഗോവിന്ദപ്പിള്ള:—എല്ലാം ഭഗവാന്റെ കളി! അവർ രണ്ടുപേരും നന്നായിവരും. എന്റെ ശിഷ്യന്മാരാണവർ.

—കർട്ടൻ—

## SPORTS CHAMPIONS FOR THE YEAR 1957–58



Elizabeth Thomas



N. Sukumara Pillai

## THE CHACKO HOSTEL CRICKET TEAM
### WINNERS OF THE INTER-HOSTEL TOURNAMENT



*Bottom row:* K. C. Jacob ; M. S. Samuel ; P. V. Punnose ; V. E. Eapen.
*Middle row:* M. A. Joy (Ath. representative) ; P. T. Thomas M. A. (Warden); T. M. Alexander Vaidian (Captain) ; Rev. C. J. Bell M. A. (Warden) ; T. S.Simon (Hostel Secretary).
*Top row:* Chathan (Hostel boy) ; K. George ; A. M. Mathew ; C. E. John ; Thomas James ; Paulose P. Kunnath ; George Verghis and T. E. George.

## ATHLETICS TEAM



*Sitting*: P. V. Ninan; N. Sukumaran; T. B. Thomas (Principal); K. Paul (Sports Captain); C. P. Andrews (Physical Director).

*Standing*: Alexander Abraham; Pappy Varghese; R. Baskaran Nair; George Koshy; K. Ouseph; George Abraham; Varghese Varghese; Mohammed (Games boy).

## VOLLEYBALL TEAM



*Sitting*: C. P. Andrews (Physical Director); Varghese Varghese (Captain); T. B. Thomas (Principal); John Philip; P. M. Mathai (President).

*Standing*: Mathai Mathew; M. D. Devasy; P. T. John; P. V. Ninan; George Koshy; Alexander Abraham; John Joseph.

അവരില്ലാരു 'പുള്ളി'യാണെന്ന് അവന് തോന്നി. അവനൊരു "പുള്ളി"യാണെന്ന് അവർക്കു തോന്നി. എന്താ കാരണം ? അവരുടെ നോട്ടം മൂന്നുപ്രാവശ്യം കൂട്ടിമുട്ടി. രണ്ടുപേരും നോക്കിയിട്ടല്ലേ കണ്ടത്. പക്ഷേ സ്വയം പുള്ളികളാണെന്ന് അവർക്ക് രണ്ടുപേർക്കും തോന്നിയില്ല.

"എന്താണീ പുള്ളിയെന്നു പറഞ്ഞാൽ?" എന്നാണു എടുത്തു ചോദിക്കുക. അയാൾ പറഞ്ഞു തുടങ്ങും." ഒ് ഹ്—ആള്……അതങ്ങനാ"! എന്നുകൂടി നിർബന്ധിച്ചു ചോദിക്കുക "അവനേ……ഹ്—ഒ്…." എന്നു രണ്ടു മൂളലുകളും ചില വ്യാക്ഷേപകസ്വരങ്ങളും പുറപ്പെടുവിക്കും. "അതങ്ങനായിട്ടാ, എനിക്കറിയത്തേയില്ല !" എന്നു പറഞ്ഞവസാനിപ്പിക്കും. "അല്ലതെ എന്തു പറയാനാ" നമുക്കും തോന്നിപ്പോകും.

പക്ഷേ ആലോചിച്ചു നോക്കിയാൽ വളരെയുണ്ട്. സാധാരണജീവിതക്രമത്തിന്റെ *പരിധിയിൽ നിന്നും ഒരല്പം സ്വാതന്ത്ര്യം കാണിച്ചാൽ അവനെ ഒരു പുള്ളിയായി ആളുകൾ മുദ്രയടിക്കും. ഒരു വെള്ളക്കടലാസിലെ കറുത്തപുള്ളി മനുഷ്യരുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കും.

ഒരു മനുഷ്യനിലുള്ള പ്രബലമായ ശക്തികളിലൊന്നാണ് പ്രസിദ്ധനാകുവാനുള്ള അ

*കെ. പി. കേശവമേനവന്റെ "ജീവിതചിന്തകൾ" അദ്ധ്യായം 4. വരി 18.

ഭിവാഞ്ഛ. വലിയ ആക്ഷീണപരിശ്രമമൊന്നും കൂടാതെ ഒരുവൻ പ്രസിദ്ധനാകാൻ ശ്രമിക്കുമ്പോൾ— അവന്റെ വിക്രിയകൾ കാണുമ്പോൾ—സാധാരണക്കാരന് തോന്നും അവനൊരു "പുള്ളി"യാണെന്ന്.

സന്ദർഭത്തിനനുസരിച്ച് ഈ പദത്തിന്റെ അർത്ഥം മാറിക്കൊണ്ടിരിക്കും. ഒരു കള്ളന്റെ കയ്യിലും, വേലക്കാരിയുടെ കയ്യിലും, കൊലപാതകിയുടെ കയ്യിലും, ഡോക്ടറുടെ കയ്യിലും ഒരേ കത്തി തന്നെയിരുന്നാലും അതു കാഴ്ചക്കാരിൽ വളരെ വ്യത്യസ്തങ്ങളായ വികാരങ്ങളാണല്ലോ ഉളവാക്കുന്നത്. അതുപോലെ പുള്ളിയുടെ അർത്ഥം സന്ദർഭാനുസരണം മാറിക്കൊണ്ടിരിക്കും.

"എടാ വല്യ "പുള്ളി"കളിക്കാതെ നീ എന്തായാലും ആ പഴയ പാച്ചു അണ്ണന്റെ മോനല്ലിയോ ?"

ബിരുദധാരിയായ ഒരു യുവാവിനോട് ഒരാൾ ചോദിച്ചു. "അപ്പനിവിടുണ്ടോ കുഞ്ഞേ ?" മറുപടി. "ഓ—പുള്ളിക്കാരൻ അപ്പുറത്തെങ്ങാനും കാണും. !"

ഈ ലേഖകൻ രണ്ടു കോളേജു വിദ്യാർത്ഥിനികളെ, ഓണം അവധിക്കു വീട്ടിലേക്കുപോകുന്നവഴി, എറണാകുളത്തുവെച്ച്, കാപ്പികുടിക്കാൻ വിളിച്ചുകൊണ്ടു പോകേണ്ടതായി വന്നു. അല്പം ദൂരെ സ്ഥലം പിടിച്ചിരുന്ന അവരുടെ സംഭാഷണത്തിന്റെ ഒരു ഭാഗം ഈ വിനീതലേഖകന് കേൾക്കാനുള്ള ഭാഗ്യമുണ്ടായി.

"അവനൊരു വല്യ പുള്ളിയാ" ഒരുവൾ പറഞ്ഞു.

"ആരാ ?" അനിയന്ത്രിതമായി ലേഖകൻ ചോദിച്ചു പോയി.

അതു പറഞ്ഞ പെൺകുട്ടിയുടെ മുഖത്ത് ഒരു നിറഭേദവും "ശ്ശോ" എന്നൊരു ശീൽക്കാരവും അല്പനേരം മൗനം അവലംബിച്ചിട്ട് വീണ്ടും ഒരു കപടധൈര്യത്തോടുകൂടി അവൾ പറയുകയാണ്. "ആ സക്കറിയാസ്" കെ. പി. സക്കറിയാസിനെ അറിയില്ലേ !" ക്ലാസ്സിം പറഞ്ഞു. ഞാനും പറഞ്ഞു, ലേഖകനു മനസ്സിലായില്ല. "അതെന്താ ?" എന്നു ചോദിച്ചുമില്ല. പക്ഷേ അദ്ഭുതമെന്നേ പറയേണ്ടു ഈ സക്കറിയാസും ആ പെൺകുട്ടിയും കൂടി ഒരുമിച്ചാണ് അവധികഴിഞ്ഞശേഷം കോളേജിലേക്കു പുറപ്പെടുന്നതും യാത്ര ചെയ്യുന്നതും. ഈ വിനീത ലേഖകൻ അദ്ഭുതം നിറഞ്ഞ മിഴികളോടുകൂടി അവരെ നോക്കിനിന്നു. "പുള്ളി"കൾ പെൺകുട്ടികൾക്കു ആരാധ്യരാണോ ?

ഭാര്യ ഭർത്താവിനെപ്പറ്റി ഇങ്ങനെ പറഞ്ഞെന്നു വരാം. പക്ഷേ "പുള്ളിക്കാര"നെന്നായിരിക്കും. "പുള്ളിക്കാരൻ ഇപ്പം ഇവിടെനിന്നു പള്ളിയേക്കുപോയതേയുള്ളു. എന്താണെന്നൊട്ടു തിരിഞ്ഞു. ഉടനെ വരുമായിരിക്കും. എന്തായാലും കേറിയിരുന്നാട്ടെ" ഭർത്താവിനെ അന്വേഷിച്ചുവന്ന ഒരു അതിഥിയോടു ഭാര്യ പറയുകയാണ്. ആ സ്ത്രീക്കു കുഞ്ഞുങ്ങളുണ്ടായിരുന്നെങ്കിൽ "പിള്ളേരുടെ അപ്പൻ" എന്നു പറയുമായിരുന്നു. എന്തു ചെയ്യാം. പിന്നെ ഒരു രഹസ്യമെങ്ങനാ, അന്യനോടു പറയുന്നതു്. അതുകൊണ്ടു "ഈ വയറ്റിൽകിടക്കുന്നതിന്റെ അപ്പൻ" എന്നു പറഞ്ഞില്ല. അതങ്ങ

ന്നെയുള്ള പ്രത്യേക സാഹചര്യത്തിൽ "പുള്ളിക്കാരൻ" ആ സ്ത്രീയെ സഹായിച്ചു.

ഭർത്താക്കന്മാരും അവരുടെ ഭാര്യമാരെപ്പറ്റി "പുള്ളിക്കാരത്തി" എന്നുപയോഗിക്കാറുണ്ട്. ഒരു കൂട്ടം ഭർത്താക്കന്മാർ അവരുടെ ഭാര്യമാരുടെ ഗുണവിശേഷങ്ങളെപ്പറ്റി പ്രശംസിക്കുകയായിരുന്നു. ഒരാൾ പറഞ്ഞു "എന്റെ പുള്ളിക്കാരത്തീടെ തലമുടി അഴിച്ചിട്ടാൽ കാലിന്റെ മുട്ടുംകവിഞ്ഞു കിടക്കും" വേറൊരു രസികനായ ഭർത്താവു തട്ടിവിട്ടു:—"നമ്മുടെ പുള്ളിക്കാരത്തീടെ തലമുടി അഴിച്ചിട്ടാ താഴെക്കിടക്കും." എന്താണെന്നല്ലേ! രണ്ടുതിരുപ്പനാ അവരുടെ തലേ "ഫിറ്റു" ചെയ്തിരിക്കുന്നത്! "

ഒരു പോസ്റ്റുമാനെ ചൂണ്ടിക്കാട്ടിക്കൊണ്ടു മറിയാമ്മച്ചേടത്തി നാണിയമ്മയോടു പറഞ്ഞു. "നമ്മുടെ രാമച്ചോവന്റെ വടക്കേലെ കല്യാണി ഈയിടെ "പുള്ളിക്കാരനു"മായിട്ടു ഇമ്മിണി അടുപ്പത്തിലാ:—എന്നു പറഞ്ഞാ ഇമ്മിണി സ്നേഹത്തിലാ: അസംബന്ധം."

"ആ വീപ്പക്കുറ്റിപോലിരിക്കുന്ന പുള്ളിക്കാരത്തീടെ പുള്ളിക്കാരനാണോ ഈ കഴുക്കോലുപോലത്തെ പുള്ളി" ഒരാൾ പറഞ്ഞു.

"അദ്ദേഹം" എന്നു പറയത്തക്ക ബഹുമതിയുള്ള ആളല്ല രാമൻനായർ. അയാളെന്നു പറയാനും വിഷമമുണ്ട്. "ചേട്ടാ" എന്നു വിളിക്കാനും പ്രയാസമുണ്ട്. അപ്പോൾ രാമൻനായരെപ്പറ്റി മറ്റൊരാളിനോടു അയാളുടെ മുമ്പിൽവെച്ചു സംസാരിക്കേണ്ടതായി വരുമ്പോൾ "അദ്ദേഹത്തിനും" "അയാൾക്കും" ഇടയ്ക്കു "പുള്ളി" കയറിവന്നു പറയുന്ന ആളിനെ സഹായിക്കും.

പൊതുവേ വിവിധ അർത്ഥങ്ങളിലാണെങ്കിലും ഒരു സർവ്വനാമമായിട്ടാണ് "പുള്ളിയെ ഉപയോഗിച്ചു കാണുന്നത്. ഈ "പുള്ളി" അതിപുരാതനമായിരുന്ന, സുപ്രസിദ്ധമായിരുന്ന "പുള്ളിക്കുടുംബ"ത്തിലെ ഒരംഗമാണ്. പല ഗോത്രങ്ങളുള്ളതിൽ ഒന്നിന്റെ തായ്‌വഴിയിൽപ്പെട്ടയാളാണ് "പുള്ളി"

കൊച്ചുപുള്ളി, ചിറ്റുപുള്ളി, വല്യപുള്ളി, ഭയങ്കരപുള്ളി, കാന്തപുള്ളി, കട്ടൻപുള്ളി, അസാദ്ധ്യപുള്ളി, ജയിൽപുള്ളി, തുടങ്ങി ധാരാളം ആളുകളെപ്പറ്റി അറിയാൻ കഴിഞ്ഞു.

അതിപുരാതനമായ കുടുംബത്തിലെ പ്രധാനികളായ ഇവരിൽ ചിലർ "പനയന്നാർകോട്ട്" താമസിച്ചുവരവേ ഏഴാം നൂറ്റാണ്ടിൽ ഉണ്ടായ ജലപ്രളയംമൂലം ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിതറപ്പെട്ടുവെന്നും ശ്രീ വള്ളുവപ്പുഴമഠത്തിലെ എട്ടുകെട്ടിനടിയിലെ നിലവറക്കുള്ളിൽനിന്നും, കണ്ടുകിട്ടിയ ഒരു താളിയോലഗ്രന്ഥത്തിൽ കാണുന്നു. കൂടെ കുറെ തോലിൽ ചുവന്ന നിറത്തിലുള്ള ചില ചിത്രങ്ങളും കണ്ടു കിട്ടിയിട്ടുണ്ട്. [ഈ ചിത്രങ്ങൾ ഷേക്സ്പിയർ മാവേലിക്കരയ്ക്കടുത്തുള്ള കരിപ്പുഴ എന്ന സ്ഥലത്തു പരീത് എന്ന മഹമ്മദീയന്റെ "ഷേക്ക്" എന്നുള്ള പുത്രനാണെന്നു സമർത്ഥിച്ചിരിക്കുന്നു.]

പുള്ളിക്കുടുംബത്തിലെ "കടിഞ്ഞൂൽപ്പൊട്ടായ" മൂത്തമകനാണ് "ചിറ്റുപുള്ളി" അവൻ ഒരു പെണ്ണായിരുന്നെങ്കിൽ അവളെ കൊച്ചുപുള്ളി എന്നു വിളിക്കേണമായിരുന്നു.

"അവനൊരു ചിറ്റുപുള്ളിയാ, ചെറുക്കനു പത്തുപന്ത്രണ്ടു വയസ്സു ഒള്ളെങ്കിലും ദൈവസം അവനു അരച്ചക്രത്തിന്റെ ബീഡി വേണം. ആ കള്ളുഷാപ്പു മാനേജരുടെ മോന്റെ കൂടാ നടപ്പ്. ആ തിരുസന്ധ്യക്കു ആ പാലത്തിന്റെ കമ്പിയേലുള്ള ഇരുപ്പു ശ്രദ്ധിച്ചിട്ടുണ്ടോ? അവനൊരു ചിറ്റുപുള്ളിയാ. സൂക്ഷിച്ചോ അവനു തന്നെ കൊള്ളാം."

"അവളൊരു 'കൊച്ചുപുള്ളിയാ' ആളുടെ ഒള്ളെല്ലും മൊട്ടേലേ അറിയാത്തതാ മൊളങ്ങുന്നത്. അവളുടെ അട്ടഹാസോം വർത്താനോം അൽപം പെശകാ. സൂക്ഷിച്ചില്ലേൽ പെഴച്ചുപോകാനിടയുണ്ട്." ഒരു വിടനും തൻമൂലം സന്മാർഗ്ഗത്തിന്റെ കാവൽക്കാരനുമായ ഒരുവൻ പറഞ്ഞു.

അടുത്ത അംഗമാണ് 'കാന്തപുള്ളി' "അവളൊരു കാന്തപുള്ളിയാ! അതെന്താ? പണ്ട് യേശുക്രിസ്തു പറഞ്ഞതുപോലെ അവൾക്കു അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. ഇപ്പോഴുള്ള വേലായുധനാ അവളുടെ ഭർത്താവല്ല." "അവൾക്കതിനു അത്ര സൌന്ദര്യം മറ്റുമില്ലല്ലോ?" "അതു ജൊമ്പഴത്തു അവള് കാന്തപുള്ളിയാണ്"

"അവനും ഒരു കാന്തപുള്ളിയാ" ഉം? അവനെ ഒന്നു ഒതുക്കാൻ (കബളിപ്പിക്കാൻ) പലരും നോക്കിയതാ; ഒരു പ്ലാനും അവന്റടുത്തു നടക്കുകേല്ല. അതുകൊണ്ടാ ഞാ പറഞ്ഞത്."

"അടുത്ത അംഗം കട്ടത്തപ്പുള്ളിയാണ്". "ആ ശങ്കരൻെറ അമ്മ കാറുകേറി ചതഞ്ഞരഞ്ഞു കെടക്കുന്നു—അവൻെറ പെങ്ങളാണേ കാല്യ രണ്ടും ഒടിഞ്ഞു. അവളുടെ കൊച്ചാണെങ്കി ദൂരെ തെറിച്ചുപോയി. ആ കാറപകടത്തി പറ്റിയതാ, എന്നിട്ടു് എ—ഹേ! അവൻെറ കണ്ണീന്ന് ഒരു തുള്ളി കണ്ണുനീര് വരണമല്ലോ? അവനൊരു കട്ടത്തപ്പുള്ളിയാ.

ഏറ്റം പ്രധാനിയായ വേറൊരു അംഗമാണ് അസാദ്ധ്യപ്പുള്ളി.

"ആശാനേ: പലതും പല വേലകൾ ഇറക്കി നോക്കിയതാ. അവനെയൊന്നു പിടികൂടാൻ ഒരു പണീം പറ്റില്ല അവൻെറടുത്ത്. ചെളിയിലുള്ള ഒരുതരം മീനില്ലേ! "ആരകൻ" അതുപോലെ തെന്നിയങ്ങു പോകും. നാട്ടുകാരെയെല്ലാം വെട്ടിലാക്കേം ചെയ്യും."

ഈ അസാദ്ധ്യപ്പുള്ളിയുടെ ഗോത്രത്തിൽ പെട്ട ഒരുവനെ ലേഖകനു അറിയാം. അവൻെറ വീട്ടിൽ ഒരു കല്യാണത്തിൻെറ ക്ഷണനക്കത്തു കിട്ടി. അവനും ചേട്ടനും മാത്രമേയുള്ളു പോകാൻ. പുള്ളിക്കാരനു പോകുകയും വേണം. അതിനു ചേട്ടനോട് പറഞ്ഞ വാചകമാണ്.

"ചേട്ടാ കോയിക്കോന്ന്" കല്യാണത്തിനു വിളിച്ചിരിക്കുന്നു. നമുക്കു വേലി കെട്ടുകേം വേണം. അതുകൊണ്ടു ഒന്നുകിൽ ചേട്ടൻ വേലികെട്ട് ഞാൻ കല്യാണത്തിനു പോകാം അല്ലെങ്കിൽ ഞാൻ കല്യാണത്തിനു പോകാം ചേട്ടൻ വേലികെട്ട്." ഇവനാണ് അസാദ്ധ്യപ്പുള്ളി. ഇയാൾ തന്നെ പക്കാപ്പുള്ളിയെന്നപേരിലും അറിയപ്പെടുന്നു.

അങ്ങനെ പ്രധാന കുടുംബാംഗങ്ങൾ കഴിഞ്ഞാൽ അപ്രധാനരായ ചില അംഗങ്ങൾകൂടെയുണ്ട്. അവരെല്ലാം ഈ ഗോത്രങ്ങളിൽ നിന്നും പൊട്ടിത്തെറിച്ചുണ്ടായവരാണ്. വല്യപ്പുള്ളി, ഭയങ്കരപ്പുള്ളി, ജയിൽപ്പുള്ളി, ഇവരെല്ലാം ഈ വിഭാഗത്തിൽ പെടുന്നു.

ബാർബർ ഷാപ്പിൽ ഒരുവൻ ഒരു തലയാണെങ്കിൽ, ഹോട്ടലിൽ ഒരു ഊണാണെങ്കിൽ, ബസ്സിൽ ടിക്കറ്റാണെങ്കിൽ ഒരു മനുഷ്യൻ ജയിലിൽ ഒരു "പുള്ളി"യാണ്. ഇദ്ദേഹം മോഷണത്തിനും കൊലപാതകത്തിനും അസാരം രാഷ്ട്രീയത്തിനും വിരുതനാണ്.

ഈ നൂറ്റാണ്ടിൽ, നമ്മുടെ ജീവിതത്തിൽ ഇത്തരക്കാർ പലരേയും കണ്ടുമുട്ടാറുണ്ട്. തിരിച്ചറിയാൻ പ്രയാസമുണ്ടെന്നു മാത്രം. സാരമില്ല. [നടന്നുകൊണ്ടിരിക്കുന്ന ഗവേഷണം ഈ ഭാഗത്തു കൂടുതൽ വെളിച്ചം വീശിയേക്കാം]

മലയാളഭാഷയിൽ പുള്ളിക്കു വലിയ സ്ഥാനമുണ്ട്. പുള്ളിയെന്നു പറഞ്ഞാൽ "്" ആണ്. ഊർജ്ജതന്ത്രമനുസരിച്ചു നോക്കിയാൽ ഒരു തുലാമിനെക്കാൾ (beam) ഒരു ആർച്ചി (arch) നാണ് ബലമെന്നു കാണാം. ഗേറ്റിൻെറ തൂണുകൾക്കു മുകളിൽ കുറുകെ ആർച്ചാണെങ്കിൽ തുലാമിനെക്കാൾ എത്രമടങ്ങു ബലമായിരിക്കും! മനുഷ്യൻെറ തലയുടെ ഉരുണ്ട ആകൃതിയുടെ സൌകര്യം പരക്കെ അറിവുള്ളതാണല്ലോ. ഒരു പുള്ളി (്) എടുത്തു പരിശോധിച്ചു നോക്കിയാൽ പല ആർച്ചുകൾ ചേർന്നുണ്ടായിട്ടുള്ളതാണെന്നു കാണാം. തൻമൂലം പ്രതികൂലസാഹചര്യങ്ങളെ ധൈര്യത്തോടുകൂടി നേരിടുന്നതിനും ആകൃതി സൌകര്യംകൊണ്ട് ആളുകളെ ആകർഷിക്കുന്നതിനും "പുള്ളി"കൾക്കു കഴിയുമെന്നു സിദ്ധിക്കുന്നു. പുള്ളിക്കുടുംബത്തിൻെറ അടിസ്ഥാനലക്ഷണമായ "വക്രത" ഇതിനുണ്ടെന്നുള്ളതു് അക്ഷരവും അർത്ഥവും തമ്മിലുള്ള ബന്ധത്തിനു കൂടുതൽ ഉപോൽബലകമാണ്.

എള്ള് ആട്ടി എണ്ണയെടുക്കുന്ന "ചക്ക"ണ്ടല്ലോ. അതിനെ വളരെ ഭാരം കുറഞ്ഞതും വിലപിടിപ്പുള്ളതുമായ ഒരു ബാങ്ക് ചെക്കാക്കി മാറ്റാൻ ഒരു പുള്ളിക്കു കഴിയും. ഒരു ദേശത്തിൻെറ അഭിമാനസ്തംഭമായ "കൊടി"യിൽനിന്നും പുള്ളി എടുത്തുമാറ്റിയാൽ അതു വെറും 'കാടി"യായി മാറിപ്പോകും. "ചമ്പനെ" ചെമ്പനാക്കാനും, "പട്ടി"യെ 'പെട്ടി' യാക്കാനും പുള്ളിക്കു സാധിക്കും. ഒരു പുള്ളി പിണങ്ങിമാറിയാൽ എത്ര വലിയ "പൊളി"യും വെറും "പാളി"കളായി രൂപാന്തരപ്പെടും.

ഒരറ്റത്തുമാത്രം വളവുള്ള പുള്ളിയുടെ അടുത്ത ബന്ധുവായ ഒരു ഭയങ്കരനുണ്ട്. കെട്ടുപുള്ളി (േ) ഇവനും ചില അത്ഭുതസിദ്ധികളുണ്ട്. രംഗത്തെ രോഗമാക്കി മാറ്റാനും, പാവപ്പെട്ട "ചാരനെ" "ചോരനാക്കി"ത്തീർക്കാനും കെട്ടുപുള്ളിക്കു കഴിയും. ഇയാൾ പിണങ്ങിമാറിയാൽ പലരുടെയും "കോലം" "കാല"ത്തിൻെറ കരാളഹസ്തങ്ങളിൽപ്പെട്ടു ഞെരിഞ്ഞമർന്നു പോകും. ഇയാളില്ലെങ്കിൽ

# പെരിങ്ങൽക്കുത്തിലേക്കൊരുല്ലാസ യാത്ര

(കെ. [illegible] III u. c. Econs)

അതു് അവിസ്മരണീയമായ ഒരു യാത്രയായിരുന്നു. പലതും അറിയാനും പഠിക്കാനും ഞങ്ങൾക്കു സാധിച്ചു. നയനാനന്ദകരമായ കാഴ്ചകളാണു് ഞങ്ങൾക്കു സ്വാഗതമരുളിയതു്: പൊട്ടിച്ചിരിച്ചുകൊണ്ടു മന്ദഗമനം ചെയ്യുന്ന കാട്ടാറുകളും ധൂമപടലം കണക്കു പാഞ്ഞുവീഴുന്ന വെള്ളച്ചാട്ടങ്ങളും, കുററിച്ചെടികളും വൻ വൃക്ഷങ്ങളും ഇടകലർന്ന കാടുകളും, പച്ചപ്പട്ടു് വിരിച്ചപോലുള്ള നെൽപ്പാടങ്ങളും ഭാവനയെ ഇക്കിളിപ്പെടുത്തുന്നവയായിരുന്നു.

ആഗസ്റ്റു മാസം 8-ാം തീയതി വെളുപ്പിനു മൂന്നരമണിക്കാണു് ഞങ്ങൾ ഹോസ്റ്റലിൽനിന്നും യാത്രയായതു്. അഞ്ചുമണിക്കുള്ള ട്രെയിനിൽ പോകണമെങ്കിൽ മൂന്നുമണിക്കു ഒരുക്കമെല്ലാം കഴിഞ്ഞിരിക്കണമെന്നു് വാർഡൻ താക്കീതു നല്കിയിരുന്നു. യാത്രയെപ്പററി ചിന്തിച്ചുകൊണ്ടു കിടന്നതുകൊണ്ടു് തീരെ ഉറങ്ങിയില്ലെന്നു തന്നെ പറയാം. മൂന്നു മണിക്കു് അലാറം ശബ്ദിച്ചു. ആദ്യം ഉണർന്നവർ മററുള്ളവരെ ഉണർത്തി. ദിനകൃത്യങ്ങൾ എല്ലാം ശരിക്കു കഴിയാതെ—കുറെപ്പേർ കുളിച്ചും മററുള്ളവർ കുളിക്കാതെയും—മെസ്സ്ഹാളിലേയ്ക്കു് ഒരു തള്ളിക്കയററം തന്നെ നടത്തി. ഏത്തപ്പഴവും ഉണക്കറൊട്ടിയും പാലുവെള്ളവും കുറെ ഉള്ളിലാക്കി. മൂന്നരമണിക്കു് ഞങ്ങൾ ഹോസ്റ്റൽ വിട്ടിരുന്നു. ആലുവാ റെയിൽവേ സ്റ്റേഷനിലെത്താൻ രണ്ടു മൈൽ നടക്കണം. പക്ഷെ കുളിരും ബഹളവും വെച്ചുള്ള ആ നടത്ത സുഖപ്രദമായിരുന്നു. പരസ്പരം പരിഹസിക്കലും, ആർപ്പുവിളിയും സംഗീതവും തുടർന്നുകൊണ്ടേയിരുന്നു. ഞങ്ങളെ നയിച്ചതു് ഞങ്ങളുടെ വാർഡൻ മിസ്റ്റർ തോമസ് മാത്യു എം. എസ്. സി. ആയിരുന്നു. നാലുമണിക്കു തന്നെ എല്ലാവരും റെയിൽവേ സ്റ്റേഷനിലെത്തിയിരുന്നു. ദൗർഭാഗ്യമെന്നു പറയട്ടെ ട്രെയിൻ അന്നു വളരെ വൈകിയാണു് സ്റ്റേഷനിൽ വന്നു ചേർന്നതു്. ഞങ്ങൾക്കു രണ്ടു മണിക്കൂർ അവിടെ കാത്തു നില്ക്കേണ്ടി വന്നു. കണ്ണുകളിൽ ഉറക്കം തളംകെട്ടി നിന്നിരുന്നു. പുറത്തു വെയിലടിക്കുമ്പോൾ മാത്രം ഉണരുന്ന അഗസ്റ്റിയും, ജോയിയും, റോയിയും മററും ഉറക്കത്തിന്റെ ദുരഹസ്യങ്ങളിൽപ്പെട്ടു പിടയുന്നുണ്ടായിരുന്നു. പക്ഷെ അധികനേരം അവർക്കു് ഉറക്കത്തിനടിമപ്പെടേണ്ടി വന്നില്ല. ഏഴുമണിക്കു് ട്രെയിൻ ആലുവാ സ്റ്റേഷനിലെത്തി. വണ്ടിമുറികളിലേയ്ക്കു് ഒരിരമ്പിക്കയററം തന്നെ ഞങ്ങൾ നടത്തി. ഹോസ്റ്റലിലെ കലാപ്രേമികളും സംഗീതവിദഗ്ദ്ധന്മാരുമെല്ലാം ഒരു മുറിയിലാണു് സ്ഥലം പിടിച്ചതു്. അടുത്തു തന്നെ രണ്ടു മൂന്നു് ഇതര യാത്രക്കാരും ഇരിപ്പുണ്ടായിരുന്നു. മദ്ധ്യവയസ്കരായ രണ്ടുപേർ ഞങ്ങളുടെ ആർപ്പുവിളിയിലും സംഗീതത്തിലും അസഹ്യത പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. ഞങ്ങളുണ്ടോ അതു വകവയ്ക്കുന്നു! ട്രെയിൻ ഒരു ചൂളം വിളിയോടു കൂടി മെല്ലെ നീങ്ങി. ഞങ്ങളുടെ വാഗണിൽനിന്നു് ഇടതടവില്ലാതെ സംഗീതവും പ്രവഹിക്കുവാൻ തുടങ്ങി. സംഗീതസാമ്രാട്ടു് അഗസ്റ്റിയും ഗാനകോകിലം ഉമ്മനും നിമിഷകവി

---

“കോമൻ” “കാമനായി” മാറിപ്പോകും. ശ്രദ്ധ വർണ്ണപ്രയോഗിക്കുന്ന “തോരനെ” “താരനക്കി” രൂപാന്തരപ്പെടുത്തും. കെട്ടുപുള്ളിക്കു ഇത്രയും അത്ഭുതശക്തിയുണ്ടെന്നു ഇതിനു മുമ്പു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇല്ല.

ഈ പുള്ളികളെയൊക്കെ നാം കണ്ടിട്ടുണ്ടു്. പക്ഷെ ആരും ശ്രദ്ധിക്കാറില്ല. എന്നാൽ “ഒരു പുള്ളി” ആളുകളുടെ ശ്രദ്ധയെ ആകർഷിച്ചു തുടങ്ങുമ്പോൾ അല്പംപോലും ചിന്തിക്കാതെ നമുക്കു പറയാൻ കഴിയും അവനൊരു (അവൾ) പുള്ളിയാണെന്നു.

[Prof. I. MAGNA, T. I. O. N. ന്റെ വിലയേറിയ നിർദ്ദേശങ്ങൾക്കു അദ്ദേഹത്തോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.]

ഗവേഷകൻ. പി. എം. മാത്യു,

(IV cl. Philossphy.)

ഫലിപ്പം മറക്കാനാവാത്ത കഥാപാത്രങ്ങളാണ്. ഇതിനിടയിൽ ചില വിദ്വാന്മാർ തലസ്സൂരത്തെക്കിട്ട് വഴി പോകുക സ്വന്തം കൊട്ടകളും അവരോട് കുശലപ്രശ്നം നടത്തുകയും ചെയ്തു. പത്തു മണിയോടുകൂടി ഞങ്ങൾ ചാലക്കുടിയിൽ എത്തി. ഇടതടവില്ലാതുള്ള ഉല്ലയെടുക്കലും ഉറക്കവും ഞങ്ങളെ നന്നേ ക്ഷീണിപ്പിച്ചിരുന്നു. അടുത്ത ഒരു ഹോട്ടലിൽ കയറി അല്പം കാപ്പി കുടിക്കാൻ ആരും തന്നെ അശേഷം മടി കാട്ടിയില്ല. കാപ്പികുടി കഴിഞ്ഞു പുറത്തു വന്ന ഞങ്ങളെ ഏറ്റവും ആകർഷിച്ചത് ഒരു കലാപരിപാടിയുടെ 'വാൾപോസ്റ്റർ' ആയിരുന്നു. വിദ്യാഭ്യാസമന്ത്രി മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനോടുള്ള പ്രതിഷേധ ശബ്ദംകൊണ്ട് മുഖരിതമായിരുന്നു ആ അന്തരീക്ഷം. അതിനുവേണ്ടി ആസൂത്രണം ചെയ്ത ഒരു കലാപരിപാടിയിലെ നടന്മാർ 'മുണ്ടോവിസ്കി'യും 'തൊമ്മിലോവും' 'ചാത്തുനോവും' മറ്റുമായിരുന്നു! പനമ്പിള്ളി പരാജയമടഞ്ഞ നിയോജകമണ്ഡലമായിരുന്നു അതെങ്കിലും, കമ്മ്യൂണിസ്റ്റു ഭരണത്തിൽ കലിതുള്ളി വിറയ്ക്കുന്ന, വൈരനിര്യാതനോത്സുകരായ ഒരു വിഭാഗം ജനങ്ങളുടെ ഹൃദയസ്പന്ദനങ്ങളും ഞങ്ങൾക്കവിടെ കേൾക്കാമായിരുന്നു.

പത്തര മണിക്ക് ചാലക്കുടിയിൽ നിന്നും പെരിങ്ങൽക്കുത്തിലേക്കു തിരിച്ച വണ്ടി ഞങ്ങൾക്കെല്ലാം കഷ്ടിച്ചുമാത്രം ഇരിക്കാൻ സൗകര്യമുള്ളതായിരുന്നു. ഞങ്ങളെക്കൂടാതെയും ചില യാത്രക്കാർ ആ വണ്ടിയിലുണ്ടായിരുന്നു. അവർ ചെറുപ്പക്കാരായതുകൊണ്ടായിരിക്കണം ഞങ്ങളുടെ ആർപ്പുവിളികളും കോലാഹലങ്ങളും അവർക്ക് കൗതുകാനന്ദകരമായി തോന്നിയത്. വണ്ടിയിലിരുന്നു പാടിയ പാട്ടുകളെല്ലാം മൂർച്ചയേറിയ പരിഹാസത്തിന്റെയും ഫലിതത്തിന്റെയും മൂടുപടമണിഞ്ഞവയായിരുന്നു. അദ്ധ്യാപകരെ 'കയ്മണി'യടിക്കുന്ന വിദ്വാന്മാരും, വേഷം കടംമേടിച്ചണിഞ്ഞൊരുങ്ങി വന്ന അഴകിയ രാവണന്മാരും കാമുകിമാരെത്തേടി അലഞ്ഞു നടക്കുന്ന സുന്ദരവിഡ്ഢികളും, വെളിച്ചപ്പെടുന്ന വിദ്വാന്മാരും, എസ്. സി. എഫ് മെംബറന്മാരും എന്നു വേണ്ട എല്ലാ വിദ്യാർത്ഥിസുഹൃത്തുക്കളും—ഗാനരചയിതാക്കളായ കവികളടക്കം—ഈ പരിഹാസ കാവ്യത്തിനു ശരവ്യമായിത്തീർന്നു.

പതിനൊന്നു മണിയോടുകൂടി ഞങ്ങളുടെ വണ്ടി ചാലക്കുടി വാട്ടർ വർക്ക്സിന്റെ മുമ്പിൽ നിറുത്തി. അവിടെ ഞങ്ങൾ കണ്ട കാഴ്ച തികച്ചും നയനാനന്ദകരമായിരുന്നു. നദീജലത്തിന്റെ ഒഴുക്കു തിരിച്ച് ജലസേചനത്തിനു പര്യാപ്തമായ നിലയിൽ സജ്ജീകരിക്കുകയാണ് അവിടെ. സിമിന്റുകൊണ്ടു കെട്ടിയ തറയിലൂടെ വെള്ളമൊഴുകി തിരിഞ്ഞു പോകുന്നതു കാണുക ഒരു രസം തന്നെയാണ്. പാറപ്പുറത്തു തട്ടിച്ചിതറി ഒഴുകുന്ന ആ കാട്ടരുവിയും ചുറ്റുമുള്ള മലരണിക്കാടുകളും ഇപ്പോഴും സ്മൃതിപഥത്തിൽനിന്നും മാഞ്ഞിട്ടില്ല. ആ കാഴ്ച അധികനേരം നോക്കിനില്ക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. മറ്റു യാത്രക്കാരുടെ ക്ഷമ പരീക്ഷിക്കാതിരിക്കാൻ വൈമനസ്യത്തോടെയെങ്കിലും ഞങ്ങൾക്കവിടെനിന്നു യാത്ര പറയേണ്ടി വന്നു. വണ്ടി ചാഞ്ഞും ചെരിഞ്ഞും കുതറിയും അതിവേഗത്തിൽ പാഞ്ഞുകൊണ്ടേയിരുന്നു. ചുറ്റും നാനാതരത്തിലുള്ള ചെടികളും വൃക്ഷങ്ങളും, ചലച്ചിത്രത്തിൽ ഫിലിമുകൾ ഓടുന്ന വേഗത്തിൽ കൺമുമ്പിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. പെട്ടെന്നു ഞങ്ങളുടെ വണ്ടി ഒരു തിരിവിൽ നിറുത്തി. പുറത്തേക്കു നോക്കിയപ്പോഴാണ് സുന്ദരമായ ഒരു കാഴ്ച കണ്ടത്. നാനൂറടി ഉയരത്തിൽ നിന്നുള്ള ഒരു വെള്ളച്ചാട്ടം. അതിന്റെ ഭംഗി കടലാസിലേക്കു പകർത്തുക പ്രയാസമാണ്. അനന്യസുലഭവും അകൃത്രിമവുമായ അത്തരമൊരു കാഴ്ച അതിനു മുമ്പു ചലച്ചിത്രത്തിലേ ഞാൻ കണ്ടിട്ടുള്ളു. വളരെ ഉയരത്തിൽനിന്നും ജലം പ്രവഹിക്കുന്നതുകൊണ്ട് ഒരു വെള്ളപ്പുകപോലെയേ നമുക്കു തോന്നൂ. ജലത്തിന്റെ അലകൾ സൃഷ്ടിച്ച ധൂമപടലങ്ങൾക്ക് മഞ്ഞുകട്ടയേക്കാളോ പതഞ്ഞു പൊങ്ങുന്ന തിരമാലകളേക്കാളോ ധാവള്യമുണ്ടെന്നു പറഞ്ഞാൽ അതിശയമാവുകയില്ല. അതു നോക്കി അധികനേരമങ്ങനെ നില്ക്കാൻ തോന്നിപ്പോയി.

കാടും മേടും താണ്ടി വളവും തിരിവും തരണം ചെയ്ത് പതിനൊന്ന് അൻപതിന് ഞങ്ങൾ പെരിങ്ങൽക്കുത്തിലെത്തി. രമണീയമായ ഒരു പ്രദേശമാണത്. പ്രകൃതി സൗന്ദര്യം ആവോളം ആസ്വദിക്കാം. പച്ചക്കുപ്പായമിട്ട് പ്രകൃതിദേവി അണിഞ്ഞൊരുങ്ങി നില്ക്കുകയാണ്; പുറത്തുനിന്നു വരുന്ന അതി

ഗികളെ സ്വീകരിക്കാനായി. ഇടയ്ക്കിടയ്ക്ക്, തലയുയർത്തി നില്ക്കുന്ന കൂററൻ കരിമ്പാറകൾ. അവ ഈ ഭംഗിയ്ക്കു മാററുകൂട്ടി. ഒരേ രീതിയിൽ ചെയ്തിട്ടുള്ള അഞ്ചാറു വീടുകളും ഒരു പോസ്റ്റാഫീസും ഒരു കാൻറീനുമാണ് ആകെ അവിടെയുള്ളതു്. അതു കൂടാതെ വീടുകൾ ഇല്ലെന്നു തന്നെ പറയാം. കളക്ടറുമായി ഇടപാടു ചെയ്തതനുസരിച്ച് ഞങ്ങളെ അവിടമെല്ലാം കാണിക്കുന്നതിനായി ഗവൺമെൻറു വാൻ തയ്യാറായിക്കിടപ്പുണ്ടായിരുന്നു. ആദ്യമായി ഞങ്ങൾ ആനയിക്കപ്പെട്ടതു് പെരിങ്ങൽ അണക്കെട്ടിലേക്കായിരുന്നു. വൈരുദ്ധ്യങ്ങളുടെ ഒരു കാഴ്ചയാണ് അവിടെ കണ്ടതു്. അണക്കെട്ടിൻെറ ഒരുവശത്തു തടഞ്ഞു നിർത്തപ്പെട്ട വെള്ളം ഒരു മരിച്ച മനുഷ്യനെക്കാൾ നിശ്ചലമായി കാണപ്പെട്ടു. എതിർവശത്തു്, കൂട്ടിലടയ്ക്കപ്പെട്ട പക്ഷികൾ തുറന്നു വിടുമ്പോൾ എത്ര ആവേശത്തോടുകൂടി പറന്നു പോകുമോ അതിലും വേഗത്തിൽ വെള്ളം പാഞ്ഞു പോകുന്നു. പതയും നുരയും ഇളകിപ്പാഞ്ഞുപോയ ആ ജലപ്രവാഹം ഞങ്ങളുടെ ക്യാമറാമാൻ' ജോർജ്ജ് തികഞ്ഞ വൈദഗ്ദ്ധ്യത്തോടെ സെല്ലുലോയിഡിലേയ്ക്കു പകർത്തി. അടുത്തു തന്നെ, വൈദ്യുത ശേഖരണത്തിനുള്ള ജലം മേലോട്ടു കടത്തി വിടുന്നതിനു പ്രവർത്തിക്കുന്ന യന്ത്രങ്ങളും കാണാമായിരുന്നു. അവിടെനിന്നു ഞങ്ങൾ യാത്ര തിരിച്ചതു് 'ഡാം ഓഫീസി'ലേക്കായിരുന്നു. ആധുനിക രീതിയിൽ ചെയ്തിട്ടുള്ള ഒരു ചെറിയ കെട്ടിടമാണ് ഓഫീസ്. അതിനു ചുററും പൂന്തോട്ടമാണ്. നാനാതരത്തിലുള്ള പൂക്കളാലും ചെടികളാലും അവിടം അലംകൃതമായിരുന്നു. "പൂത്തും തളിർത്തു മല്ലാതെ ഗ്രഹങ്ങളിൽ പേർത്തുമൊന്നില്ലിവിടെക്കാണ്മാൻ" എന്നു പറഞ്ഞതു് ഇതിനെപ്പററിയാണോ എന്നു ശങ്കിച്ചു പോയി. പലനിറത്തിലുള്ള റോസ് ഒരുവശത്തു്, വെന്തിപ്പൂക്കൾ മറുവശത്തു്; ആകാശമുല്ല, സൂര്യകാന്തി, നീലാംബരം, കനകാംബരം തുടങ്ങിയവ വേറൊരു ഭാഗത്തു്. പിന്നെ, ചരിത്രവിദ്യാർത്ഥിയായ ഈ ലേഖകനു് പേരറിയാൻ പാടില്ലാത്ത മററനവധി പൂക്കൾ! പൂക്കളെ തഴുകിയും തലോലിച്ചും ആ കുളിർകാററു് ഞങ്ങൾ അങ്ങിനെ നിന്നുപോയി. ചില സുഹൃത്തുക്കൾ ഒന്നു രണ്ടു പൂക്കൾ ഇറുത്തെടുക്കാനും മടി കാട്ടിയില്ല. അപ്പോഴാണ് ആ തോട്ടക്കാരൻ വന്നു പൂക്കൾ ഇറുക്കരുതെന്നു് അപേക്ഷിച്ചതു്. അയാൾ മറെറാരു ഭാഗത്തേയ്ക്കു ചൂണ്ടിക്കാട്ടി പറഞ്ഞു "മുല്ലക്കുടെ മാതിരി നിറയെ പൂക്കൾ വിരിഞ്ഞുനിന്നതാണു്. കഴിഞ്ഞ ദിവസം ഒരു കോളേജിൽനിന്നു കുറേ പെൺകുട്ടികൾ വന്നു. എല്ലാം ഇറുത്തുകളഞ്ഞു." പെൺകുട്ടികളോടു ഞങ്ങൾക്കു വല്ലാത്ത ദേഷ്യം തോന്നി. ഓ! അവരുടെ സൌന്ദര്യബോധമില്ലായ്മ. ഒററ മൊട്ടുപോലും ആ ഭാഗത്തു് അവർ അവശേഷിപ്പിച്ചില്ല. ആറാടുകേറിയ വിളപോലെ ആയിരുന്നു ആ ഭാഗം. സ്വയം നിറപ്പകിട്ടേകാൻ, വർണ്ണശബളമായ ആ പൂന്തോട്ടത്തിൻെറ ചമപറിച്ച വിലാസിനികളോടു് ഒരു കലാരസികനു് അമർഷം തോന്നുന്നെങ്കിൽ അതു സ്വാഭാവികമല്ലേ? ഒരുമണിക്കൂറോടുകൂടി 'സാമ്യമകന്ന' ആ ഉദ്യാനത്തോടും ഞങ്ങൾ വിടവാങ്ങി. നേരത്തെ ഇടപാടു ചെയ്തതനുസരിച്ചു ഞങ്ങൾക്കു് ഉച്ചഭക്ഷണം കാൻറീനിൽത്തന്നെ ആയിരുന്നു. അതിനുശേഷം ഇലക്ട്രിസിററി ഓഫീസിലേക്കാണു് പോയതു്. കുത്തനെയുള്ള ഒരു പ്രദേശത്താണു് ഓഫീസ്. മുകളിൽനിന്നും റയിൽവേവാഗൺ പോലുള്ള ഒരു വാഹനത്തിലാണു് ഞങ്ങളെ കീഴോട്ടിറക്കിയതു്. റയിൽപ്പാളത്തിൽക്കൂടി മന്ദം മന്ദമുള്ള ആ പോക്കു് സുഖപ്രദമായിരുന്നു. ആറു മിനിട്ടുകൊണ്ടു് മുകളിൽനിന്നും ഞങ്ങൾ വൈദ്യുതി ഉല്പാദനകേന്ദ്രത്തിലെത്തി. ഈ അടുത്ത കാലത്താണു് പ്രസ്തുത കേന്ദ്രം ഗവർണ്ണർ ഡാ: രാമകൃഷ്ണറാവു ഉൽഘാടനം ചെയ്തതു്. പള്ളിവാസൽ കഴിഞ്ഞാൽ കേരളത്തിലെ പ്രധാന വൈദ്യുതി ഉല്പാദനകേന്ദ്രം ഇവിടമാണു്. ഞങ്ങൾ ചെന്നയവസരത്തിൽ മൂന്നു വലിയ യന്ത്രങ്ങൾ ത്വരിതഗതിയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ അതിൻെറ പ്രവർത്തനം ഞങ്ങൾക്കു വിവരിച്ചുതന്നു. വൈദ്യുതിശേഖരിച്ചു വയ്ക്കുന്നതിനുള്ള സജ്ജീകരണവും കാണാൻ ഭംഗിയുള്ളതായിരുന്നു. അതിനടുത്തുകൂടിയാണു് പൊട്ടിച്ചിരിച്ചുകൊണ്ടു് ചാലക്കുടിയാർ ഒഴുകുന്നതു്.

ഈ കാഴ്ചകളിൽനിന്നും ഒരു കാര്യം മനസ്സിലായി. പഞ്ചവത്സരപദ്ധതികൾക്കു പണം ചിലവാകുന്നതെങ്ങിനെയെന്നും അതു

കൊണ്ടുള്ള പ്രയോജനമെന്താണെന്നു [illegible]ത്തിൽ വായിക്കുന്നതിലേറെ വ്യക്തമായി ഗ്രഹിക്കാൻ കഴിഞ്ഞു. തരിശുഭൂമികൾ ജലസേചനം വഴി കൃഷിക്കുപയോഗിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ ആലോചിതപദ്ധതികൾ ആവിഷ്കരിക്കുന്നതിനും നാട്ടുകാർ ചെയ്യുന്ന സേവനം സ്തുത്യർഹമായതാണ്. പഞ്ചവത്സരപദ്ധതികൾ ചക്കരയോ മാങ്ങയോ എന്നു ചോദിക്കുന്ന എന്റെ ഗ്രാമീണരെ ഇവിടെയെല്ലാം ഒന്നു കൊണ്ടുവന്നു കാണിക്കാൻ പററിയെങ്കിൽ എന്നു ഞാനാശിച്ചുപോയി.

അഞ്ചുമണിക്കു തന്നെ വണ്ടി വന്നെത്തി. പെരിങ്ങൽക്കുത്തിനോടു യാത്ര പറഞ്ഞിട്ട് ഞങ്ങൾ വണ്ടിയിൽ കയറി. പാട്ടിനും ബഹളത്തിനുമിടയ്ക്കും ഞങ്ങൾ ആ വനഭംഗി ഇറുനോക്കുന്നുണ്ടായിരുന്നു. ഗാനം അതിന്റെ ഉൽക്കർഷത്തോടും ഗാംഭീര്യത്തോടും അന്തരീക്ഷത്തിൽ പ്രതിധ്വനിച്ചു. ഏഴു മണിക്ക് ഞങ്ങൾ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ മടങ്ങിയെത്തി. പിന്നെ ട്രെയിനിന് രണ്ടു മണിക്കൂർ അവിടെയും കാത്തു നില്ക്കേണ്ടി വന്നു. ഉറക്കവും യാത്രാക്ലേശവും നന്നേ ഞങ്ങളെ അലട്ടുന്നുണ്ടായിരുന്നു. അവിടെയിരുന്ന് ഞങ്ങൾ നേരം പോക്കു പറയാൻ തുടങ്ങി. പെട്ടെന്ന് 'വെയിററിംഗ്' റൂമിൽ' ആളുകൾ തിങ്ങിക്കൂടുന്നതു കണ്ടു. അടുത്തു ചെന്നപ്പോൾ കണ്ട കാഴ്ച ഞങ്ങളെയും ബാധിക്കുന്നതായിരുന്നു. ഒരാൾ മദ്യപിച്ച് ലവലേശം ബോധമില്ലാതെ നിന്നാടുന്നു. ഞങ്ങളുടെ ഒരു സുഹൃത്ത് രോഷാകുലനായി നില്ക്കുന്നു. ആ മദ്യപാനിയെ തല്ലിയേ സുഹൃത്തിനു മതിയാകൂ. "സംഗതി എന്താണ്"? ഞങ്ങൾ അന്വേഷിച്ചു. "അവൻ എന്റെ തോളിൽ കൈ ഇട്ടുകൊണ്ടു ചോദിക്കുകയാണ് എന്താ അളിയാ! എന്ന്? അവന്റെ പെങ്ങളെ ഞാൻ കെട്ടിയോ? ഏഭ്യൻ" സുഹൃത്ത് ഒററശ്വാസത്തിൽ പറഞ്ഞു തീർത്തു. ആ കുടിയന്റെ ഒരു ചങ്ങാതിയാണെന്നു തോന്നുന്നു, വളരെ ദൈന്യമായിട്ട് ഞങ്ങളോടു ക്ഷമിക്കണമെന്നപേക്ഷിച്ചു. പക്ഷേ ഞങ്ങളുടെ സുഹൃത്തുണ്ടോ അതു ചെവിക്കൊള്ളുന്നു. ഒററയടിക്കുകൂട്ടത്താൽ ഇവൻ നേരെയാകുമെന്നു സുഹൃത്ത്; 'അളിയൻ പോളിയ' എന്ന് കുടിയൻ. സംഗതി ആകെ കുഴപ്പത്തിലായി. ഞങ്ങൾ സുഹൃത്തിനെ എന്തായാലും പറഞ്ഞു സമാധാനിപ്പിച്ചു. ഞങ്ങൾ ആ മദ്യപാനിയുടെ ഗതിവിഗതികൾ സൂക്ഷിച്ചുകൊണ്ടങ്ങനെ നിന്നു. അയാൾ നിന്നാടുകയായിരുന്നു. നാക്കു ശ്രമപ്പെട്ടു വളച്ച് "അളിയാ പ്പ്‌ഴെഴ പോട്ട്" എന്നും മററും പുലമ്പുന്നുണ്ടായിരുന്നു. അയാളുടെ കൂട്ടുകാരൻ നാവടക്കി നില്ക്കാൻ അയാൾക്കു കൂടെക്കൂടെ വിവരങ്ങളായ താക്കീതുകൾ നല്കിക്കൊണ്ടിരുന്നു. അപ്പോഴാണ് ഒരു പയ്യൻ വന്നു പറഞ്ഞത് ഇയാൾ അന്നു മൂന്നു പ്രാവശ്യം കുടിച്ചു എന്നും വെയിററിംഗ് റൂമിൽ ഇരിക്കുന്ന ആ വെളുത്ത സ്ത്രീയെ അല്പം മുൻപേ കടന്നുപിടിച്ചു എന്നും അവൾ വലിയ പാതിവ്രത്യം നടിച്ചുകൊണ്ട് ഇയാളെ അശ്ലീലമായ ഭാഷയിൽ വഴക്കു പറഞ്ഞു എന്നും മററും. ആ സ്ത്രീയെയും ഞങ്ങൾ ഒന്നു നോക്കാതിരുന്നില്ല. അവരും അല്പം [illegible]കാരിയാണെന്നു ഞങ്ങൾക്കു മനസ്സിലായി. ഇവർ തമ്മിൽ ഒരു പൂർവ്വബന്ധമുണ്ടെന്നും അന്വേഷണത്തിൽ മനസ്സിലായി.

സ്റ്റേഷനിലെ മണിയടിച്ചു. ട്രെയിൻ വരാൻ ഏതാനും നിമിഷങ്ങളേയുള്ളൂ. നമ്മുടെ കുടിയൻ ഒന്നു കറങ്ങി അയാളുടെ ഹാൻഡ്ബാഗ് കൈയിലെടുത്തു. ഠേ! എന്ന് കാലുവഴുതി തറയിലോട്ടു വീഴ്ചയും ഒന്നിച്ചു കഴിഞ്ഞു. അയാളുടെ വായിൽ നിന്നും രക്തം ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. അവിടെ കൂടിനിന്നവർ ഒരു ചെറുവിരൽ പോലും അനക്കിയില്ല. അതുവരെ ചങ്ങാതിത്തം ചമഞ്ഞു നിന്നവനും എങ്ങോ പോയി മറഞ്ഞു. കല്ലിലിരുന്ന കാശു കൊടുത്തു കുടിക്കുന്ന പട്ടിയെ വാങ്ങിയ ആ ഹതഭാഗ്യനോട് അനുകമ്പതോന്നിയവരാരുമില്ലായിരുന്നു. ഒരു മിനിട്ടു കഴിഞ്ഞപ്പോൾ റെയിൽവേ ഗാർഡ് വന്ന് സ്ഥാനം തെററിക്കിടന്ന അയാളുടെ വസ്ത്രം നേരെയിട്ടിട്ട് നടന്നകന്നു. എനിക്കലിവു തോന്നി. അയാളെ അല്പം മുമ്പേ തല്ലാനൊരുങ്ങിയ എന്റെ സുഹൃത്തിന്റെ മുഖത്തേക്കു ഞാൻ നോക്കി. ദയയുടെ കണികപോലും ആ മുഖത്തു കണ്ടില്ല. "അവനതു വരണം" എന്നാണ് എല്ലാ മുഖങ്ങളും മന്ത്രിച്ചത്. കള്ളനു കൂട്ടില്ലാത്തതുപോലെ കുടിയനും അവന്റെ നിസ്സഹായാവസ്ഥയിൽ കൂട്ടു കിട്ടുകയില്ലേ? ഞാനറിയാതെ ചോദിച്ചുപോയി.

# ഒരു നോവൽ ജീവിക്കുന്നു

ചെറുകഥ

Saraswathi P. Kymal, U. P. Class

പട്ടണത്തിലെ ഏററവും വലിയ ധനികന്റെ പുത്രനായ റോബർട്ട് ഒരു ദരിദ്രപുത്രിയായ മേററിയെ സ്നേഹിച്ചു. പണവും പ്രതാപവും കുലമഹിമയും എല്ലാംതന്നെ ആ സ്നേഹത്തിനു വഴിമാറിക്കൊടുത്തു. കിനാവിന്റെ സാമ്രാജ്യത്തിലൂടെ ആ യുവതിയും യുവാവും സഞ്ചരിച്ചു. കാട്ടിൽ കിടന്ന കുറുക്കന്റെ കൂവലിലും പട്ടിയുടെ ഓരിയിടലിലും കഴുതയുടെ കർണ്ണാടകസംഗീതത്തിലും തവളയുടെ മധുരഗാനത്തിലും എല്ലാം........ എല്ലാം അവർ പ്രണയം ദർശിച്ചു. പൂനിലാവിൽ കുളിച്ച നിശാവേളകളിൽ തെററിലേക്കു ചാഞ്ഞുകിടക്കുന്ന തേന്മാവിൻ ചുവട്ടിൽ എന്നും അവർ സമ്മേളിക്കും. മേററിയുടെ സുന്ദരമായ കൊച്ചുമുഖം പിടിച്ചുയർത്തി അവിടെ ഒരു സ്നേഹമുദ്ര അർപ്പിച്ചശേഷം റോബർട്ട് പറയും "ദേവീ........നീ എന്റെ ഹൃദയത്തിലെ കെടാവിളക്കാണ്........നിന്നെക്കുറിച്ചുള്ള സ്മരണകൾ എന്റെ അന്ത്യമാടത്തിലും എന്നെ വിട്ടുപിരിയുകയില്ല........"

പൊട്ടിച്ചിരിക്കുന്ന അമ്പിളിയും ആ മാവിൻ കൊമ്പിൽ കൂടുകെട്ടിയിരിക്കുന്ന പക്ഷികളും ആ പ്രണയരംഗത്തിനു സാക്ഷ്യം വഹിക്കും. നീല നിലാവേററു വെട്ടിത്തിളങ്ങുന്ന— ഓടക്കുഴലൂതുന്ന ആ പുഴയുടെ ഹൃദയത്തിലൂടെ അവർ തോണിയിൽ ഒഴുകിനടക്കും. റോബർട്ട് മെല്ലെ പാടും. ആ സമയത്തു അയാൾക്കു ഏററവും ഇഷ്ടമായ താമരപ്പൂക്കൾ ഒന്നൊന്നായി മേററി ആ വായിൽ വച്ചുകൊടുക്കും.

രംഗം മാറുകയാണ്. റോബർട്ടിന്റെ പിതാവായ ജയിംസിനു തന്റെ മകന്റെ ആ പിച്ചക്കാരിപ്പെണ്ണുമായുള്ള കൂട്ടുകെട്ട് അത്ര ഇഷ്ടമല്ല. പിതാവിന്റെ ചോദ്യശരങ്ങൾക്കു മുന്നിൽ റോബർട്ട് പതറിപ്പോയി. സുന്ദരിയായ ഒരു ധനികപുത്രിയെ തന്റെ പുത്രനായി ആ പിതാവു കണ്ടുവച്ചിട്ടുണ്ട്. പക്ഷെ റോബർട്ടിനു അതു ഇഷ്ടമല്ല.

"നീ ഇറങ്ങിപ്പോകൂ....നിന്നെപ്പോലെ ഒരു പുത്രനെ എനിക്കു ആവശ്യമില്ല........" ആ പിതാവു അലറി. ആ നിശാവേളയിൽ തന്നെ റോബർട്ട് തന്റെ പ്രിയപ്പെട്ട മേററിയുമായി നാടുവിട്ടു....മാസങ്ങൾ നീങ്ങി.... തന്റെ ഒരു സ്നേഹിതന്റെ സഹായത്താൽ റോബർട്ടിനു ഒരു ചെറിയ ജോലി കിട്ടി.

ജയിംസ് രോഗിയായി. തന്റെ പ്രിയപ്പെട്ട പുത്രന്റെ അഭാവം ആ സ്നേഹമുള്ള പിതൃഹൃദയത്തിൽ വേദനയുടെ നാളങ്ങൾ ജ്വലിപ്പിച്ചു. പുത്രനെ അന്വേഷിക്കാനായി അദ്ദേഹം ആളുകളെ നിയോഗിച്ചു........

റോബർട്ടിന്റെ ഹൃദയം വിങ്ങി....തന്റെ അപ്പൻ....അദ്ദേഹത്തിനു എന്തു പററി....പിതാവിന്റെ സമീപത്തേക്കു പായുവാൻ ശ്രമിച്ച റോബർട്ടിനോടു മേററി പറഞ്ഞു. "ഞാനും വരുന്നു........"

ട്രെയിനിനു വേഗത ഇല്ല എന്നു അവൾക്കു തോന്നി........

റോബർട്ട്........മകനേ............പ്രജ്ഞ നശിച്ച ആ പിതാവിന്റെ കാലുകൾ കെട്ടിപ്പിടിച്ചു റോബർട്ട് കരഞ്ഞു........അപ്പാ ഇതാ ഞാൻ...."

സ്നേഹത്തിന്റെ സിദ്ധൌഷധം ചെന്നപ്പോൾ അപ്പന്റെ രോഗം പറന്നുപോയി. ജയിംസിനു സുശീലയായ മരുമകളെ ഇഷ്ടപ്പെട്ടു.

റോബർട്ടിനൊരു പുത്രനുണ്ടായി. സാംസൺ. അവൻ വളർന്നു. ഒരു സുന്ദരിയായ ദരിദ്രകന്യകയെ അവൻ സ്നേഹിച്ചു. റോബർട്ട് ആ വാർത്ത അറിഞ്ഞു. സ്നേഹത്തി

---

ട്രെയിൻ നിന്നു. യാത്രക്കാരെല്ലാം ഇരമ്പിക്കയറി. അവരും തിരക്കൊഴിഞ്ഞ ഒരു മുറിയിൽ സ്ഥാനം പിടിച്ചു. അവരുടെ വാർഡൻ എണ്ണം എടുത്തിട്ട് അതേ ഭാഗത്തിൽ തന്നെ സ്ഥലം പിടിച്ചു. ഒരു ചൂളംവിളിയോടെ വണ്ടി നീങ്ങി.

ൻെറ വേദന നല്ലതുപോലെ അറിയാമായിരുന്ന നല്ലവനായ ആ അച്ഛൻ ആ വിവാഹത്തിനു അനുമതി കൊടുത്തു. അങ്ങനെ ആ കഥ ശുഭപര്യവസായിയായിത്തീൻ....

സുരേന്ദ്രൻ നോവൽ മടക്കി മേശപ്പുറത്തു വച്ചു. ഒരു സിഗററും കത്തിച്ചുകൊണ്ട് അയാൾ കസാരയിലേക്കു ചാഞ്ഞുകിടന്നു. ജനലിലൂടെ അയാൾ പുറത്തേക്കു നോക്കി....

ഹാ! എന്തൊരു നിലാവ്. തിരുവാതിരക്കാലമാണ്. സുരേന്ദ്രൻ ദീർഘമായി നിശ്വസിച്ചു. കുളിരുള്ള ഒരു കുഞ്ഞിക്കാററ് ജന്നലിലെ പട്ടുയവനികയിൽ കുഞ്ഞോളങ്ങൾ സൃഷ്ടിച്ചു സുരേന്ദ്രനെ തഴുകിക്കൊണ്ടു കടന്നുപോയി. ആ തെക്കൻ കാററിൽ ഒരു പ്രേമകാവ്യം അലിഞ്ഞുകിടക്കുന്നതായി അയാൾക്കു തോന്നി.

ഹാ! ഒന്നു സ്നേഹിക്കുക—സ്നേഹിക്കപ്പെടുക. എന്തുമധുരിമയായിരിക്കും അതിന്. സുരേന്ദ്രൻെറ ഹൃദയത്തിൽ ആ മേശപ്പുറത്തു കിടക്കുന്ന നോവലിലെ സുന്ദരമായ കഥ ചലച്ചിത്രത്തിൽ എന്നവണ്ണം പൊങ്ങിവരികയാണ്. ആ നിലാവണിഞ്ഞ നിശാവേളകൾ...........ആ മാവിൻചോട്ട്....നീലനിലാവു വെള്ളിപൂശിയ ആ ആററ്.......അതിലെ കുഞ്ഞോളം........എന്തൊരു ഭാഗ്യവാനാണ് റോബർട്ട്—സുരേന്ദ്രൻ വിചാരിച്ചു. താൻ ആരെയും അങ്ങനെ സ്നേഹിക്കാത്തതെന്താണ്. ഓ! തന്നെ എത്രപേർ സ്നേഹിച്ചതാണ്. പക്ഷേ അവരെ ആരെയും അങ്ങനെ താൻ ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല. അന്നൊക്കെ ആരെയെങ്കിലും സ്നേഹിച്ചിരുന്നെങ്കിൽ! പ്രേമം ഒരു ഗുലുമാലു പിടിച്ചസാധനം ആണെന്നാണ് സുരേന്ദ്രൻ വിചാരിച്ചിരുന്നത്. പക്ഷേ....അല്ല....അങ്ങനെ അല്ല....അതു ഇപ്പോഴാണു അയാൾക്കു മനസ്സിലായത്. തൻെറ സൽസ്വഭാവം ഉപേക്ഷിച്ചല്ലേ റോബർട്ട കെററിയേയുംകൊണ്ടു ഓടിപ്പോയത്? തൻെറ പിതാവു സുന്ദരിയും ധനികയും ആയ ഒരു പെണ്ണിനെ തനിക്കായി തിരഞ്ഞെടുത്തിട്ടും റോബർട്ടിനു കെററിയെ മതിയായിരുന്നു. അപ്പോൾ ഈ പ്രേമത്തിനു ധനവും മററും ഒരു കാര്യമേയല്ല.... ഹാ! അപ്പോൾ ഈ സ്നേഹം എത്ര നല്ലതാണ്....

എനിക്കും സ്നേഹിക്കണം—ഒരു ധനികയെയല്ല....ഒരു ദരിദ്രകുമാരിയെ. എന്നിട്ടു നിശാവേളകളിൽ നിലാവു കിനാവു സൃഷ്ടിക്കുന്ന ആററുവക്കിൽ ചാഞ്ഞുകിടക്കുന്ന തേന്മാവിൻ ചോട്ടിൽ എന്നും തൻെറ ദേവതയുമായി സമ്മേളിക്കണം. കൊച്ചുതോണിയിലേറി അവളുമായി ആററിലൂടെ തുഴഞ്ഞുനടക്കണം. അവസാനം തൻെറ പിതാവു പറയും ആ പെണ്ണിനെ മറക്കുവാൻ—പക്ഷേ താൻ അതു കേൾക്കില്ല. വീട്ടുവിട്ടുപോകുവാൻ അദ്ദേഹം ആജ്ഞാപിക്കും. അപ്പോൾ അന്നുതന്നെ തൻെറ പ്രിയപ്പെട്ട റാണിയുമായി താൻ നാടുവിടും. കുറെ നാൾ കഴിയുമ്പോൾ ജയിംസിനെപ്പോലെ തൻെറ പിതാവും രോഗിയാവും. അവസാനം അദ്ദേഹംതന്നെ വിളിപ്പിക്കും........മാപ്പുതരും.... അവസാനം തനിക്കൊരു പുത്രനുണ്ടാകുമ്പോൾ റോബർട്ട ചെയ്തതുപോലെ താനും ചെയ്യും. ഹാ!........എന്തൊരു രസമായിരിക്കും. ഭാവിയെപ്പററി സ്വപ്നങ്ങൾ നെയ്യുന്ന സുരേന്ദ്രൻെറ അധരങ്ങളിൽ ഒരു കൊച്ചുമന്ദഹാസം മൊട്ടിട്ടു.

സ്നേഹിക്കണം. ആ നോവലിലെപ്പോലെ. ആ നോവലിലെ പാത്രങ്ങൾ ജീവിക്കണം—എന്നിലൂടെ...............

സുരേന്ദ്രൻ ചാടി എഴുന്നേററു. "റോബർട്ട......ഞാൻ റോബർട്ടാണ്........" അയാളുടെ ചുണ്ടുകൾ മന്ത്രിച്ചു;

ആ പ്രേമഗാനം അലിഞ്ഞുചേൎന്ന കുഞ്ഞിക്കാററു അപ്പോഴും സുരേന്ദ്രൻെറ ചുരുണ്ട മുടിയെ നെററിയിലേക്കു ഊതിയിറക്കിക്കൊണ്ടു കടന്നുപോയി.

* * *

തലപ്പുകളിൽ നീലിമയാൎന്ന വനം. കണ്ണിനുമുമ്പിൽ ഓടക്കുഴലൂതുന്ന പുഴ....ആ പുഴയിലേക്കു പകുതി ചാഞ്ഞു മെല്ലെ ഒഴുകുന്ന തെളിഞ്ഞ ജലപ്പരപ്പിനോടു നർമ്മസല്ലാപം നടത്തുന്ന പൂത്തുലഞ്ഞ ഒരു തേന്മാവും....

സുരേന്ദ്രൻെറ ഹൃദയത്തിൽ സന്തോഷവും സംതൃപ്തിയും നിറഞ്ഞൊഴുകി. തൻെറ സമീപം അങ്ങു, വിദൂരതയിലേക്കു നോക്കിയിരിക്കുന്ന ആ നാണംകുണുങ്ങിപ്പെണ്ണിൻെറ സുന്ദരമായ മുഖം പിടിച്ചുയർത്തിക്കൊണ്ടു അയാൾ പറഞ്ഞു.

"ദേവീ....നീ എന്റെ ഹൃദയത്തിലെ കെടാവിളക്കാണ്"....നിന്നെക്കുറിച്ചുള്ള സ്വപ്നങ്ങൾ അന്ത്യനിമിഷത്തിലും എന്നെ വിട്ടുപിരിയുകയില്ല...."റോബർട്ടിന്റെ അതേ വാക്കുകൾ സുരേന്ദ്രൻ ആവർത്തിച്ചു.

സുമയുടെ ചുണ്ടുകൾ ചലിച്ചു. കിനാവു കാണുന്ന ആ നീലക്കണ്ണുകൾ നിറഞ്ഞൊഴുകി. സുരേന്ദ്രന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു അവൾ പറഞ്ഞു.

"ഈ പാവപ്പെട്ട പെണ്ണിനെ അങ്ങ്" എന്തിനു സ്നേഹിച്ചു...."ആ കണ്ണുകളിലൂടെ കണ്ണുനീർ പൊട്ടിയൊഴുകി. ആ കണ്ണുനീർ കൈകൊണ്ടു തുടച്ചുകളഞ്ഞിട്ടു സുരേന്ദ്രൻ ആ ചുണ്ടുകളിൽ മെല്ലെ ചുംബിച്ചു....അയാൾ പറഞ്ഞു....

"നീ ദരിദ്രയല്ല സുമേ....നീ എന്റെ ഹൃദയത്തിന്റെ സമ്പത്തു മുഴുവനും അപഹരിച്ച കള്ളിയാണു."

സുമ പുഞ്ചിരിച്ചു. സുരേന്ദ്രൻ അവളുടെ ചെവിയിൽ മന്ത്രിച്ചു...."നീ എന്റെ ഹൃദയത്തിന്റെ ഗാനമാണ്"...."

തന്റെ പ്രിയപ്പെട്ട കളിത്തോണി സുരേന്ദ്രൻ ആറ്റിലേക്കിറക്കി........രംഗങ്ങൾ ആവർത്തിക്കയാണ്. സുരേന്ദ്രൻ പുഞ്ചിരിച്ചു. താൻ ഇപ്പോൾ ഒരു റോബർട്ടായിത്തീർന്നിരിക്കയാണ്. തന്റെ സമീപം ഇരിക്കുന്നതു സുമയല്ല; കെറ്റി....സുന്ദരിയായ കെറ്റി.... സുശീലയായ കെറ്റി....ദരിദ്രയായ കെറ്റി....

ഹേ നിൻ ഗാനം........ഹേമന്തരാവിൽ....
സുരേന്ദ്രൻ മെല്ലെ പാടി.

* * * *

സുരേന്ദ്രാ............

അച്ഛൻ വിളിക്കയാണ്. സുരേന്ദ്രന്റെ ഹൃദയത്തിൽ സന്തോഷം പൊട്ടി വിടർന്നു. അച്ഛൻ പറയും സുമയെ ഉപേക്ഷിക്കുവാൻ എന്നിട്ടു ധനികയും സുന്ദരിയും ആയ ഒരു സ്ത്രീയെ കല്യാണം കഴിക്കുവാൻ........

ഹൃദയം നിറയെ സ്വപ്നങ്ങളുമായി സുരേന്ദ്രൻ തന്റെ പിതാവിന്റെ മുൻപിൽ ചെന്നു.

"സുരേന്ദ്രാ!....നീ എന്റെ അഭിമാനം കെടുത്തുകയാണ് അല്ലേ?" സുരേന്ദ്രൻ വിചാരിച്ച അതേ ചോദ്യം തന്നെ അദ്ദേഹം ചോദിക്കയാണ്.

നീ....നീ....ആ സുമയെ മറന്നു....ആ പിച്ചക്കാരിപ്പെണ്ണിനെയേ നിനക്കു സ്നേഹിക്കുവാൻ കണ്ടുള്ളോ—"

"അച്ഛാ! അവൾ പിച്ചക്കാരിയല്ല. ദരിദ്രയെങ്കിലും അവൾ സുശീലയാണച്ഛാ...."

റോബർട്ടു പറഞ്ഞ അതേ ഉത്തരം സുരേന്ദ്രൻ ആവർത്തിച്ചു.

"സുരേന്ദ്രാ...."—അദ്ദേഹം ശാന്തനായി. "നിനക്കു എത്ര നല്ല കുട്ടികളെ കിട്ടും...."

അച്ഛാ! സുമയെ അല്ലാതെ വേറെ ആരെയും ഞാൻ വിവാഹം ചെയ്യില്ല." സുരേന്ദ്രൻ ഉറപ്പിച്ചു പറഞ്ഞു.

അച്ഛൻ ഇപ്പോൾ പറയും തന്നോടു ഇറങ്ങിപ്പോകുവാൻ. സുരേന്ദ്രൻ വിചാരിച്ചു.

അച്ഛന്റെ മുഖത്തു ഒരു മന്ദഹാസം പരക്കുന്നതു അയാൾ കണ്ടു.

സുരേന്ദ്രാ! നീ അവളെ അത്രമാത്രം സ്നേഹിക്കുന്നുണ്ടോ?...." അദ്ദേഹം ചോദിച്ചു.

"ഉണ്ടച്ഛാ!" സുരേന്ദ്രൻ മറുപടി പറഞ്ഞു.

"എടാ! എന്നാൽ"....

എന്നാൽ....സുരേന്ദ്രന്റെ ഹൃദയം തുടിച്ചു; അദ്ദേഹം ഇപ്പോൾ പറയും തന്നോടു ഇറങ്ങിപ്പോകുവാൻ.

"എന്നാൽ....നീ അവളെ വിവാഹം ചെയ്തോളു. ഞാൻ അതിനു പ്രതിബന്ധമായി നില്ക്കുന്നില്ല."

എന്ത്! സുരേന്ദ്രനു ഹൃദയം നില്ക്കുന്നതുപോലെ തോന്നി, തല കറങ്ങുന്നു....പ്രതീക്ഷകൾ....എല്ലാം തകരുന്നു....

"സുരേന്ദ്രാ—"അച്ഛൻ പറയുകയാണ് "സ്നേഹത്തിന്റെ വേദന എന്തെന്നു എനിക്കു നന്നായിട്ടു അറിയാം. നിന്റെ അമ്മ ഒരു ദരിദ്രകന്യകയായിരുന്നു. ഞാൻ ഒരു പ്രഭുകുമാരനും. ഞങ്ങൾ സ്നേഹിച്ചു. പക്ഷേ എന്റെ അച്ഛനു അതു ഇഷ്ടമല്ലായിരുന്നു. അദ്ദേഹം എന്നോടു ഇറങ്ങിപ്പോകുവാൻ പറഞ്ഞു. അന്നു രാത്രിതന്നെ ഞാൻ നിന്റെ

# സൌന്ദര്യം

വി. രാമചന്ദ്രൻ നായർ ക്ലാസ്സ് III ഫിലോസഫി.

എന്താണ് സൗന്ദര്യം? ശരിയായൊരു നിർവ്വചനം ലഭിക്കുക പ്രയാസമാണ്. ഹൃദയത്തിന് ആഹ്ളാദം നൽകുന്ന രമണീയ വസ്തുക്കളെ സൗന്ദര്യമുള്ളവയെന്നു നാം പറയുന്നു. മാരിവില്ലും, ചെന്താമരയും, ചന്ദ്രബിംബവും നമ്മുടെ മനസ്സിനെ വശീകരിക്കുന്നു. കാണുന്ന മാത്രയിൽത്തന്നെ അവയുമായി—പ്രകൃതിയുമായി—അലിഞ്ഞു ചേരുന്ന ഒരു ഹൃദയഭാവം നമ്മിൽ അങ്കുരിക്കുന്നു. എന്താണിതിനു കാരണം? യുക്തിയുക്തമായി പറഞ്ഞു മനസ്സിലാക്കുക സാദ്ധ്യമല്ല. ഒരാൾ സുന്ദരമെന്നു വർണ്ണിക്കുന്നതു മറ്റൊരാൾക്ക് അപ്രകാരമായിരിക്കണമെന്നില്ല. എങ്കിലും സൗന്ദര്യബോധത്തിനു നിദാനമായ വസ്തുവിനു ബാഹ്യസത്തയുള്ളതുകൊണ്ടു നമ്മിൽ നിന്നതീതമായി സൗന്ദര്യം നിലനിർത്തുന്ന ചില ഗുണങ്ങൾ അതിനുണ്ടായിരിക്കണം.

ഭൗതിക പദാർത്ഥങ്ങളിൽ കാണപ്പെടുന്ന ഗുണങ്ങളെ ആധാരമാക്കി സൗന്ദര്യ നിർണ്ണയം ചെയ്യാൻ ബർക്ക് ശ്രമിച്ചിട്ടുണ്ട്. വസ്തുവിന്റെ വലിപ്പം, മാർദ്ദവം, തീവ്രവർണ്ണങ്ങളുടെ അഭാവം എന്നിവ സൗന്ദര്യ നിദാനങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. വലിപ്പം വർദ്ധിക്കുന്തോറും മഹനീയതയാണ് പ്രത്യക്ഷപ്പെടുക. അനന്തമായ ആകാശവും ആഴിപ്പരപ്പും മഹനീയങ്ങളാണ്. പൂവും പൂമ്പാററയും മനോഹരങ്ങളും. മിനുസവും മാർദ്ദവവും സൗന്ദര്യത്തിന്റെ ഘടകങ്ങളാണ്. ഉരച്ചു മിനുസപ്പെടുത്താത്ത രത്നത്തിനു ശോഭയില്ല. പൂവിന്റെ ഇതളുകൾക്കു മാർദ്ദവമുണ്ട്. വസ്തുവിൽ കാണുന്ന രേഖകളുടെ സ്വഭാവവും സൗന്ദര്യത്തെ ബാധിക്കുന്നു. നേർവരകൾക്കു സൗന്ദര്യമില്ലെന്നാണ് ബർക്കിന്റെ വാദം. വളഞ്ഞ വരകൾക്കാണുള്ളത്.

രണ്ടു ഭാഗവും ഒരുപോലെയിരിക്കുക (Symmetry) സൗന്ദര്യബോധത്തിനു കാരണമായി കണക്കാക്കപ്പെടുന്നു. ഒരു നേർവരകൊണ്ടു രണ്ടു തുല്യഭാഗങ്ങളായി ഭാഗിക്കാം. മനുഷ്യരിലും, മൃഗങ്ങളിലും, ചെടികളിലും ഈ (Symmetry) ഉണ്ടായിരിക്കുന്നു. അവയവങ്ങളുടെ സമ്യക്കായ ഘടനയും സൗന്ദര്യത്തിനാവശ്യമാണ്.

വസ്തുവിന്റെ ഭൗതിക ഗുണങ്ങളെ ആധാരപ്പെടുത്തിയാണ് ബർക്ക് സൗന്ദര്യ വിശകലനം ചെയ്തത്. ആർതർ തോംസൺ പറയുന്ന പ്രപഞ്ചത്തിന്റെ ക്രമികവികാസത്തി

---

അമ്മായിയും കൊണ്ടു എന്തൊക്കെയോ ആരുമില്ലാതെ പോയി. കുറെ നാൾ കഴിഞ്ഞപ്പോൾ അച്ഛൻ പശ്ചാത്തപിച്ചു. വലിയ ഒരു സുഖക്കേടു പിടിപെട്ടു അദ്ദേഹം കിടപ്പിലായി. ആ വിവരം അറിഞ്ഞപ്പോൾ ഞാനും നിന്റെ അമ്മയുംകൂടി അദ്ദേഹത്തിന്റെ അടുത്തേയ്ക്കോടി. അച്ഛൻ ഞങ്ങൾക്കു മാപ്പു തന്നു മകനെ......." ബാക്കി കേൾക്കുവാൻ സുരേന്ദ്രനു കെല്പില്ലാതായി അയാൾ പുറത്തേക്കിറങ്ങി ഓടി.

തന്റെ മേശയിൽ കിടന്നിരുന്ന ആ നോവൽ വലിച്ചു ഒരു മൂലയിലേക്കു എറിഞ്ഞിട്ടു സുരേന്ദ്രൻ കിടക്കയിൽ ചാഞ്ഞു വീണു....

ഒരു നിമിഷം....

സുരേന്ദ്രൻ ചാടി എഴുന്നേററു. ഒരു പുഞ്ചിരി ആ മുഖത്തു പരന്നിരുന്നു....

തന്റെ അച്ഛൻ....അദ്ദേഹം ഒരു റോബർട്ടായിരുന്നു. അമ്മ ഒരു കെററിയും. അവരുടെ പുത്രനായ താൻ സാംസനും. റോബർട്ട് ചെയ്തതുപോലെ തന്റെ അച്ഛനും തന്നോടു പെരുമാറിയില്ലേ....അപ്പോൾ........ ആ നോവൽ ജീവിച്ചു....കഥ ആവർത്തിച്ചു.... തന്നിലൂടെ........

മുറിയുടെ മൂലയ്ക്കു കിടന്നിരുന്ന ആ പുസ്തകം പൊടി തട്ടി എടുത്തു ചുംബിച്ചിട്ടു മേശപ്പുറത്തുവയ്ക്കുന്ന സുരേന്ദ്രനോടു വാതില്ക്കൽ നിന്നുകൊണ്ടു അച്ഛൻ ചോദിച്ചു.

"സുരേന്ദ്രാ! എന്നാണ് വിവാഹം നടത്തേണ്ടതു്?" "അച്ഛന്റെ ഇഷ്ടംപോലെ" സുരേന്ദ്രൻ പുഞ്ചിരിയോടെ പറഞ്ഞു.

# ആറ്റം (Atom)

M. J. VARGHESE, Class III Physics.

വസ്തു വളരെച്ചെറിയ അണുപ്രായങ്ങളായ കണികകൾ (Molecule) കൊണ്ടു നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഒരു വസ്തുവിനെ വിഭജിച്ചാൽ ആ വസ്തുവിന്റെ ഗുണം നശിക്കാത്ത ഏറ്റവും ചെറിയ അംശത്തിനു "Molecule" എന്നു പറയുന്നു. ഈ "Molecule"-നെ വീണ്ടും വിഭജിച്ചാൽ വസ്തുവിന്റെ ഗുണം നശിച്ചു ചില പ്രത്യേക ഗുണവിശേഷത്തോടുകൂടിയ ചെറിയ അംശങ്ങൾ ഉണ്ടാകുന്നു. ഇങ്ങനെയുള്ള അംശങ്ങൾക്കു തന്മാത്രകൾ (Atoms) എന്നു പറയുന്നു. ഇവയ്ക്കു് വസ്തുവിനു് പ്രകൃത്യാ ഉണ്ടായിരുന്ന യാതൊരു ഗുണവും ഉണ്ടായിരിക്കയില്ല. നാം കാണുന്ന ഓരോ വസ്തുവും ഇപ്രകാരമുള്ള തന്മാത്രകളാൽ അഥവാ ആറ്റങ്ങളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു്. "രാസപ്രവർത്തനത്തിൽ പങ്കുകൊള്ളുവാൻ കഴിവുള്ള ഒരു വസ്തുവിന്റെ ഏറ്റവും ചെറിയ അംശത്തിനു് തന്മാത്ര എന്നു പറയുന്നു." (Atom of an element is the Smallest particle of it which can take part in a chemical change.)

ഒരു വസ്തുവിനെ ഏറ്റവും ചെറുതായി വിഭജിച്ചാൽ ആ വസ്തുവിന്റെ ഗുണം നശിച്ചു പ്രത്യേക ഗുണവിശേഷങ്ങളോടുകൂടിയ ഒരുതരം ചെറിയ അംശങ്ങൾ (Particles) ഉണ്ടാകുമെന്നും അവയെ വീണ്ടും വിഭജിക്കുവാൻ സാദ്ധ്യമല്ല എന്നും പ്രാചീന ഗ്രീസി

---

ന്റെ അടയാളങ്ങളിലാണു് സൗന്ദര്യം. (Beauty depends on the ripple marks of orderly growth.) പരിണാമഗതിയിൽ സൗന്ദര്യബോധം തെളിഞ്ഞുവരുന്നുണ്ടു്. പരിണാമത്തിന്റെ ഉന്നതശ്രേണിയിൽ നില്ക്കുന്ന മനുഷ്യനിലാണു് സൗന്ദര്യബോധം ഏറ്റവും പ്രകടമായിക്കാണുന്നതെന്ന വസ്തുത അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മൃഗങ്ങളിലും ഇതു കുറെയൊക്കെയുണ്ടു്. ജീവി അവശ്യം സൗന്ദര്യബോധമുള്ളതായിരിക്കണം. സുന്ദര വസ്തുക്കൾ കാണുമ്പോൾ ആഹ്ലാദിക്കുക മാത്രമല്ല അവയിൽ നിന്നു പ്രചോദനം നേടുകയും ചെയ്യുന്ന ജീവികളിലേയ്ക്കാണു് പരിണാമഗതി. സൗന്ദര്യത്തിനു പദാർത്ഥനിഷ്ഠമായ സത്തയുണ്ടെന്നുവരെ തോംസൺ പറയുന്നു.

ഈ സൗന്ദര്യാനുഭൂതി എന്തുകൊണ്ടുണ്ടാകുന്നു എന്ന ചോദ്യത്തിനുത്തരമില്ല. ജീവിതം നിലനിർത്തുന്നതിനു സൗന്ദര്യബോധം അനുപേക്ഷണീയമാണോയെന്നു കൂടി ചിന്തനീയമാണു്. 'അർഹമായതു് അതിജീവിക്കുക' എന്നതാണു് പരിണാമ നിയമം. സ്വരക്ഷ (Self Preservation) സ്വീകരിക്കുന്ന അടവുകളിൽ (Adaptations) സൗന്ദര്യബോധം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ലൈംഗികമായ ഒരു ഉദ്ദേശം സൗന്ദര്യത്തിനു നൽകിക്കാണുന്നുണ്ടു്. പൂവിന്റെ നിറവും ഭംഗിയും പരാഗവിതരണത്തിനും ബീജസംക്രമണത്തിനുമുള്ള ഉപായങ്ങളാണെന്നു വാദിക്കാം. പക്ഷി വംശവർദ്ധനവിനു പ്രകൃതി സ്വീകരിച്ചിട്ടുള്ള അനേകം മാർഗ്ഗങ്ങൾ പരിശോധിച്ചാൽ ഈ വാദം അർത്ഥശൂന്യമാണെന്നു തെളിയും. മാത്രമല്ല, നീലാകാശവും, മേഘജാലവും, ഭൂവിഭാഗങ്ങളും (Landscapes) നമ്മെ ആകർഷിക്കുന്നുണ്ടു്. അവയിൽ നാം സൗന്ദര്യം ദർശിക്കുന്നുമുണ്ടു്. പൂവൻ കോഴിയുടെ മനോഹരമായ പൂവ്വു് പിടയെ ആകർഷിക്കാൻ മാത്രമെന്നു പറയുകവയ്യ. ടാഗൂർ പറയുന്നു 'തന്റെ സൃഷ്ടിയിൽ സംതൃപ്തി തോന്നുമ്പോൾ സ്രഷ്ടാവു് ചാർത്തുന്ന മുദ്രയാണു് സൗന്ദര്യം.' പ്രകൃതിയിൽക്കൂടി നോക്കുമ്പോൾ സൗന്ദര്യത്തിനൊരുദ്ദേശം കല്പിക്കുക സാധ്യമല്ല. സൗന്ദര്യം സൗന്ദര്യത്തിനുവേണ്ടിയെന്നു പറയുന്നതായിരിക്കും ശരി. ഈയർത്ഥത്തിലാണു് കല കലയ്ക്കുവേണ്ടി എന്നു പറയുന്നതു്. സൗന്ദര്യാവിഷ്കാരമാണു് കല. പ്രപഞ്ചവുമായി താദാത്മ്യം പ്രാപിക്കാനുള്ള മനുഷ്യാത്മാവിന്റെ ആന്തരികാവശ്യം (Inner urge സൗന്ദര്യാനുഭൂതിയിൽക്കൂടെയാണു് സാധിക്കുക. കലയുടെ ഉറവിടവും അവിടെത്തന്നെയാണു്. കലയിൽക്കൂടി പരോക്ഷമായി നാമതു നേടുകയും ചെയ്യുന്നു.

ലെയും ഇൻഡ്യയിലെയും തത്വജ്ഞാനികൾ (Philosophers) വിശ്വസിച്ചിരുന്നു. എന്നാൽ ഈ മങ്ങിയ ശാസ്ത്രബോധത്തിന്റെ വെളിച്ചത്തിൽ അവർക്ക് ഒന്നും ചെയ്യുവാൻ സാധിച്ചില്ല. കാലങ്ങൾ അങ്ങനെ കഴിഞ്ഞു. Boyle, Newton തുടങ്ങിയ ശാസ്ത്രജ്ഞന്മാർ ക്രമേണ ഉദയം ചെയ്തു. ഈ ശാസ്ത്രജ്ഞന്മാർ ലഭ്യമായിരുന്ന ശാസ്ത്രബോധത്തെ പ്രായോഗികമാക്കുവാൻ ശ്രമിച്ചു. അവർക്ക് വളരെ ഏറെ വിജയം ഉണ്ടായില്ല എന്നുവേണം പറയുവാൻ.

ഇംഗ്ലണ്ടിൽ മാഞ്ചസ്റ്റർ എന്ന സ്ഥലത്ത് ഒരു സ്കൂൾ അദ്ധ്യാപകനായിരുന്ന John Dalton അദ്ദേഹത്തിന്റെ തന്മാത്രാശാസ്ത്രവുമായി (Atomic Theory) രംഗപ്രവേശനം ചെയ്തു. അദ്ദേഹം ഒരുവിധത്തിൽ വിജയിച്ചു എന്നു വേണം പറയുവാൻ. അദ്ദേഹത്തിനു ശേഷമുണ്ടായ ശാസ്ത്രജ്ഞന്മാർ ആറ്റത്തെപ്പറ്റി വളരെ ഏറെ പഠിച്ചു തൽഫലമായി ആറ്റമിക് സയൻസ് എന്ന സയൻസിൽ ഒരു പുതിയ ശാഖതന്നെ ഉദയം ചെയ്തിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ആറ്റത്തിന്റെ നിലനില്പിനെ (Existence) തെളിയിക്കുക മാത്രമല്ല അവയുടെ ഘടന പോലും പഠിച്ചുകഴിഞ്ഞിരിക്കുന്നു. ആറ്റത്തിന്റെ ഘടന ഏതാണ്ട് സൗരയൂഥത്തിന്റെ (Solar System) ഇതുപോലെ തന്നെയാണ്. സൗരയൂഥത്തിൽ ഗ്രഹങ്ങൾ സൂര്യനെ വലയം ചെയ്തിരിക്കുന്നു. ഈ ഗ്രഹങ്ങൾ സൂര്യനു ചുറ്റും അതിവേഗം ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. സൂര്യൻ സൗരയൂഥത്തിൽ എന്നപോലെ തന്നെ ആറ്റത്തിൽ "Nucleus" എന്നപേരിൽ അറിയപ്പെടുന്ന ഒരു കേന്ദ്രസ്ഥാനമുണ്ട്. ഈ കേന്ദ്രസ്ഥാനത്താണ് ആറ്റത്തിന്റെ പിണ്ഡം (Mass) കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. ന്യൂക്ലിയസ്സിൽ ഒരു ക്ലിപ്ത എണ്ണം "Protons" ഉണ്ട്. ഇവയുടെ എണ്ണം വസ്തുവിന്റെ പ്രകൃതിയെ (Nature) ആശ്രയിച്ചിരിക്കുന്നു. ഈ പ്രോട്ടോൺസ് ഇലക്ട്രോൺസിനാൽ (Electrons) വലയം ചെയ്യപ്പെട്ടിരിക്കുന്നു. ഇലക്ട്രോൺസ് ന്യൂക്ലിയസ്സിനെ ചുറ്റും ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. പ്രോട്ടോൺസ് ധനവൈദ്യുതിയെ (Positive electric charge)-യും ഇലക്ട്രോൺസ് ഋണവൈദ്യുതിയെയും (Negative electric charge) വഹിക്കുന്നു. ന്യൂക്ലിയസ്സിലെ പ്രോട്ടോണിന്റെയും ന്യൂക്ലിയസ്സിനെ ചുറ്റി ഭ്രമണം ചെയ്യുന്ന ഇലക്ട്രോണിന്റെയും എണ്ണം തുല്യമായിരിക്കും. തന്നിമിത്തം ആറ്റത്തിൽ വൈദ്യുത ശക്തി സ്വതേ ഇല്ല (Atom is electrically neutral) ആറ്റത്തിന്റെ സ്ഥിരത പ്രോട്ടോണും ഇലക്ട്രോണും തമ്മിലുള്ള ഇലക്ട്രോസ്റ്റാറ്റിക് ആകർഷണത്തെ (Electrostatic Attraction) ആശ്രയിച്ചിരിക്കുന്നു.

ന്യൂക്ലിയസ്സിലുള്ള സ്വതന്ത്രപ്രോട്ടോണുകളുടെ എണ്ണമാണ് ഒരു വസ്തുവിന്റെ "Atomic number" എന്നു പറയുന്നത്. ഒരു വസ്തുവിന്റെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാണ് ആ വസ്തുവിന്റെ "Atomic number". ആറ്റമിക് നമ്പർ നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്ന് അന്യൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല ആറ്റത്തെ പ്രോട്ടോണും ഇലക്ട്രോണും ആയി വിഭജിക്കാം എന്നുകൂടി ഇന്നു കണ്ടുപിടിച്ചിരിക്കുന്നു. ഈ വിഭജനം സ്വച്ഛന്ദമായും നിരന്തരമായും "Radium" തുടങ്ങിയ വസ്തുക്കളിൽ പ്രകൃതിദത്തമായിത്തന്നെ സംഭവിക്കുന്നു. ഈ ക്രിയക്കാണ് "Radio activity" എന്നു പറയുന്നത്. റേഡിയോ ആക്റ്റീവ് അല്ലാത്ത ആറ്റത്തെ വിഭജിക്കുന്നതിനു ചില പ്രത്യേക മാർഗ്ഗങ്ങൾ അവലംബിച്ചിരിക്കുന്നു. ആറ്റം ഒരേവസ്തുവിന്റെ അംശങ്ങൾ കൊണ്ടല്ല നിർമ്മിക്കപ്പെട്ടിരിക്കുന്നത് (Homo genious) പ്രസ്തുത പല വസ്തുക്കളുടെ അംശങ്ങൾ ചേർന്നാണ് ഉണ്ടാകുന്നത്. പ്രോട്ടോൺ (Proton) ഇലക്ട്രോൺ (Electron) എന്നിവയ്ക്കു പുറമേ മെൻസോൺ (Menson) ന്യൂട്രോൺ (Nutron) പോസിട്രോൺ (Positron) തുടങ്ങിയവയെക്കൂടി ആറ്റം ഉൾക്കൊള്ളുന്നുണ്ട്. ഇവയ്ക്ക് അവയുടെ സ്വന്തമായ പ്രകൃതിവിശേഷങ്ങൾ ഉണ്ട്.

മേലുദ്ധരിച്ച അംശങ്ങളുടെ ഉല്പാദനം (Production) അവയുടെ ഗുണവിശേഷങ്ങൾ എന്നിവയുടെ പഠനം ആറ്റം ശക്തിയുടെ (Atomic energy) കണ്ടുപിടുത്തത്തിനു വഴിതെളിച്ചു. ആറ്റം വളരെ വലിയ ഒരു ശക്തിയുടെ കലവറയാണ് എന്നു വേണ

(ശേഷം 51-ാം പേജിൽ)

# മധുരനാരങ്ങ

(കറവ്വത്, കരുണാകരക്കുറുപ്പ്)
(III B. A. Economics)
(കേക)

പച്ചില വിതാനിച്ചു
മുൾച്ചെടി സമ്മാനിച്ച
സച്ചരിത്രത്തിൻ പുണ്യ-
നീരണിഫലാഗ്ര്യമേ !
മാമകാശതന്നുള്ളം-
കയ്യിൽ നീ കൃതകൃത്യ-
ഭാവസുസ്മിതാലോല
ജീവിതം പകരുന്നു
വാരണിപ്പുറന്തോട്ടത്തി
ലന്നു നിൻജന്മംകണ്ടു
താരകൾമയങ്ങുന്നു
കാലഭേദങ്ങൾ കാൺകെ
തരകൾ, തരളമേ-
മേചകപ്പിച്ചികാട്ടിൽ
നീറവം മിഴിച്ചിന്നും
നില്ക്കുന്നു മുന്നെപ്പോലെ
കാലവർഷത്തിൻകണ്ണു-
നീരിലൂടനവദ്യ-
ശ്രീലസത് വസന്തത്തി-
ന്നാമവെൺകളിർപൂശി
പൊന്നണി മലർ കാല-
കാല്യരാഗത്തിൻമുഗ്ദ്ധ-
സ്യന്നമാധുര്യസാ-
രസ്യങ്ങളൊന്നായ് പുൽകി,
നേരിൻെറ നിർമ്മാണമേ !
പാരിൻെറ-നിത്യാധ്യാന-
നീരാവു തിങ്ങുന്നീ
നാരകക്കൊമ്പിൽത്തൂങ്ങി.
എങ്ങനെ പിറന്നു നീ
മുള്ളുകൾക്കിടയിലെൻ-
മംഗളകണിപ്പൂവേ !
കയ്പുമാമരക്കൊമ്പിൽ
കാളമേഘത്തിൽ മഴ-
വില്ലുപോൽ തനിത്തങ്ക-
ക്കോമളക്കുട്ടക ! നീ
കയ്പിലെ മട്ടെന്ത് ?
മുള്ളിലും കയ്പിലും
മെയ്യിലും പ്രപഞ്ചത്തി-
ന്നുള്ളിലുമൊളിപ്പിക്കും
തേൻതുള്ളിമയങ്ങുന്നു.

യാതനതന്നുൾക്കാമ്പു-
മേകാന്തതതിൻ സ്നേഹ-
ച്ഛായയിലാത്മാഹ്ലാദ
കാരിത്വമുറങ്ങുന്നു.
വേനലിന്നഗ്നിജ്വാലാ-
മാലയിൽ ചെന്തീക്കനൽ-
പ്പീനമൂർത്തിയായ് മാറി
യെങ്കിലും ജാതാഹ്ലാദം,
നൈദാഘസന്താപാധ്യ-
ഗാവലിക്കുണർവ്വേകാൻ
പൈദാഹമാറ്റാൻ മധു-
രാസവമേകുന്നു, നീ
ജീവിതം പൊള്ളുമ്പോഴും
സ്വാതന്ത്ര്യശക്തിയിൽക്കൂടി—
പ്ലാവനമാനാചാര-
മാരചിപ്പുമധന്യം.
നല്ലിളം പൂവല്പാന്ത
മേനിയും, മുള്ളിൽത്തിങ്ങു-
മുല്ലസത് വികാരത്തിൽ
സത്ഭാവകതിർകളും,
കല്യധർമ്മികമമ്മ
മാധുര്യനീരും ചേർന്ന്
സല്ലളനീയാനന്ദ
സാരമേ ! നിന്നെക്കാൺകിൽ,
ആരൊന്നുമയങ്ങില്ല?
ലോകഗോളത്തിൽ കൊച്ചു
ലോകഗോളമായ് കാൺമൂ
നിന്നെ ഞാൻ, ചിന്താശീലൻ

## III

മരണം നീറുന്നഹാ !
മർത്ത്യസത്ത്വത്തിൻെറ
സമ്മാനമായും നിന്നെ
ഉവച്ചുതപ്പുന്നും
മോഹശാന്തികയ് നീയ
നല്ലൂറവംശങ്ങളും ലോക-
മോഹശക്തികളേക-
നിങ്ങൾക്ക സമ്മാനങ്ങൾ !

Short Story

# "മരുവിൽ മരീചിക_"

P. K. DAVID, IV U. C.

മഹേന്ദ്രജാലം പോലെയാണതു സംഭവിച്ചതു്. പണികളെല്ലാം വളരെ വേഗം പുരോഗമിച്ചു. ഒന്നാമതായി മുടക്കുന്നിനു ചുററും മതിലുകെട്ടി. അനേകം ജോലിക്കാർ അത്യുത്സാഹത്തോടെ പണിയെടുത്തു. അതിവേഗം അതു പൂർത്തിയായി. സിമൻറു തേച്ചു കഴിഞ്ഞു. മുകളിൽ മുള്ളുവേലിയും സ്ഥാപിച്ചു. സംഗതി ആഗ്രഹിച്ചതിലും മനോഹരമായി. മാധവൻ അകമേ പുഞ്ചിരിച്ചു.

ബലവത്തായ മതിൽക്കെട്ടു്. അതിനുള്ളിൽ മനോഹരമായ ഒരു വാസമാളിക രൂപം കൊള്ളുകയാണു്. വളരെ ആഴത്തിൽ കുഴിച്ചു കരിങ്കല്ലു കൊണ്ടുതന്നെ അടിസ്ഥാനം പണിയുന്നു. അതിനു മുകളിലുള്ള പണിയും വളരെ വിചിത്രംതന്നെ. ഓടി നടക്കുന്ന ജോലിക്കാരുടെ ഘോഷം അവിടെയെങ്ങും മാറെറാലിക്കൊള്ളുകയാണു്. മാധവൻ അല്പം നിന്നു. യുവജോലിക്കാരുടെ അഭിനയങ്ങൾ അയാൾക്കു നന്നേ പിടിച്ചു. അവിടെ എന്തെല്ലാം നാടകങ്ങളാണഭിനയിക്കപ്പെടുക. എന്തെല്ലാം രംഗങ്ങളാണു ചിത്രീകരിക്കപ്പെടുക. രംഗങ്ങളെല്ലാം മാധവൻെറ മനസ്സിൽ തെളിഞ്ഞുമിന്നി. അറിയാതെ അയാൾ ഒന്നു ചിരിച്ചു. അത്യുച്ചത്തിലുള്ള ഒരു ചിരിയായിരുന്നു. ചിരികേട്ടിട്ടാവാം, ജോലിക്കാർ ഒന്നിനു പുറകെ ഒന്നായി മാധവൻെറ മുമ്പിൽനിന്നും മാറുകയാണു്. പോയ്ക്കൊള്ളട്ടെ, അതു നന്നായി. അയാൾക്കു മററു കാര്യങ്ങൾ ശ്രദ്ധിക്കുവാനുണ്ടു്.

ഭൂതക്കണ്ണാടിയിൽക്കൂടെയെന്നപോലെ സൂക്ഷ്മമായിത്തന്നെ മാധവൻ ദർശിക്കുകയാണു്. അകലെനിന്നും അനേകം ലോറികൾ വരുന്നുണ്ടു്. ഒന്നിനു പുറകെ ഒന്നായി അവ പാഞ്ഞുവരുന്നു. മതിൽക്കെട്ടും കടന്നു വാഹനങ്ങൾ അകത്തുകടന്നു. അപ്പോഴേക്കും ആയിരം ജോലിക്കാർ അവിടെയെത്തി. അതിവേഗം അവർ ലോറിയിൽനിന്നും സാധനങ്ങൾ താഴെയിറക്കി. ഇഷ്ടിക, സിമൻറു്, കുമ്മായം, ഇരുമ്പുകമ്പി, ഉരുക്കുകമ്പി, ഇരുമ്പുവല, ജന്നൽ, കതകു് മററും മററും. പെട്ടെന്നാണതുണ്ടായതു്. കണ്ണിമയ്ക്കുന്നതിനുള്ളിൽ ലോറികൾ തിരിച്ചുപോയി. വാഹനങ്ങളുടെ ഗതിവേഗവും കറങ്ങുന്ന ചക്രങ്ങളും അടിത്തറയെ കോപിപ്പിച്ചു. ഉൽബുദ്ധരായ പൂഴികൾ, ശത്രുവിനെ കണ്ട സർപ്പത്തെപ്പോലെ, ഉയർന്നുപൊങ്ങി വട്ടംകറങ്ങി. കാര്യമെന്തെല്ലാമായാലും ഒന്നു സത്യമാണു്. മത്സരബുദ്ധി മാധവനു പണ്ടേ പിണക്കമാണു്. ഉടൻ അയാൾ കണ്ണു പുറകോട്ടു വലിച്ചു. പൂഴിജാലങ്ങളെ ഒരു പാഠം പഠിപ്പിക്കണം. അവിടം അയാൾ കോൺക്രീററു ചെയ്യും, തീർച്ച.

മാധവൻ തിരിഞ്ഞു നോക്കിയതും മാളികയുടെ പണി ആരംഭിച്ചതും ഒരുമിച്ചായിരുന്നു. അനേകം കല്ലാശാരികൾ നിരന്നുനിന്നു ഒന്നിനുമുകളിൽ ഒന്നായി ഇഷ്ടിക അടുക്കുകയാണു്. കതകുകളും ജന്നലുകളുമെല്ലാം അവിടവിടെ പ്രതിഷ്ഠിക്കപ്പെടുകയാണു്. അതിനുമപ്പുറത്തു ഇരുമ്പുവല വലിച്ചുനിവർത്തപ്പെടുന്നു. അതിനെല്ലാമപ്പുറത്തു ധവളമായ കുമ്മായ ലേപനം കവിത പകരുന്നു. സമയം അധികമെടുത്തില്ല. ഒന്നാം നിലപരിപൂർണ്ണമായി. അതു സമ്പൂർണ്ണവുമായിരുന്നു. മാധവൻ നോക്കിയിരിക്കവേ തന്നെ രണ്ടാംനില

---

(29-ാം പേജിൽനിന്നും തുടർച്ച)

മെങ്കിൽ പറയാം. ഈ ശാസ്ത്രബോധമാണു് ഇന്നത്തെ ആററം ബോംബിൻെറ ഉല്പാദനത്തിനും വളർച്ചയ്ക്കും വഴിതെളിച്ചതു്.

ഇങ്ങനെ പദാർത്ഥങ്ങളുടെ വളരെ ചെറിയ ഒരു അംശമായ ആററത്തിനു മനുഷ്യവർഗ്ഗത്തെ മുഴുവനും ഒററനിമിഷം കൊണ്ടു് നശിപ്പിക്കുവാൻ സാധിക്കുമെന്നു് വന്നിരിക്കുന്നു. ഇപ്പോഴും ആററം ശക്തിയെപ്പററി പഠിച്ചുകൊണ്ടിരിക്കുകയാണു്. ഈ ആററം യുഗത്തിൻെറ അവസാനം എന്തായിരിക്കുമെന്നു ഊഹിക്കുവാൻ പോലും നമുക്കിന്നു സാദ്ധ്യമല്ല.

യും പണിയും തീർന്നു. അതിനു മുകളിലുള്ള മട്ടുപ്പാവും തീർന്നു കണ്ടപ്പോൾ മാധവൻ അറിയാതെ തന്നെ ഒരു നല്ല സായാഹ്നം സ്വപ്നം കണ്ടു.

ആരാമത്തിലെ പണിയും അതിവേഗം ആരംഭിച്ചു. മനോഹരങ്ങളായ ലതകൾ അവിടെയെങ്ങും ആനന്ദം വാരി വിതറി. ഇമ്പയും തുളസിയും, ബന്തിപ്പുഷ്പവും റോസാപ്പൂവും, ആറുമാസവും അശോകച്ചെടിയും എന്നു വേണ്ട, അവിടം ഒരു വൃന്ദാവനമായിപ്പരിലസിച്ചു. മാധവൻ ഇടത്തോട്ടു നോക്കി. കർസ്സ്പക്ഷിക്കുന്നതിനുള്ള കൊച്ചുമുറി അവിടെ തയ്യാറായി. അതിനുമപ്പുറത്തു ദിനചര്യകൾക്കുവേണ്ടതായ എല്ലാ ക്രമീകരണങ്ങളും മോടിയോടുകൂടിത്തന്നെ ചെയ്തുകഴിഞ്ഞിരിക്കുന്നു. മാധവൻ മന്ദിരത്തിനുള്ളിലേക്കു ചാടിക്കയറി. ഒരു ചെറിയ പരിശോധന. എല്ലായിടത്തും ചെന്നു പറ്റാൻ അയാൾക്കു സമയമില്ല. ആദ്യമായി അയാൾ സ്വീകരണമുറിയിലെത്തി ; "ശരി, മനോഹരം". ഉടൻതന്നെ അയാൾ തന്റെ കിടപ്പുമുറിയിലെത്തി. അവിടുത്തെ സജ്ജീകരണങ്ങൾ അയാളെ കോരിത്തരിപ്പിച്ചു ; "ഹൌ ! അപ്രമേയം." അവിടെനിന്നും അയാൾ കുട്ടികൾക്കുള്ള അദ്ധ്യയനമുറിയിലേക്കു പോയി, "കാര്യക്ഷമം." അയാൾക്കു തൃപ്തിയായി. മതി, പരിശോധന അതു മതി. പുറത്തുവന്നു മാധവൻ ഒരിക്കൽക്കൂടെ തിരിഞ്ഞുനോക്കി. തന്റെ സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യങ്ങളാക്കിയ ആ ദിവസത്തെ അയാൾ മനസാ അനുഗ്രഹിച്ചു.

ആത്മമറിയാതെ മാധവൻ ഭാര്യാസമീപത്തേക്കു നീങ്ങുകയാണ്. മാളികയിൽ ഒരു മിച്ച താമസിക്കുന്നതിലുള്ള മാദകലഹരിയിൽ മൂർച്ഛിച്ച് അല്പപ്രജ്ഞനായി അയാൾ ഭാര്യയെ നീട്ടിവിളിച്ചു. "ദേവകിക്കുട്ടി, ദേവകിക്കുട്ടീ"—

"ഈ മനുഷ്യനു മറ്റു ജോലിയൊന്നുമില്ലേ, വൈകിട്ടു ചുമ്മാതിരിക്കാൻ"—ദേവകിക്കുട്ടിയുടെ പ്രത്യുത്തരം.

മാധവൻ മൂക്കിനുകളിൽ വിരൽവച്ചുപോയി. എങ്ങനെ വല്ലാതിരിക്കും ? സ്നേഹത്തിന്റെ പട്ടു വിരിപ്പിൽ ദേവകിക്കുട്ടിയെ തഴുകിയുറക്കാനാണ് താൻ ഈ പാടുപെട്ടതെല്ലാം. പക്ഷേ എന്തൊരു വിരോധാഭാസം ! എന്തൊരധികാരപരമായ പ്രത്യുത്തരം ! അതു കേട്ടപ്പോൾ മാധവനു കലിതുള്ളി. ശരിക്കവളെ ശിക്ഷിക്കുന്നതിനുവേണ്ടി ചുറ്റും കനത്തകമ്പന്വേഷിച്ച മാധവൻ—അത്ഭുതമെന്നു പറയട്ടെ—പൂർവ്വാപര വിരുദ്ധങ്ങളായ കാഴ്ചകളാണു കണ്ടത്. കട്ടയുണ്ടാക്കാൻ വേണ്ടിയെടുത്ത മണ്ണ് സമീപത്തുകൂടികിടക്കുന്നു. അതിനും അപ്പുറത്തു മൺവെട്ടി. തന്റെ രണ്ടു കുട്ടികളും എത്രയോ മാസങ്ങൾക്കു മുമ്പ് ഇടിഞ്ഞു വീണ പുരയുടെ തെക്കുവശത്തിരുന്നു മണ്ണുവാരിക്കളിക്കുന്നു. ദേവകിക്കുട്ടി അപ്പുറത്തു നിന്നു വെള്ളം കോരുന്നു. തന്റെ കൈയ്യിൽ കത്തിയിരുന്ന കറിബീഡി എപ്പോഴേ കെട്ടുപോയിരിക്കുന്നു. താൻ സ്വപ്നം കാണുകയായിരുന്നുവോ ? മാധവൻ ആലോചിച്ചു. പക്ഷേ ഒരിക്കലുമല്ല. അതിനു താൻ അപ്പോൾ ഉറങ്ങിയില്ല. പിന്നെ, താൻ ? മാധവനു തന്നെ അതിനുത്തരം കിട്ടിയില്ല. അയാൾ തല പുകഞ്ഞാലോചിച്ചു. അപ്പോഴാണ്, അയാളുടെ ഉള്ളിൽ തന്നെ ശാന്തമായ സ്വരത്തിൽ ഒരു മന്ത്രോച്ചാരണം: "അതായിരുന്നു ദിവാസ്വപ്നം"—

അല്പം ഒരു ബുദ്ധിജീവിയും, വളരെക്കുറച്ചു വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവനുമായ മാധവനിൽ എന്തോ ചില ഭാവഭേദങ്ങൾ തെളിഞ്ഞു കണ്ടു. ജീവിതത്തിൽ ചുരുണ്ടുകൂടികിടക്കുന്നതിനു് ഒരു വീടുണ്ടാക്കുവാൻ അനേകനാളുകളായി അയാൾ പരിശ്രമിക്കുകയായിരുന്നു. അയാളുടെ ജീവിതം തികച്ചും അശ്രദ്ധാപരമായിരുന്നു. കണ്ണിനു മുമ്പിലുള്ള അനേകം കർത്തവ്യങ്ങളെ കവച്ചു വച്ചിട്ടു സങ്കല്പ വിമാനത്തിൽ കയറി അയാൾ പറന്നുയരാറുണ്ടായിരുന്നു. ഭാവനാ വിഹായസ്സിലെമുന്തിരിച്ചാറു നിറച്ച സ്ഫടികപ്പാത്രത്തിൽ നിന്നും മതിയാവോളം വലിച്ചുകുടിക്കുക അയാൾക്കൊരു രസമായിരുന്നു. മാധവൻ കുനിഞ്ഞുനോക്കി. മൺവെട്ടിയും കൂട്ടിയിട്ട മണ്ണും അയാളെ നോക്കിച്ചിരിക്കുന്നു. മാധവൻ തല ഉയർത്തി നോക്കി. മുകളും തന്നെ നോക്കി ഗോഷ്ടി കാണിക്കുന്നു. മനുഷ്യനെയും പിശാചിനെയും ഒന്നുപോലെ കോപിപ്പിക്കുന്ന ഗോഷ്ഠ്യഭിനയങ്ങൾ. കണ്ണടച്ചിട്ടു അയാൾ വീണ്ടും ചിന്തിച്ചു. ഒരു കൊച്ചു വീടു ചമയ്ക്കുവാൻ ഇതുവരെയും കഴിയാതെ പോയ താൻ ക്ഷണനേരംകൊണ്ടു ഗംഭീരമായ ഒരു മാളികയുടെ അധിപതിയായി. "അതിൽ എന്താണു തെറ്റു്"'

## COLLEGE TENNIS TEAM



*Sitting:* C. P. Andrews (Physical Director); T. B. Thomas (Principal); T. C. Joseph (President).
*Standing:* T. S. Simon: K. George; P. M. John; Jacob Rajan.

## THE SOCIAL SERVICE LEAGUE DRAMATIC CLUB

*They enacted:* യാഥാർത്ഥ്യങ്ങൾ —*By P. V. Namboothiry*



*Bottom row:* P. K. George (Secretary); Ramachandran Pillai; M. P. Ramachandra Panicker (Secretary).
*Middle row:* P. K. David (Gen. Secretary); Narendra Kaimal; K. George Zachariah, M. A. (President); P. M. Mathew; P. T. Thomas, M. Sc.; T. O. Nadirsha.
*Top row:* Bhaskaravarma Raja: Ramakrishna Pillai; T. S. Balaram; P. G. George; A. Veeran Pillay; Abdul Karim; M. Thomas.

## COLLEGE HOCKEY TEAM—1957-'58



*Sitting:* C. P. Andrews, B. A., D. P. E. (Physical Director); George Abraham; T. B. Thomas, B. SC. (Hons.), M. SC. (Dunlom), (Principal); C. E. John (Captain); George Zachariah, M. A. (President).

*Standing 1st row:* K. C. Philipose Tharakan; Sukumara Pillai N.; Issac Palot; M. V. Paul; A. S. Babu; A. M. Verghis.

*2nd row:* M. Olikara; C. A. Abraham; Y. Cherian; T. M. Alexander Vidyan; Johny Eapen.

## MATHEMATICS ASSOCIATION

SEND OFF TO THE SENIOR STUDENTS



—മാധവൻ ആലോചിച്ചു. ന്യായമായിത്തന്നെ അതിനെങ്കിലും തനിക്കവകാശമില്ലേ? അതുമാത്രം ഇക്കാരണത്താൽ തന്നെ ശിക്ഷിക്കാനില്ല. മാളിക രൂപം കൊണ്ട മുട്ടക്കുന്നിലേക്കു മാധവൻ ഒരിക്കൽക്കൂടെ കണ്ണുകളയച്ചു. അതിന്റെ മുകളിൽ രണ്ടു കാക്കകൾ പറക്കുന്നുണ്ട്. അത്രമാത്രം. അവിടെയെങ്ങുമില്ല മനോഹരമായ മാളിക. ഒന്നയാൾക്കു മനസ്സിലായി. താൻ വിജനമായ മരുഭൂമിയിലെ ഒരൊട്ടകമായിരുന്നു; അതു കേവലം ഒരു മൃഗതൃഷ്ണയായിരുന്നു എന്ന്. അല്പായുസ്സായ മൃഗതൃഷ്ണ. കൈയ്ക്കാട്ടി വിളിച്ചിട്ട്, തെററിത്തെററി ഒഴിഞ്ഞ്, അവസാനം അടിച്ചുവീഴുന്ന മൃഗതൃഷ്ണ!

മാധവൻ മുററത്തേക്കു നോക്കി. കിഴക്കു കണ്ട കാർമേഘ ശകലങ്ങളെ നോക്കി ദേവകിക്കുട്ടി കണ്ണീരൊഴുക്കുന്നു. കൃഷിക്കായി എല്ലാവരും മഴയും കാത്തു കാത്തിരിക്കുമ്പോൾ, കിഴക്കു കണ്ട കാർമേഘങ്ങളെ നോക്കി, തന്റെ ദേവകിക്കുട്ടി മാത്രം നെടുവീർപ്പിടുന്നു! അല്ലെങ്കിൽ അവളെ എന്തിനു കുററം പറയണം? മഴയത്ത് അവൾ എവിടെയാണു കിടക്കേണ്ടത്? ജ്വരം ബാധിക്കാതിരിക്കാൻ അവളുടെ പിഞ്ചുകുഞ്ഞുങ്ങൾ എന്തൊരോലക്കെട്ടിനു കീഴിലാണു തല ചായ്ക്കേണ്ടത്? സ്നേഹമയിയായ ദേവകിക്കുട്ടിയുടെ വാടിയ മുഖം അയാളുടെ ഹൃദയഭിത്തികളിൽ ചിത്രം വരയ്ക്കുകയാണ്. അതു കണ്ട മാധവന്റെ മനസ്സു വളരെയേറെ വേദനിച്ചു. തന്റെ ജീവിതത്തിലേക്കു താൻ തിരിഞ്ഞുനോക്കി. മുഴുവൻ പരാജയം. ദേവകിക്കുട്ടിയുമായി, തോളോടു തോൾ ഉരുമ്മിക്കൊണ്ട്, ജീവിത സോപാനത്തിന്റെ പ്രഥമപടി ചവുട്ടിക്കയറിയപ്പോൾ പലപല പ്രതീക്ഷകളും അയാളുടെ ഹൃദയത്തിൽ മൊട്ടിടുകയായിരുന്നു. അയാളുടെ പ്രതീക്ഷകളിൽ ഒന്നു മാത്രം നിറവേറി—അയാൾ രണ്ടു കുട്ടികളുടെ അച്ഛനായി. മൂന്നാമത്തെ സന്താനം വെളിച്ചം കാണുവാൻ വെമ്പൽ കൊള്ളുകയുമായിരുന്നു.

മാധവൻ ഇതുമാലോചിച്ചു. എന്താണു തന്റെ ജീവിതത്തിൽ സംഭവിച്ച തെററ്? അയാൾക്ക് ഉടൻ അതു മനസ്സിലായില്ല. സാഹചര്യത്തോടു ചേർന്നു ജീവിക്കാൻ തനിക്കു സാധിച്ചില്ലായിരുന്നിരിക്കണം. സമയം സന്ധ്യയോടടുക്കുകയായിരുന്നു. അസ്തമയസൂര്യൻ കാർമേഘങ്ങൾക്കിടയിൽക്കൂടെ ഒളിഞ്ഞു നോക്കുന്നു. എന്തായാലും എന്തോ ചില തീരുമാനങ്ങളോടെ മാധവൻ നടന്നടുക്കുകയായിരുന്നു. അതിന്റെ പൂർത്തീകരണമോർത്തപ്പോൾ അയാൾ അറിയാതെ തന്നെ മന്ദഹസിച്ചു. മാധവന്റെ തീരുമാനവും മന്ദഹാസവും മനസ്സിലാക്കിയ സൂര്യൻ പൂർവ്വാധിക ശോഭയോടെ എരിഞ്ഞടങ്ങി. സത്യമാണിപ്പറയുന്നത്; അപ്പോഴും അയാൾ റൂബിക്കാൻ നദികടക്കുകയായിരുന്നു. തന്റെ തീരുമാനങ്ങൾ ദേവകിക്കുട്ടിയുംകൂടെ അറിഞ്ഞുകൊള്ളട്ടെ. ദൃഢചിത്തനായി, ശാന്തമായ സ്വരത്തിൽ, മാധവൻ വിളിച്ചു—

"ദേവകീ"

"................"

"ദേവകിക്കുട്ടീ"

"എന്തോ"

"നീ ഇങ്ങു വരുന്നേ"—

"എന്താന്നാ"—

"അടുത്തു വാടീ"

"ഹോ, എന്താണെന്നു പറയിൻ, എനിക്കു കഞ്ഞിവയ്ക്കണം"

"ദേവകിക്കുട്ടീ"

"ഉം"

"നിനക്കെന്നെ വിശ്വാസമുണ്ടോ?"

"ഹയ്യോ, ഇതെന്തൊരു ചോദ്യമാ! പിന്നെയെനിക്കു നിങ്ങളെ വിശ്വാസമില്ലേ"—

"എങ്കിൽ ഞാൻ പറയുന്നതു നീ ശ്രദ്ധിച്ചു കേൾക്കണം"

"എന്നാൽ പറയിൻ"

"ദേവകീ"

"ഉം"

"പുരയില്ലാത്തതിൽ നിനക്കു വിഷമമുണ്ടോ?"

"പോകിനെന്നേ നിങ്ങളുടെ ജോലിയും നോക്കി. കേട്ടില്ലേ ഓരോ ചോദ്യം. ഞാനെന്റെ പോക്കിനു പോകയാ"—

"ദേവകീ"

"ഉം"

"ഇവിടെ വാ, നീ"

"ശരി, വന്നു"

"നിനക്കെന്നെ വിശ്വാസമില്ലേ !"

"വിശ്വാസോക്കെയുണ്ട്"

"എന്നാൽ ഞാൻ പറയുന്നു, ഒരു മാസത്തിനകം നീ നില്ക്കുന്ന ഈ സ്ഥലത്തു ഞാനൊരു വീട് പണിയും, എന്ത്"

"ഓഹോ, ഇതു കുറെ കേട്ടതാ"

"ഇതു കേട്ടതല്ല, നീ കാണാൻ പോകുന്നതാ"—

"നേരാണോ, ഇപ്പറയുന്നത് ?"

"ഈശ്വരനാണെ സത്യം—അതവൾക്കു അത്ഭുതധാരയായിരുന്നു. ഇത്രയും കേട്ടതേയുള്ളു. അവൾ ആനന്ദവിവശയായി. ദേവകിക്കുട്ടി മാധവനോട് അല്പംകൂടെ അടുത്തു. വലിച്ചുവന്ന കൂരിരുട്ട് ആ രംഗത്തിനു വിരാമമിട്ടു.

× × × × ×

മാധവന്റെ ഉള്ളിൽ മഹത്തായ വിപ്ലവം നടക്കുകയാണ്. തന്നെ അടി മുതൽ മുടിവരെ ഉടച്ചു വാർത്ത മതിയാകൂ. ഭയങ്കരമായ കൂരിരുട്ടുള്ള രാത്രികളിൽ എല്ലാവരുമുറങ്ങുമ്പോൾ ഒരു ജീവിമാത്രം ഉറങ്ങുകയില്ല. മാധവൻ എഴുന്നേറ്റിരിക്കും. രാത്രിയുടെ ഭയാനകമായ നിശ്ശബ്ദതയിൽ ഒരു തീപ്പെട്ടിക്കോൽ ഉരയുന്ന ശബ്ദം മാത്രം കേൾക്കാം. അപ്പോഴേക്കും ചുണ്ടിലിരിക്കുന്ന ഒരു ബീഡി കത്തിക്കഴിഞ്ഞിരിക്കും. അലക്ഷ്യമായി അയാൾ പുകവളയങ്ങൾ അന്തരീക്ഷത്തിലേക്കു തള്ളിയയയ്ക്കും. കൂരിരുട്ടിൽ തെളിഞ്ഞുകാണപ്പെടുന്ന പുകച്ചുരുളുകൾ അയാളുടെ ഒരു നല്ല ഉപദേശകനാണ്. നിശ്ശബ്ദമായ ഭാഷയിൽ അതയാളോടു പറയും : "മാധവാ, എന്റെ പ്രിയപ്പെട്ട മാധവാ, കൊച്ചുമാളിക ; കൊച്ചുദ്യാനം ; കൊച്ചുസാഹചര്യം—" എന്നെല്ലാം. കൊച്ചുസാഹചര്യങ്ങളെല്ലാം ചെറുതായി ഒത്തുചേർന്ന ഒരു കൊച്ചുലോകം മാധവൻ മുമ്പിൽക്കാണും. എതിരെല്ലാം പ്രതികൂലസാഹചര്യങ്ങളും വേണമെങ്കിൽ വന്നുകൊള്ളട്ടെ. ധീരമായിത്തന്നെ താൻ അവയോടെല്ലാം പടവെട്ടും. അവസാനം വിജയത്തിന്റെ വെന്നിക്കൊടി താൻ പാറിക്കും. മുമ്പിൽക്കാണുന്ന കൊച്ചുലോകത്തിന്റെ മഹാഗിരിയിൽ തെളിഞ്ഞുനിന്നുകൊണ്ടു താൻ വിജയകാഹളമൂതുമ്പോൾ—അന്ന്, അതിനുശേഷം—സ്നേഹമയിയായ തന്റെ ദേവകിക്കുട്ടി പിന്നീടൊരിക്കലും കൃത്രിമവേഷങ്ങളെക്കണ്ടു കണ്ണീർ പൊഴിക്കുകയില്ല. പട്ടിണി കിടക്കുന്ന തന്റെ കുട്ടികൾ പിന്നീടൊരിക്കലും വിശപ്പിന്റെ രുചി അറിയുകയില്ല. അതേ, മുമ്പിൽ ഉണ്ടാകുവാൻ പോകുന്ന കൊച്ചുദ്യാനത്തിൽ ഇരുന്ന് അവർ കളിച്ചു രസിക്കും. അത്രയുമൊന്നുമല്ല ; പക്ഷെ അപ്പോഴേക്കും മാധവൻ ഒരു സമാധിയിൽ പ്രവേശിക്കും. പുറത്തുള്ള ബലിഷ്ഠമായ ആവരണം പിച്ചിച്ചീന്തിക്കൊണ്ടു പുറത്തുവരുവാൻ ആ ജീവി ആത്മാർത്ഥമായി ആഗ്രഹിക്കും. പക്ഷെ ആ ജീവി പുറത്തുവരുവാൻ, അന്തരീക്ഷത്തിൽ സ്വച്ഛന്ദം വട്ടമിട്ടു പറക്കുവാൻ, പിന്നെയും കഴിയേണ്ടിയിരിക്കുന്നു മാസം ഒന്ന്.

പ്രഭാതത്തിനു ഏഴെട്ടു നാഴിക മുമ്പു തന്നെ മാധവൻ ഉണരും. കുളിച്ചുതന്നെ ഒരു ബീഡി വലിച്ചുകഴിയുമ്പോഴേക്കും അയാളുടെ സകല നിദ്രയും പമ്പ കടക്കും. ഉടൻതന്നെ അയാൾ കുട്ടയും മൺവെട്ടിയുമെടുക്കും. ശാന്തമായി മുറ്റത്തയാൾ മണ്ണു ചുമന്നുകൂട്ടും. ദേവകിക്കുട്ടിയും അപ്പോഴേക്കും ഉണരും. അവൾ വെള്ളം കോരി മണ്ണു നനയ്ക്കും. താമസംവിനാ, നൂറുനൂറു മൺകട്ടകൾ അവിടെ രൂപം പ്രാപിക്കും, അപ്പോഴേക്കും നേരം വെളുത്തു കഴിയും. ജോലിക്കായി മാധവൻ പട്ടണത്തിലേക്കു നടന്നു നീങ്ങും. വൈകിട്ടു തിരിച്ചുവരുന്ന അയാൾ പാകമായ മൺകട്ടകളാണു കാണുക. ദിവസങ്ങൾ രണ്ടുമൂന്നു കടന്നുപോയി. അപ്പോഴേക്കും ഭിത്തികൾക്കാവശ്യമായ കട്ടകളുണ്ടായി. അതോടൊപ്പംതന്നെ ഉദ്യാനരചനയിലും അയാൾ താല്പര്യം പ്രദർശിപ്പിച്ചു. മുറ്റം ആഴത്തിൽ കിളച്ചു. അങ്ങിങ്ങായി മരിച്ചീനിക്കമ്പുകൾ മുറിച്ചുനട്ടു. കുട്ടികൾ അതിനു വെള്ളം കോരി. അതിനുമപ്പുറത്തു ഏത്തനും വാഴകൾ നട്ടു. ഉടൻതന്നെ ദേവകിക്കുട്ടി അതിനെല്ലാം വളവുമിട്ടു. ഒരാഴ്ചയ്ക്കകം അവയെല്ലാം പൊട്ടിച്ചിരിച്ചുകൊണ്ടു ജന്മമെടുത്തു. അത്യുത്സാഹത്തോടെ അവ വളർന്നു വരികയാണ്. അതേ, ഉദ്യാനം രൂപം പ്രാപിച്ചു, ഇതിനിടയിൽ മാധവൻ കുറച്ചു രൂപയും സംഭരിച്ചിരുന്നു. ഒരാശാരിയുടെ ഒരു ദിവസത്തെ പണിയാണ്; തന്റെ അനേക ദിവസത്തെ അദ്ധ്വാനമാണ്—ഒരു സമ്പാദ്യം, ഒരു കൊച്ചുവീട് അവിടെ ഉയർന്നിരുന്നു. അന്നുതന്നെ

# മനുഷ്യനുവേണ്ടിയുള്ള ഒരു തത്വശാസ്ത്രം

കെ. എ. മുഹമ്മദ്

തത്വശാസ്ത്രങ്ങളുടെ അഭാവംമൂലം ഉയിർക്കേണ്ട ഒരു പരിതഃസ്ഥിതി ലോകത്തിനു ഇന്നുവരെ നേരിടേണ്ടി വന്നിട്ടില്ല. നേരു പറഞ്ഞാൽ പരസ്പര ഭിന്നങ്ങളായ അനേകം ആദർശസംഹിതകളുടെ മദ്ധ്യത്തിൽ കിടന്നു മനുഷ്യൻ ഇന്നു വീർപ്പു മുട്ടുകയാണ്. മരുന്നുകളുടെ അഭാവമല്ല, നേരെമറിച്ചു അവയുടെ ആധിക്യമാണു രോഗിയെ ഇന്നു വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നു സാരം.

മനുഷ്യന്റെ സുഖവും സംതൃപ്തിയുമാണ് എല്ലാ തത്വസംഹിതകളുടെയും പരമമായ ലക്ഷ്യം. എന്നാൽ പ്രയോഗത്തിൽ യാതൊരു തത്വസംഹിതയും ഇന്നുവരെ എല്ലാ മനുഷ്യർക്കും സുഖവും സംതൃപ്തിയും നേടിക്കൊടുക്കുന്നതിൽ വിജയിച്ചതായിക്കാണുന്നില്ല. ഒട്ടുമിക്കവയും വളരെപ്പേരുടെ വർദ്ധമാനമായ ക്ഷേമത്തിനുവേണ്ടി നിലകൊള്ളുമ്പോൾ വേറെ ചിലതു ചുരുക്കം ചിലരുടെ മാത്രം അ

---

അയാൾ പുറമേത്തു കേട്ടു. ശരി—മാളികയായി, ഉദ്യാനമായി.

മാധവൻ ഒത്തു പരിശ്രമിച്ചു. അത്യദ്ധ്വാനം ചെയ്തു. അഭിമാനം വെടിഞ്ഞും പണിയെടുത്തു. അയാൾക്കു നിത്യേന കൂലി മുടങ്ങാതെയായി. കൊച്ചുസാഹചര്യങ്ങളുള്ള ഒരു കൊച്ചുലോകം അയാളുടെ കാൽക്കീഴിലാകാൻ പോവുകയാണ്. അതോടെ മാധവനു ഒരു മന്ദഹാസം. അതേ, അതു വിജയകാഹളത്തിന്റെ മുന്നോടിയായിരുന്നു.

× × × × ×

അന്നു തന്റെ മൂത്ത കുട്ടിയുടെ പിറന്നാൾ ആയിരുന്നു. മാധവൻ അന്നു ജോലിക്കു പോയില്ല. അയാൾ മുറിക്കുള്ളിലേക്കു നോക്കി. വെള്ളവസ്ത്രം ധരിച്ചുകൊണ്ടു ദേവകിക്കുട്ടി വിഭവങ്ങളൊരുക്കുന്നു. കുറച്ചു നാളുകളായി അവളുടെ സൗന്ദര്യം ഏറ്റു കണ്ടു വർദ്ധിച്ചിട്ടുണ്ട്! അഭിമാനത്താൽ അയാൾ അല്പം ഉയർന്നു. മാധവൻ പുറത്തേക്കു നോക്കി. മുറ്റത്തുള്ള മരച്ചീനിക്കാടുകളിൽ തങ്ങളുടെ കുട്ടികൾ ഒളിച്ചുകളിക്കുന്നു. അവർ രസിക്കണം. അതിനാണു താൻ ബദ്ധപ്പെടുന്നതു്. പുരയ്ക്കുള്ളിൽ അയാൾ ശരിക്കൊരു പരിശോധന നടത്തി. കൊച്ചു സാഹചര്യങ്ങളെല്ലാം കോർത്തിണങ്ങിയിട്ടുണ്ട്. കുട്ടികളുടെ പിറന്നാൾ വസ്ത്രങ്ങൾ കാറ്റത്തു് ആടുന്നു. അയാൾ സാവധാനം പുറത്തേക്കു നടന്നു. ഉച്ചവെയിലിൽ മുകുളങ്ങൾ വലുതായി വിടരുന്നു.

അതാണു മരീചിക. അപ്രാപ്യമായ മരീചിക. അതിന്റെ മുമ്പിലാണു താൻ പതറിയോടുകയായതു്. ഇന്നു അയാൾ മുറ്റത്തേക്കു നോക്കി. തന്റെ ഭാര്യയ്ക്കു സന്തോഷം വർദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്കുത്സാഹം കൂടിയിട്ടുണ്ട്. കൊച്ചുമാളിക, കൊച്ചുദ്യാനം, കൊച്ചുസാഹചര്യങ്ങൾ—ഇതെല്ലാം ഒത്തുചേർന്ന ഒരു കൊച്ചുലോകം. അതു തന്റെ കാൽക്കീഴിലായിരിക്കുന്നു. അതേ, താൻ മരീചികയിൽ ജലം കണ്ടെത്തിയിരിക്കുന്നു! കരഗതമായ കൊച്ചുലോകത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയിൽക്കയറിനിന്നുകൊണ്ടു മാധവൻ നാലുപുറവും നോക്കി. ഏതു ലോകവും തനിക്കു പ്രാപ്യമാണെന്നൊരു ബോധം അയാൾക്കുണ്ടായി. മാധവൻ ഞെളിഞ്ഞുനിന്നു. തുറിച്ചു നോക്കി. മരീചിക ഓടിമറയുകയാണ്. മുകളിൽ ഒന്നുമില്ല. ഒരിക്കൽ മരീചികയും കാട്ടിത്തന്നെ ഗോഷ്ഠികാണിച്ച മുകുളങ്ങൾ ഇന്നു, തന്റെ അജയ്യമായ കൊച്ചുലോകത്തിന്റെ ശക്തിയുടെ മുമ്പാകെ തല കുനിക്കുന്നു. അതിനുമപ്പുറത്തു ശൂന്യാകാശം മാത്രം. അയാൾ അല്പസമയം ആ നില്പു നിന്നു. ഉണ്ണാനായി ദേവകിക്കുട്ടി തന്നെ വിളിക്കുന്നു. അഭിമാനത്തിൽ ഉയർന്നു പൊങ്ങിയ അയാൾ ഉച്ചത്തിൽത്തന്നെ വിളികേട്ടു. സമസ്ത ചരാചരങ്ങളിലും—വിശിഷ്യാ മുകുളങ്ങളിലും—ആ ശബ്ദം പ്രതിധ്വനിച്ചുനിന്നു. ചുറ്റുപാടുകളെ കീഴടക്കിക്കഴിഞ്ഞ ഒരു ധീരയോദ്ധാവിന്റെ വിജയകാഹളമായിരുന്നു അതു്.

വശ്യങ്ങളും അവകാശങ്ങളും കേട്ടുകൂടാതെ കാത്തുരക്ഷിക്കുന്നു. പരിതാപകരമായ ഈ ചുററുപാടിൽ ആശയുടെ വെള്ളി വെളിച്ചം പ്രദാനം ചെയ്യുന്നതു് അയ്യായിരം സംവത്സരക്കാലത്തെ ആർഷമായ സംസ്കാരപാരമ്പര്യമുള്ള ഭാരതത്തിന്റെ മണ്ണിൽ പിറവിയെടുത്ത സർവ്വോദയാദർശം ഒന്നു മാത്രമാണു്.

ഭോഗലാലസയും അധികാരദുർമ്മോഹവുമെല്ലാം തത്വശാസ്ത്രത്തിന്റെ രൂപം പൂണ്ടിരിക്കുന്ന ഈ യന്ത്രയുഗത്തിൽ ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശമാണു് സർവ്വോദയം ലോകത്തിനു നല്കുന്നതു്. സൂര്യൻ എല്ലാവർക്കുംവേണ്ടി ഉദിക്കുന്നു. അതുപോലെ സ്വാതന്ത്ര്യം—അതിന്റെ എല്ലാ അർത്ഥത്തിലും—സമുദായത്തിലെ ഓരോ വ്യക്തിക്കും ചൂടും വെളിച്ചവും നല്കുമ്പോൾ മാത്രമേ ഭദ്രവും അഭിലഷണീയവുമായ ഒരു സാമൂഹ്യജീവിതം കരഗതമായെന്നു നമുക്കഭിമാനിക്കാനൊക്കുകയുള്ളൂ. ഒരു കുടുംബത്തിൽ എല്ലാ അംഗങ്ങളും പരസ്പരം സ്നേഹിച്ചും സഹായിച്ചും ജീവിക്കുന്നു. ചൂഷണം ചെയ്യുന്നവരോ ചൂഷണത്തിനു വിധേയരായവരോ ഇല്ല. പരാതിക്കോ വിദ്വേഷത്തിനോ അവിടെ സ്ഥാനമില്ല. കുടുംബത്തെ സംബന്ധിച്ച ഈ തത്വം സമുദായത്തോളം വിശാലമാക്കുകയെന്നുള്ളതാണു സർവ്വോദയത്തിന്റെ മുഖ്യലക്ഷ്യം.

സർവ്വോദയത്തിന്റെ ഒരവിഭാജ്യഘടകമെന്ന നിലയിലാണു് ഭൂദാനയജ്ഞപ്രസ്ഥാനം ഇന്നറിയപ്പെടുന്നതു്. ഇതിന്റെ ഉത്ഭവകഥ അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. 1950-ൽ ഹൈദരബാദിൽവച്ചു ചേന്ന സർവ്വോദയസമ്മേളനത്തിൽ പങ്കെടുത്തു മടങ്ങുംവഴി ആചാര്യവിനോബാഭാവേ തെലുങ്കാനാ ഡിസ്ട്രിക്ടിലൂടെ കടന്നുപോകുന്നതിനിടയായി. കൃഷിക്കാരുടെ സങ്കടങ്ങൾ പരിഹരിക്കാനായി, കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ നടന്ന ഒരു സായുധവിപ്ലവം ദയനീയമായി പരാജയപ്പെട്ടതു് അവിടെ വച്ചാണു്. പ്രസ്തുത സ്ഥലം നേരിട്ടു കാണുകയും അവിടത്തെ കൃഷിക്കാരുമായി ഇടപഴകുകയും ചെയ്തപ്പോൾ അക്രമമാർഗ്ഗത്തിന്റെ അപര്യാപ്തത വിനോബാഭാവേയ്ക്കു ശരിക്കും മനസ്സിലായി. അക്രമം അക്രമത്തെ ക്ഷണിച്ചുവരുത്തുകമാത്രമേ ചെയ്യുന്നുള്ളൂ. നേരെമറിച്ചു അഹിംസയുടെയും ഹൃദയപരിവർത്തനത്തിന്റെയും മാർഗ്ഗത്തിലൂടെ പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം കണ്ടെത്താൻ കഴിയും, അങ്ങനെ സായുധസമരത്തിന്റെ ആ പരീക്ഷണശാലയിൽവച്ചു—തെലുങ്കാനായിൽവച്ചു—'ഭൂദാനയജ്ഞം' എന്ന മഹത്തായ ആശയം വിനോബാഭാവേയിൽ ആദ്യമായി അങ്കുരിച്ചു.

മഹത്തായ ഒരു സാമ്പത്തിക വിപ്ലവം തികച്ചും അഹിംസാധിഷ്ഠിതമായ മാർഗ്ഗങ്ങളിലൂടെ കൈവരുത്തുകയെന്ന ഭൂദാനയജ്ഞപ്രസ്ഥാനത്തിന്റെ ലക്ഷ്യം സമയത്തിന്റെയും മനുഷ്യപ്രയത്നത്തിന്റെയും ഒരു പാഴ്ച്ചെലവായേ പരിണമിക്കുകയുള്ളുവെന്നു വാദിക്കുന്നവരുണ്ടു്. പക്ഷെ, അവർ ഭീമമായ ഒരു തെററുപററിയിരിക്കുന്നു. ആരെയെങ്കിലുമൊക്കെ സമീപിച്ചു കുറെയേറെ ഭൂമിദാനമായി സ്വീകരിക്കുകയെന്നുള്ള കേവലമായ ആശയമല്ല ഭൂദാനയജ്ഞത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നതു്. ജനഹൃദയങ്ങളിൽ ഒരു വിപ്ലവം ഉൽഘാടനം ചെയ്യുകയാണതിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. കൈവശമുള്ള ഭൂമിയിൽനിന്നും ഒരംശം അർഹതയുള്ള സഹജീവിക്കു നല്കുന്നതിലൂടെ താൻ വിശാലമായ മനുഷ്യകുടുംബത്തിലെ ഒരംഗമാണെന്നും തനിക്കു മററുള്ളവരോടു ചില കർത്തവ്യങ്ങളെല്ലാമുണ്ടെന്നുമുള്ള യാഥാർത്ഥ്യത്തെ സ്വയം അംഗീകരിക്കുകയാണു് ഒരാൾ ചെയ്യുന്നതു്. അടിസ്ഥാനപരമായ ഈയൊരു ധാരണ ജനഹൃദയങ്ങളിൽ വേരൂന്നാത്തിടത്തോളം കാലം യാതൊരു പ്രശ്നത്തിനും ശാശ്വതപരിഹാരം കാണുക സാദ്ധ്യമല്ലതന്നെ. അന്തഃകരണത്തെ അവഗണിച്ചുകൊണ്ടുള്ള എല്ലാ വിപ്ലവങ്ങളും അവയുടെ പ്രഖ്യാപിതലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം ദയനീയ പരാജയങ്ങളായിത്തീർന്നുവന്നതു ചരിത്രാനുഭവങ്ങൾ നല്കുന്ന മഹത്തായ ഒരു പാഠമാണു്.

സർവ്വോദയത്തിന്റെ അന്തിമമായ ലക്ഷ്യം ചൂഷണത്തിൽനിന്നും ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളിൽനിന്നും വിമുക്തമായ ഒരു സാമൂഹ്യ വ്യവസ്ഥിതി സ്ഥാപിക്കുകയാണു്. ഭരണകൂടത്തിന്റെ നിയന്ത്രണവിധേയമല്ലാത്ത ഒരു വ്യവസ്ഥിതിയെന്നു കേൾക്കുമ്പോൾ പലരും നെററി ചുളിച്ചേക്കാനിടയുണ്ടു്. അപ്രായോഗികമായ ഒരു ദിവാസ്വപ്നമെന്ന നില

# റെക്കോർഡിംഗ്റൂമിലെ സൌന്ദര്യപ്പിണക്കം

വിനോദഭാവന.

(Annie M. Thominen U. P. Class. B. Batch)

"ഇൻറർസ്കൂൾ സ്പോർട്ട്സ്മീറ്റ് തിരുവനന്തപുരത്തു പോയകഥ മറന്നുപോയോ, അന്നു?" മറക്കാനാവാത്ത ഭൂതകാലസ്മരണകൾ ഉത്തേജിപ്പിച്ചുകൊണ്ടു് സുമയുടെ ആ നീണ്ട കത്തിലെ രണ്ടാമത്തെ ഖണ്ഡിക ഇങ്ങനെ ആരംഭിച്ചു. നല്ല കാര്യം! അക്കഥ മറക്കുകയോ?

കഴിഞ്ഞ കൊല്ലം ഇൻറർസ്കൂൾ സ്പോർട്ട്സ്മീറ്റിനു് ഞങ്ങളുടെ സ്കൂളിൽനിന്നു് ഏഴുകുട്ടികളെ തിരുവനന്തപുരത്തിനു കൊണ്ടുപോയി. സുമയും സുധയും ഷീലയും ലീലയും കുഞ്ഞമ്മയും പുഷ്പയും പിന്നെ ഈ ഞാനും; ഇത്രയും പേരാണു് പോയതു്. ഞങ്ങളെ കൊണ്ടുപോയതോ, രണ്ടാം ഭീമനെന്നു് പേരെടുത്തു കഴിഞ്ഞിരുന്ന ഞങ്ങളുടെ ഫിസിക്കൽ ഡയറക്ടർ പണിക്കർസാറു്.

ഒരു ചൊവ്വാഴ്ചയാണു് സ്പോർട്ട്സ് നടത്തുവാൻ നിശ്ചയിക്കപ്പെട്ടിരുന്നതു്. തിങ്കളാഴ്ച ഉച്ചയ്ക്കു മുൻപു് ഞങ്ങൾ തിരുവനന്തപുരത്തെത്തി. പാംലൻഡ് ഹോട്ടലിലാണു് ഞങ്ങൾക്കു താമസിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നതു്. ഞങ്ങൾക്കായി തയ്യാറാക്കപ്പെട്ടിരുന്ന മുറിയിൽ സാധനങ്ങളെല്ലാം അടുക്കിവച്ചു് സ്വൈരമായൊരു കുളിയും കഴി

---

വിട്ടു പ്രായോഗികമായാൽത്തന്നെ ഇത്തരമൊരു സ്ഥിതിവിശേഷം ആശാസ്യമാകുന്നതെങ്ങനെ? നാം അരാജകത്വത്തെ സ്വാഗതം ചെയ്യണമെന്നോ? പക്ഷെ, ഈ ഭയശങ്കകളെല്ലാം തന്നെ അസ്ഥാനത്താണു്. കൊച്ചുകുഞ്ഞുങ്ങൾ മറവുള്ളവരുടെ നിർദ്ദേശങ്ങൾക്കു വിധേയമായി ഓരോന്നു ചെയ്യുന്നു. എന്നാൽ പ്രായമായവരാകട്ടെ സ്വന്തം അഭിപ്രായങ്ങൾക്കനുസൃതമായി പ്രവൃത്തികൾ ചെയ്യുന്നു. ഇതുപോലെ ഒരു രാഷ്ട്രത്തിന്റെ ബാല്യദശയിൽ അതിന്റെ ശരിയായ വളർച്ചയെ ലക്ഷ്യമാക്കി കുറെയെല്ലാം നിയന്ത്രണങ്ങളാവശ്യമാണു്. എന്നാൽ പൂർണ്ണവളർച്ച കൈവന്നു കഴിയുമ്പോൾ യാതൊരു രാഷ്ട്രവും നിയന്ത്രണങ്ങളെ ഇഷ്ടപ്പെടുകയില്ലെന്നുള്ളതാണു സത്യം. പാകത വന്നയാളുകളെ ആരെങ്കിലും നിയന്ത്രിക്കാറുണ്ടോ?

ഭരണകൂടത്തിന്റെ നിയന്ത്രണത്തിനു വിധേയമല്ലാത്ത സാമൂഹ്യവ്യവസ്ഥിതിയെന്ന ആശയം പുത്തനായ ഒന്നല്ല. കാരണം മഹാഭാരതംപോലും ഇത്തരമൊരു സങ്കല്പത്തെ താലോലിക്കുന്നതായി കാണാം. എല്ലാ ലോകങ്ങളിലും സഞ്ചരിച്ചു ധർമ്മപുത്രരുടെ രാജധാനിയിലെത്തിയ നാരദമഹർഷിയോടു പ്രജാക്ഷേമതല്പരനായ ആ രാജർഷി ചോദിച്ചു. "പ്രഭോ, അങ്ങു ലോകം മുഴുവൻ സഞ്ചരിച്ചു തിരിച്ചെത്തിയിരിക്കയാണു്. എന്നാൽ എന്റെ രാജ്യത്തേക്കാൾ ഉൽകൃഷ്ടമായ ഒന്നു എവിടെയെങ്കിലും ഉണ്ടെങ്കിൽ അറിയിച്ചാലും. ഇവിടെ കുറ്റവാളികൾ യഥാർത്ഥം ശിക്ഷിക്കപ്പെടുന്നുണ്ടെന്നു മാത്രമല്ല, എല്ലാവർക്കും തുല്യമായ നീതി ലഭിക്കുകയും ചെയ്യുന്നു." നാരദൻ ഒന്നു മന്ദഹസിച്ചിട്ടു മറുപടി പറഞ്ഞു. "രാജശ്രേഷ്ഠാ, അങ്ങയുടേതിനേക്കാൾ ഉൽകൃഷ്ടമായ ഒരു രാജ്യം ഞാൻ കണ്ടിട്ടുണ്ടു്. അവിടെ ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവരുമില്ല. കുറ്റവാളികളോ ശിക്ഷാർഹരോ ഇല്ല. പാകത വന്ന മനുഷ്യർ മാത്രമാണുള്ളതു്. ഓരോരുത്തരും അവരവരുടെ കർത്തവ്യങ്ങളും അവകാശങ്ങളും അറിഞ്ഞു പെരുമാറുന്നു."

മാർക്സിസത്തിലും കാണാം ഇത്തരമൊരു സ്ഥിതിവിശേഷത്തെപ്പറ്റിയുള്ള ഒരു സങ്കല്പം. "സ്റ്റേറ്റു്" എന്ന മർദ്ദനായുധം അപ്രത്യക്ഷമാകുന്നതോടുകൂടി മാത്രമേ സോഷ്യലിസ്റ്റു് പരിണാമം പൂർത്തിയാകുന്നുള്ളുവത്രേ. ഇതിൽ നിന്നെല്ലാം ഒരു കാര്യം തികച്ചും വ്യക്തമാണു. അതായതു, ഭരണകൂടത്തിന്റെ ആവശ്യമില്ലാത്ത ഒരു ഘട്ടം എന്നെങ്കിലും വന്നുചേരാതിരിക്കയില്ല. അതു സർവ്വോദയം പ്രഖ്യാപിക്കുന്ന അഹിംസാമാർഗ്ഗത്തിലൂടെയാകുന്നതല്ലേ നല്ലതു്?

ത്തപ്പോൾ ഉച്ചയ്ക്ക് ഊണിനു സമയമായി. നന്നേ വിശപ്പുണ്ടായിരുന്നു. ഊണു കഴിഞ്ഞപ്പോൾ ക്ഷീണമെല്ലാം പമ്പകടന്നു. തിരുവനന്തപുരത്ത് ഒരു എക്സിബിഷൻ നടന്നു കൊണ്ടിരിക്കുകയാണെന്ന് അപ്പോൾ അറിവുകിട്ടി. എക്സിബിഷൻ കാണുവാൻ പോകുകതന്നെ; ഞങ്ങൾ നിശ്ചയിച്ചുറച്ചു. എന്തോ, പണിക്കർ സാർ വിസമ്മതം ഒന്നും പ്രകടിപ്പിച്ചില്ല.

മണി രണ്ടു കഴിഞ്ഞപ്പോൾ ഞങ്ങൾ എക്സിബിഷൻ ഹാളിന്റെ വാതിൽക്കലെത്തി. അതിനകത്തു കടന്നുപററിയതെങ്ങിനെയാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. അത്രയ്ക്കു തിക്കും തിരക്കുമായിരുന്നു. ഒററം മുതൽ ഞങ്ങൾ കാഴ്ചയാരംഭിച്ചു. പല വിചിത്രവസ്തുക്കൾ കണ്ടുകണ്ട് ഞങ്ങൾ മന്ദം മന്ദം മുന്നോട്ടു നീങ്ങി. ഒരു തിരിവിലെത്തിയപ്പോൾ ഒരു വലിയ ബോർഡ് ഞങ്ങളുടെ ഏവരുടെയും ശ്രദ്ധയെ ഒന്നടങ്കം ആകർഷിച്ചു. “നിങ്ങളുടെ പാട്ടുകളും പ്രസംഗങ്ങളും ഇവിടെ റെക്കാർഡു ചെയ്യുക; റെക്കാർഡു ചെയ്ത പാട്ടോ പ്രസംഗമോ ഉടൻ തന്നെ നിങ്ങൾക്ക് കേൾക്കുകയും ചെയ്യാം.” ഇതായിരുന്നു ബോർഡിലെ ലിഖിതത്തിന്റെ സാരാംശം. ഒന്നു പരീക്ഷിച്ചു നോക്കിയാൽ തരക്കേടില്ലെന്നായി ഞങ്ങളുടെ ഭാവം. ഏതായാലും പണിക്കർ സാർ അതിനും സമ്മതം മൂളി. അത്ഭുതപൂർവ്വമായ ഈ സൽസ്വഭാവം കണ്ട് ആശ്ചര്യഭരിതരായി ഞങ്ങൾ അന്യോന്യം നോക്കി നില്ക്കുന്നതിനിടയിൽ സാർ വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു.

സുധ പാട്ടിന് വലിയ മിടുക്കിയായിരുന്നതിനാൽ ഞങ്ങൾ അതിൽ കവിഞ്ഞ് സന്തോഷിച്ചു. ഞങ്ങളെ എല്ലാവരെയും ഒരു ചെറിയ ഇരുട്ടുമുറിയിൽ കയററിയിട്ട് ആരോ പുറത്തു നിന്ന് കതക് ബലമായി അടച്ചു. എന്നിട്ട് മൈക്രോഫോണിന്റെ സ്വിച്ചും ഓൺ ചെയ്തു, “സുധ ആൻഡ് പാർട്ടിയുടെ സംഗീതം” എന്ന് ഷീല മൈക്രോഫോണിന്റെ മുൻപിൽ ചെന്നു നിന്ന് വിളിച്ചുപറഞ്ഞു. വേഗം സുധ ആ യന്ത്രത്തിന്റെ മുൻപിൽ ആഗതയായി. രാവിലത്തെ യാത്രയുടെ ക്ഷീണം മറന്ന് സുധ മധുരമനോഹരമായി നീട്ടിപ്പാടി: “മാരിവില്ലിൻ തേന്മലരേ! മാഞ്ഞു പോകയോ..........”

ആ പാട്ടു തീർന്നപ്പോൾ ഞങ്ങൾ ഇറങ്ങിപ്പോകുവാൻ ആഗ്രഹിച്ചു. ആ ഇരുട്ടറയിൽ ഞങ്ങൾക്കെല്ലാവർക്കും കൂടി ശരിക്കു നില്ക്കുവാൻ പോലും ഇടമില്ലായിരുന്നു. ചൂടിന്റെ കൂടുതൽ കൊണ്ട് ദേഹമെല്ലാം ഉരുകിപ്പോകുന്നതു പോലെ തോന്നി. പക്ഷേ എന്താഫലം? ഇറങ്ങിപ്പോകുവാൻ യാതൊരു നിവൃത്തിയുമില്ലായിരുന്നു. മാറി മാറി ഞങ്ങളോരോരുത്തരും ആ കതകിന്മേൽ ഒരു ബല പരീക്ഷണം നടത്തി. എല്ലാവരും ഗുസ്തിക്കാരി കുഞ്ഞമ്മ പോലും—തോററു പിൻവാങ്ങി. കതക് പുറത്തുനിന്നും പൂട്ടിയിരിക്കുകയായിരുന്നു. എനിക്ക് ആകെയൊരു പേടി തോന്നി. കതകിന്റെ പൂട്ട് തിരിക്കുന്ന ശ്രമത്തിൽ എന്റെ കൈക്കുഴ തിരിഞ്ഞുപോയോ എന്നു പോലും ഞാൻ സംശയിച്ചു. പക്ഷേ പിന്നെ ഞാൻ ധൈര്യപ്പെട്ടു. രണ്ടാം ഭീമൻ പണിക്കർ സാർ പുറത്തു നില്പുണ്ടല്ലോ എന്ന്.

“ആരെങ്കിലും ഒന്നു രണ്ടു പാട്ടുംകൂടെ പാട്, എന്നാലെങ്കിലും അവർ നമ്മളെയൊന്നു ഇറക്കിവിടട്ടെ.” എന്തു ചെയ്യണമെന്നറിയാതെ ഞങ്ങൾ കണ്ണുമിഴിച്ചു നിന്നപ്പോൾ സുമ പറഞ്ഞു. അതു ശരിയാണെന്ന് എല്ലാവർക്കും തോന്നി. പക്ഷേ ആരാണ് പാടേണ്ടതെന്നുള്ള പ്രശ്നം അപ്പോൾ ഉദിച്ചു. “എനിക്ക് ഇനി ഒരു വരിപോലും പാടാൻ വയ്യാ” സുധ തീർത്തു പറഞ്ഞു. “എന്നാൽ ലീല ഒരു പാട്ടു പാട്.” സുധയെപ്പോലെ അത്രതന്നെ മിടുക്കിയല്ലെങ്കിലും ലീല ഒരു വിധം നന്നായി പാടുമെന്നുള്ള വിശ്വാസത്തിലാണ് ഞാനങ്ങനെ അഭിപ്രായപ്പെട്ടത്. പക്ഷേ ലീലയ്ക്കതു തീരെ പിടിച്ചില്ല. “ഹോ! അതു നോക്കിയിട്ട് എന്നെ മാത്രമേ കണ്ടുള്ളൂ, അല്ലേ? വേണ്ട, വേണ്ട. ഇത്ര ആത്യാവശ്യമാണെങ്കിൽ ഇപ്പറയുന്ന ആൾ തന്നെയങ്ങു പാട്. എനിക്കെങ്ങും വയ്യായേ.” എന്നു ലീല പ്രതിഷേധിച്ചു. “അയ്യോ! ആരൊക്കെപ്പാടിയാലും പാടാതിരുന്നാലും ദയവായി അങ്ങു പാടിയേക്കല്ലേ.” എന്നു പറഞ്ഞു ഷീല എന്റെ തലയിൽ വന്നു കയറിയ ഭാരം ഒഴിച്ചു. അതിനെത്തുടർന്ന് ആരാണു പാടേണ്ടതെന്ന പ്രശ്നം ഒരു സൗന്ദര്യപ്പിണക്കമായി പരിണമിച്ചു. ആ ഇരുട്ടറയിൽ ഒരു ചെറിയ കുടുംബ കലഹം. അതിനിടയിൽ സുമ ചുമച്ചു ചുമച്ചു വശായി. സുധ പാട്ടു പാടി

യ സമയമത്രയും ചിരിയടക്കി വിഷമിച്ചു നിന്ന ശേഷം അവൾ ആ കടവും അതിന്റെ പലിശയും തീർക്കുകയായിരുന്നു. ഇടയ്ക്കു പുഷ്പയും കുഞ്ഞമ്മയും ഓരോ വികൃതിപ്പാട്ടുകൾ പാടുവാൻ ആരംഭിച്ചിട്ട് ചിരിച്ചു പിരിഞ്ഞു. അങ്ങനെ കാക്കക്കൂട്ടിൽ കല്ലിട്ട മാതിരിയുള്ള ഞങ്ങളുടെ കലഹം ഏകദേശം പത്തു മിനിട്ട ദീർഘിച്ചു. "നീയൊരു പാട്ടു പാടെടീ." "ഇല്ലെങ്കിൽ വേണ്ട, ദേ, ഞാനിപ്പം പാട്ടു തുടങ്ങും കേട്ടോ." എന്നിങ്ങനെ എല്ലാവരും അന്യോന്യം പുലമ്പി. അവസാനം നിവൃത്തിയില്ലാതെ സുധ ഒരു പാട്ടുകൂടി പാടാമെന്നു സമ്മതിച്ചു. മൈക്രോഫോണിന്റെ മുൻപിൽ ചെന്നുനിന്നു "വള്ളിക്കുടിലിനുള്ളി—ലിരിക്കും പുള്ളിക്കുയിലേ പാട്ടു...." എന്നു തുടങ്ങി അവൾ മധുവിതുമ്പുന്ന ഒരു പാട്ടുപാടി. അതും കഴിഞ്ഞപ്പോൾ ലീല കതകു തുറക്കാൻ വീണ്ടുമൊരു ശ്രമം നടത്തി. ക്ഷമയറ്റു് ലീല കതകിന്മേൽ ആഞ്ഞു തള്ളിക്കൊണ്ടു് "ഇതൊന്നു തുറക്കു" എന്നു അലറി"

കതകു തുറക്കപ്പെട്ടു. പുറത്തിറങ്ങിയപ്പോൾ ഞാനൊരു ദീർഘശ്വാസം വിട്ടു. "ഹോ! രക്ഷപെട്ടു." എന്നായി കുഞ്ഞമ്മ. "എന്താ, ഇനി പോകാം?" എന്നു പറഞ്ഞു് സാർ തിരിഞ്ഞു നടക്കുവാൻ ഭാവിച്ചപ്പോൾ "പാടിയ പാട്ടു കേട്ടിട്ടു പോകാമല്ലോ." എന്നു റെക്കോർഡിംഗ് ഓഫീസർ ക്ഷണിച്ചു. അവിടെ നിരത്തിയിട്ടിരുന്ന കസേരകളിൽ ഞങ്ങൾ പാട്ടു കേൾക്കുവാനൊരുങ്ങി ഇരിപ്പായി. റെക്കോർഡു വച്ചു. സുധയുടെ ആദ്യത്തെ പാട്ടു വളരെ കേമമായിരുന്നു. അതു കഴിഞ്ഞു കേട്ടതെന്താണെന്നോ? കതകു തുറക്കുവാനുള്ള ശ്രമത്തിൽ കേട്ട ഇടിതൊഴി ബഹളങ്ങളും അതിനോടൊത്തുള്ള കോലാഹലങ്ങളും. "ഞാൻ പറഞ്ഞില്ലേ, നീ തുറക്കുകയില്ലെന്നു്?" "നീയൊന്നങ്ങു മാറിക്കേ, ഞാൻ തുറക്കാം." ഇങ്ങനെ കുറെ വാക്കുകളും റെക്കോർഡു വിളിച്ചു പറഞ്ഞു. അങ്ങനെ കുറച്ചു സമയം കഴിഞ്ഞപ്പോൾ ഞങ്ങളുടെ സൗന്ദര്യപ്പിണക്കം അതിന്റെ പൂർണ്ണശക്തിയോടെ റെക്കോർഡിൽനിന്നു ബഹിർഗമിക്കുകയായി. അപ്പോഴാണു് ഞങ്ങൾക്കു പിണഞ്ഞ അമളി ബോദ്ധ്യമായതു്. എല്ലാവരും മൂക്കിന്മേൽ കൈവച്ചു അന്യോന്യം നോക്കിനിന്നു. സുധ തലകുനിച്ചു. സാർ കണ്ണുരുട്ടി ഞങ്ങളെ ഓരോരുത്തരെയും മാറി മാറി നോക്കി. റെക്കോർഡിംഗ് ഓഫീസറും മറ്റും ചിരിയടക്കിനിന്നു ഗോഷ്ഠി കാട്ടി. ഞങ്ങൾ വഴക്കു പിടിച്ച സമയമത്രയും മൈക്രോഫോണിന്റെ സ്വിച്ച് ഓൺ ചെയ്തു കിടക്കുകയായിരുന്നുവെന്നുള്ള ബോധമേ ഞങ്ങൾക്കില്ലായിരുന്നു. അതോ, മൈക്രോഫോണിൽ കൂടി പാട്ടും പ്രസംഗവും മാത്രമേ റെക്കോർഡു ചെയ്യുകയുള്ളു എന്നു് വിചാരിച്ചു പോയിരുന്നോ? എന്തു വിഡ്ഢിത്തരമാണു് ഞങ്ങൾ കാട്ടിക്കൂട്ടി വച്ചതെന്നു് ഇപ്പോൾ ഓർക്കുവാൻകൂടി വയ്യ. "എടീ പിള്ളാരേ! നിങ്ങൾക്കു പാട്ടു പാടുവാൻ കഴിയുകയില്ലെങ്കിൽ രണ്ടു തെറിയെങ്കിലും പറഞ്ഞിട്ടു് ഇറങ്ങിപ്പോകിനെടീ." എന്നു ലീല വിളിച്ചു പറയുന്ന ശബ്ദവും റെക്കോർഡിൽക്കൂടി വന്നപ്പോൾ ഞങ്ങളെല്ലാവരും ചെവിപൊത്തി. നമ്മുടെ ചുമയാണെങ്കിൽ റെക്കോർഡിൽനിന്നു കേട്ടപ്പോൾ ചില അൽസേഷ്യൻ പട്ടികളുടെ കുരമാതിരിയായി. സാർ വിയർത്തു വിവശനായി. പോകാമെന്നു ആംഗ്യം കാട്ടിപ്പുറത്തുകൊണ്ടു അദ്ദേഹം എണീറ്റു. ഞങ്ങൾ തലയുയർത്തി നോക്കിയപ്പോഴല്ലേ ഒരു സംഗതി കാണുന്നതു്! ഞങ്ങളുടെ കുടുംബകലഹത്തിന്റെ ബഹളം കേട്ടു എക്സിബിഷൻ ഹോളിലെ ആളുകളെല്ലാം ഓടിക്കൂടിയിരുന്നു. റെക്കോർഡിംഗ് റൂമിന്റെ മുൻപിൽ ഒരു വമ്പിച്ച ജനസഞ്ചയം തടിച്ചുകൂടി. ഇറങ്ങിപ്പോകുവാൻ യാതൊരു നിവൃത്തിയുമില്ലാതെ നിന്നു ഞങ്ങൾ കുഴങ്ങി. റെക്കോർഡിംഗ് ഓഫീസറുടെ കാരുണ്യം കൊണ്ടല്ലാതെ അന്നു ഞങ്ങൾ രക്ഷപെടുകയില്ലായിരുന്നു. ഏതായാലും അയാൾ ഒരു കതകു തുറന്നുതന്നു. ഞങ്ങൾ പുറത്തിറങ്ങി വേഗത്തിൽ നടന്നു ആ ബഹളത്തിൽനിന്നു അകന്നു. അങ്ങു ദൂരെയെത്തിയപ്പോൾ അവസാനമായി ആ റെക്കോർഡു് ഇങ്ങനെ വിളിച്ചു പറയുന്നതു കേട്ടു. "ഇതൊന്നു തുറക്കു" എന്നു, ആ കൂട്ടത്തിൽ ഇടിനാദം പോലെ ഒരു ശബ്ദവും, ലീല കതകിന്മേൽ തട്ടിയതാണു്. എല്ലാവരും പൊട്ടിച്ചിരിച്ചുപോയി. പക്ഷേ അപ്പോഴും സാറിന്റെ മുഖം കോപംകൊണ്ടു ചുവന്നിരുന്നു.

ഇന്നു ഞാൻ ഓർക്കുകയാണു് ആ റെക്കോർഡു് ഒന്നു കിട്ടിയിരുന്നുവെങ്കിൽ എന്നു്. ഈ കഥ എങ്ങനെ മറക്കാനാണു്? എന്തൊക്കെ മറന്നാലും അമളി പററുന്ന കഥകൾ മറക്കുവാൻ സാദ്ധ്യമല്ല.

# കലാലയാദ്ധ്യാപനം മലയാളത്തിലൂടെ

T. I. NARAYANAN Class III Maths.

യഥാർത്ഥ ജനാധിപത്യ പ്രവർത്തനത്തെ പ്രായോഗികമാക്കികാണിച്ച് ഭാരതത്തിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃക കാണിക്കുകയും ഭാരതീയരുടെ മാത്രമല്ല ലോകരുടെ മുഴുവൻ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്ത കേരളീയർ ഇനിയും എന്തെല്ലാം പരീക്ഷണങ്ങൾക്ക് മാർഗ്ഗദർശകരാകുകയില്ല എന്ന് ആരറിഞ്ഞു? അനേക വർഷക്കാലം വിദേശമേധാവിത്വത്തിൻ കീഴിൽകിടന്ന് അടിമത്തം അനുഭവിച്ചശേഷം സ്വാതന്ത്ര്യം പ്രാപിച്ച ഭാരതീയർക്ക് ഒരു വിദേശ ഭാഷയായ ഇംഗ്ലീഷിന്റെ പിടിയിൽനിന്നും മോചിതരാകുന്നതിനും കേരളീയർ നേതൃത്വം നൽകുമെങ്കിൽ അതും അഭിമാനകരം തന്നെ. പ്രാദേശിക ഭാഷകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കിയാണല്ലോ ഭാരതം ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കപ്പെട്ടത്. എന്നാൽ സംസ്ഥാന പുനസ്സംഘടനയുടെ പരിപൂർണ്ണ ഫലവും ലഭിക്കുന്നതിനു കലാലയങ്ങളിലെ അദ്ധ്യയനം പ്രാദേശിക ഭാഷകളിൽ നടപ്പാക്കേണ്ടത് അനിവാര്യമാണ്. കലാലയ വിദ്യാഭ്യാസം പ്രാദേശിക ഭാഷകളിൽ പുനസ്സംഘടിപ്പിക്കുന്നതിനെതിരായി ഉയർന്ന വിദ്യാഭ്യാസ പ്രവർത്തകർ പോലും തടസ്സവാദങ്ങൾ ഉന്നയിക്കുന്നതായിക്കാണാം. എന്നാൽ പ്രശ്നത്തെ ഉത്തരവാദിത്വ ബോധത്തോടെ സമീപിക്കുന്നതായാൽ ഈ തടസ്സവാദങ്ങളെല്ലാം നിരർത്ഥകങ്ങളാണെന്നു ബോദ്ധ്യപ്പെടും.

ഏതൊരുവേദവും ഏതൊരു ശാസ്ത്രവും
ഏതൊരുകാവ്യവും ഏതൊരാൾക്കും
ഹൃത്തിൽപതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നു താൻ കേൾക്കവേണം.

എന്ന് കവി പാടിയത് എത്ര അർത്ഥഗർഭമാണെന്ന് നോക്കണം. പ്രൈമറിസ്കൂളുകളിലും സെക്കണ്ടറി സ്കൂളിലും എല്ലാ വിഷയങ്ങളും മാതൃഭാഷയിൽ അദ്ധ്യയനം നടത്തിയതിനുശേഷം കോളേജിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ ഇന്നു അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുക്കേണ്ടതുണ്ട്. ആദ്യകാലഘട്ടത്തിൽ നാലഞ്ചു മാസത്തേക്ക് കോളേജിലെ പ്രസംഗമുറികളിൽ നടക്കുന്നത് ഒന്നും മനസ്സിലാക്കാൻ സാധിക്കാതെ അവർ വീർപ്പു മുട്ടുകയാണ്. ആംഗല ഭാഷയുടെ പ്രാധാന്യം അനുദിനം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ അദ്ധ്യയന ഭാഷ ഇംഗ്ലീഷു തന്നെയായി തുടരുന്നുവെങ്കിൽ വിദ്യാഭ്യാസനിലവാരം ഇനിയും അധഃപതിക്കാതെ ഗത്യന്തരമില്ല. കാരണം, ഒരു വിദേശ ഭാഷയായ ഇംഗ്ലീഷു പഠിക്കുന്നതിനുള്ള താല്പര്യം വിദ്യാർത്ഥികളുടെ ഇടയിൽ കുറഞ്ഞുവരുന്നു എന്നതു തന്നെ. ഒരു വിദേശ ഭാഷയിൽ അദ്ധ്യയനം നടത്തുന്നതുകൊണ്ടു വിദ്യാർത്ഥികൾ ലഭിക്കുന്ന പരിമിതമായ സമയത്തിന്റെ മുഖ്യഭാഗവും ഭാഷ മനസ്സിലാക്കുന്നതിനു തന്നെ ചിലവഴിക്കേണ്ടിവരുന്നു. ഫലമോ? കലാലയ വിദ്യാഭ്യാസം കഴിഞ്ഞു പുറത്തു വരുന്ന ബിരുദധാരികൾക്ക് ഐച്ഛിക വിഷയങ്ങളിലാകട്ടെ ഭാഷാസാഹിത്യത്തിലാകട്ടെ ഒരു എത്തും പിടിയും ഉണ്ടായിരിക്കയില്ല. എന്നാൽ അദ്ധ്യയന ഭാഷ മലയാളം ആക്കിത്തീർക്കുന്നതുകൊണ്ടു വിദ്യാർത്ഥികൾ എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും അങ്ങനെ സ്വതന്ത്ര ചിന്താഗതിക്ക് നാട്ടിൽ തന്നെ സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നതിനും സാധിക്കും. സാധാരണക്കാരും അഭ്യസ്തവിദ്യരും തമ്മിൽ ഇന്നു നിലവിലുള്ള വിടവു നികത്തി അവരെ തമ്മിൽ അടുപ്പിക്കുന്നതിനും ഇതു വളരെ സഹായകരമായിരിക്കും.

വിദേശ ഭാഷയായ ഇംഗ്ലീഷിനെ ബഹിഷ്കരിച്ചുകൊണ്ടു രാഷ്ട്രഭാഷയായ ഹിന്ദിയെ ആ സ്ഥാനത്തു പ്രതിഷ്ഠിക്കേണ്ടതാണെന്നു ഒരു ചിന്താഗതിയുണ്ട്. എന്നാൽ അങ്ങനെ ചെയ്യുന്നതുകൊണ്ടുള്ള പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരിക്കും? ഇംഗ്ലീഷിനെ മാറ്റി ഹിന്ദിയെ പ്രതിഷ്ഠിക്കുന്നതുകൊണ്ടു ഹിന്ദി പ്രാദേശിക ഭാഷയായിട്ടുള്ള ഉത്തരേന്ത്യക്കാർക്കല്ലാതെ യാതൊരു ലാഭവും ഉണ്ടാകാൻ പോകുന്നില്ല. അന്യ ഭാഷയെ അതു ഭാരതീയരുടേതായാലും വിദേശീയരുടേതായാലും അന്യ ഭാഷയായി മാത്രമേ കണക്കാക്കാനൊക്കൂ. ഹിന്ദി അദ്ധ്യയന ഭാഷ ആക്കുന്നതുകൊണ്ടു അദ്ധ്യേതാക്കൾക്കു യാതൊരു ലാഭ

മോ ലാഘവമോ ഉണ്ടാകുകില്ലെന്നു മാത്രമല്ല ഇംഗ്ലീഷ് ആയിരിക്കുന്നതുകൊണ്ടുള്ള പല ഗുണങ്ങളും അതു മൂലം നഷ്ടപ്പെടുകയും ചെയ്യും.

മലയാളം അദ്ധ്യയന ഭാഷയാകുന്നതിന് പല പ്രതിബന്ധങ്ങളേയും തരണം ചെയ്യേണ്ടതുണ്ടെന്നുള്ളതു ശരിതന്നെ. അതിൽ പ്രഥമവും പ്രധാനവും ആയിട്ടുള്ളത് കോളേജ് ക്ലാസ്സുകളിൽ പാഠ്യ പുസ്തകങ്ങൾ ആകത്തക്ക ഉയർന്ന നിലവാരത്തിലുള്ള ശാസ്ത്രീയ ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതാണ്. ഈ കുറവു നികത്തി കൈരളിയെ ഈ അപമാന ഭാരത്തിൽനിന്നും രക്ഷിക്കുന്നതിനു സാഹിത്യകാരന്മാരുടെ തൂലികകൾക്കു കരുത്തില്ലായ്മയല്ല ഇതിനു കാരണം. ആവശ്യമാണല്ലോ സൃഷ്ടിയുടെ മാതാവ്. കഴിഞ്ഞ കാലങ്ങളിൽ അത്തരം പരിശ്രമങ്ങളുടെ ആവശ്യമുണ്ടായിരുന്നില്ല. വിവിധ തരത്തിലുള്ള ശാസ്ത്രീയ ഗ്രന്ഥങ്ങൾ വായിക്കുവാൻ കേരളത്തിലെ സാധാരണക്കാരായ ജനലക്ഷങ്ങൾ തയാറാകുമെന്നു വിചാരിക്കുവാൻ നിർവ്വാഹമില്ലല്ലോ. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരാകട്ടെ, മലയാള പുസ്തകങ്ങൾ വായിക്കുന്നത് തങ്ങളുടെ നിലയ്ക്കും വിലയ്ക്കും നിരക്കാത്ത ഒരു അപരാധമായിട്ട് കണക്കാക്കുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ ആരും അത്തരം പുസ്തകങ്ങൾ രചിക്കുന്നതിനുള്ള വൃഥാ ശ്രമം നടത്താതിരുന്നതിൽ അത്ഭുതത്തിന്നവകാശമില്ലല്ലോ. എന്നാൽ ഇന്നു യുവാക്കളുടെയിടയിലും ഒരു അനിഷേധ്യമായ ദേശീയ ബോധം വളർന്നു വന്നിട്ടുണ്ട്. കലാലയാദ്ധ്യാപനം മലയാളത്തിലൂടെ ആകണമെന്നുള്ള ചിന്താഗതിക്കു ചെറുപ്പക്കാരുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ മറുഭാഷകളിലുള്ള ഉൽകൃഷ്ട ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നതിനു ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുകയും ഔദ്യോഗികമായി വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്താൽ പാഠപുസ്തകങ്ങളുടെ പ്രശ്നം ചുരുങ്ങിയ കാലയളവിനുള്ളിൽ പരിഹരിക്കാവുന്നതേയുള്ളൂ. തങ്ങളുടെ പ്രവൃത്തി അനാവശ്യമല്ലെന്നു ബോദ്ധ്യമായാൽ സ്വകാര്യ വ്യക്തികളും ഇതിൽ വേണ്ടത്ര ശ്രദ്ധ താനേ ചെലുത്തിക്കൊള്ളും. അങ്ങനെ വിവിധവിഷയങ്ങളെ വിശദമായി പ്രതിപാദിക്കുന്ന വിശിഷ്ട ഗ്രന്ഥങ്ങൾ ഉണ്ടാകുന്നതു കൈരളിയുടെ കലവറയിലെ അമൂല്യങ്ങളായ മുതൽക്കൂട്ടുകളായിരിക്കുകയും ചെയ്യും.

മലയാളം അദ്ധ്യയന ഭാഷ ആകുന്നതോടെ ഇന്നു കലാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകന്മാർക്കും ചില്ലറ വൈഷമ്യങ്ങൾ ഉണ്ടാകാതിരിക്കയില്ല. എല്ലാം മലയാളത്തിൽ പഠിച്ചതിനുശേഷം പെട്ടെന്നു ഇംഗ്ലീഷിലാകുന്നതുകൊണ്ടുണ്ടാകുന്നതിനേക്കാൾ ഒട്ടും കുറവല്ലാത്ത ഒരു പ്രയാസം തന്നെ എല്ലാം മലയാളീകരിക്കുന്നതുകൊണ്ട് അദ്ധ്യാപകന്മാർക്കുണ്ടാകാനിടയുണ്ട്. ഈ വൈഷമ്യങ്ങൾ ചുരുങ്ങിയ കാലത്തെ പരിശീലനംകൊണ്ട് പരിഹരിക്കാവുന്നതേയുള്ളൂ.

ഇനിയും ഇംഗ്ലീഷ് ഭാഷാപ്രേമികൾ ഉന്നയിക്കുന്ന വാദഗതികളെന്തെല്ലാമെന്നു പരിശോധിക്കാം. ഇംഗ്ലീഷിനെ ബഹിഷ്കരിക്കുന്നതുകൊണ്ട് ലോക രാഷ്ട്രങ്ങളുടെയിടയിൽ ഇൻഡ്യയെപ്പറ്റിയുണ്ടായിട്ടുള്ള വിശ്വാസവും മതിപ്പും, സ്ഥാനവും നഷ്ടപ്പെടുകയായിരിക്കും ചെയ്യുക. അങ്ങനെ ആത്മഹത്യാപരങ്ങളായ സംരംഭങ്ങളിൽ ഏർപ്പെട്ട് കൂപമണ്ഡൂകങ്ങളാകാൻ ഇറങ്ങുന്നതു കഷ്ടമാണ്. മാത്രമല്ല, ഇന്നു കേരളത്തിൽനിന്ന് ധാരാളം ബിരുദധാരികൾ മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും പോയി ജോലി ചെയ്തു ജീവിക്കുന്നുണ്ട്. അദ്ധ്യയനം മലയാളത്തിലാകുന്നതുകൊണ്ട് ഈ സൗകര്യങ്ങളെല്ലാം വലിച്ചെറിഞ്ഞു ബിരുദധാരികളെ തൊഴിലില്ലായ്മയിലേക്കും പട്ടിണിയിലേക്കും തള്ളിവിടുകയായിരിക്കും ചെയ്യുക. മറു ഭാഷകളിലുള്ള പുസ്തകങ്ങൾ തർജ്ജമ ചെയ്യുമ്പോൾ സാങ്കേതിക പദങ്ങൾ കൃത്രിമമായി കെട്ടിച്ചമയ്ക്കുന്നതിനാൽ മനസ്സിലാക്കാൻ പ്രയാസം നേരിടുകയും ആസ്വാദ്യത കുറയുകയും ചെയ്യും. ഇതിനെല്ലാമുപരിയായി സംസ്ഥാനങ്ങൾ തോറും പ്രത്യേകം ഭാഷകളിൽ അദ്ധ്യയനം നടത്തുന്നതുകൊണ്ടു ഇൻഡ്യയുടെ ഐക്യബോധം തകർന്നു തരിപ്പണമാവും. ഇങ്ങനെ പോകുന്നു അവരുടെ വാദങ്ങൾ. ഇവയെയെല്ലാം കണക്കിലെടുത്തുകൊണ്ട് സ്വബോധത്തോടെ പ്രശ്നത്തെ ഒന്നുകൂടി സമീപിച്ചുനോക്കാം.

ഒന്നാമതായി അന്താരാഷ്ട്രീയവാദം—ഇന്നു ലോക രാഷ്ട്രങ്ങളുടെയിടയിൽ ഇൻഡ്യയ്ക്കു

അദ്വിതീയമായ ഒരു സ്ഥാനം കൈവന്നിട്ടുണ്ടെന്നുള്ളതിനു രണ്ടു പക്ഷമില്ല. അതിനു ഇംഗ്ലീഷു ഭാഷ സഹായിച്ചിട്ടുണ്ടെന്നുള്ളതും നിസ്തർക്കമാണ്. എന്നാൽ നാം ഒന്നു നോക്കേണ്ടതുണ്ട്. ഇംഗ്ലീഷു തന്നെ കൈകാര്യം ചെയ്യുന്ന പാകിസ്ഥാന് എന്തുകൊണ്ടീസ്ഥാനം കൈവന്നില്ല? വാസ്തവത്തിൽ ഈ ഉയർച്ചക്ക് ആരാണുത്തരവാദികൾ? ഭാരതത്തിന്റെ നിഷേധിക്കാനാവാത്ത, സർവ്വസമ്മതമായ വിദേശനയം ഒന്നു മാത്രമാണിതിനുത്തരവാദി. അതായതു് നമ്മുടെ ആദർശങ്ങളാണ്—അല്ലാതെ, അതു പറയാനുപയോഗിച്ച ഭാഷയല്ല ഇൻഡ്യക്കീ സ്ഥാനം നേടിത്തന്നതു്. ഈ വാദഗതിക്കു കഴമ്പുണ്ടെന്നിരുന്നാൽത്തന്നെയും, ഭാരതത്തിൽ എത്ര വ്യക്തികൾ വിദേശബന്ധത്തിൽ ഏർപ്പെടുന്നുണ്ട്? വെറും കൈവിരലിലെണ്ണാവുന്നത്ര വ്യക്തികൾക്കു മാത്രമാണ് വിദേശീയരുമായി നയതന്ത്ര ബന്ധങ്ങളിൽ ഏർപ്പെടാനുള്ള അവസരം ലഭിക്കുക. അതിനുള്ള പ്രതിവിധിയെപ്പറ്റി പിന്നീടു പ്രതിപാദിക്കാം.

രണ്ടാമതായി, കേരളത്തിൽ നിന്നും അനേകം ബിരുദധാരികൾ മറുരാജ്യങ്ങളിൽ പോയി ജീവിതമാർഗ്ഗം തേടുന്നു എന്നുള്ളതാണ്. ഇൻഡ്യയിലെ വിദ്യാഭ്യാസ നിലവാരം അധഃപതനത്തിന്റെ തീച്ചൂളയിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന മുൻകാലങ്ങളിൽ സാക്ഷരതയിൽ മുൻപന്തിയിൽ നിന്ന കേരളീയർക്ക് അന്യദേശങ്ങളിൽ സ്വാഗതം ലഭിച്ചിരുന്നു എന്നതു ശരിതന്നെ. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും വെളിയിലുള്ള ഏഷ്യൻ രാഷ്ട്രങ്ങളിലും വിദ്യാഭ്യാസം വളരെ പുരോഗമിച്ചിട്ടുണ്ട്. അതതു രാജ്യങ്ങളിൽ തങ്ങൾക്കു ആവശ്യമുള്ളത്രയും ഉദ്യോഗാർത്ഥികളെ അവർ തന്നെ വളർത്തിക്കൊണ്ടു വന്നിട്ടുണ്ട്. അതുകൊണ്ട്, എന്നും മറുരാജ്യങ്ങളിൽ പോയി ഉദ്യോഗം ഭരിച്ചു ജീവിച്ചു കൊള്ളാമെന്നുള്ള ദിവാസ്വപ്നത്തിൽ കഴിയുന്നവർ ഇന്നും വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നത് എന്ന് പറയാതെ നിർവാഹമില്ല. കൂടാതെ, ഇന്നത്തെ ബിരുദധാരികൾ ഇംഗ്ലീഷു ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ളവരാണോ എന്നതുതന്നെ സംശയാസ്പദമായ ഒരു വസ്തുതയാണ്. മാത്രമല്ല, ചുരുങ്ങിയ കാലത്തിനുള്ളിൽ ഭാരതത്തിലെ എല്ലാ ഔദ്യോഗിക മണ്ഡലങ്ങളിലും ഇംഗ്ലീഷിനു പകരം ഹിന്ദി സ്ഥാനം പിടിക്കുമെന്നതും തീർച്ചയാണല്ലോ.

സാങ്കേതിക പദങ്ങളുടെ കാര്യം—മറുഭാഷകളിൽനിന്നും സൗകര്യപ്രദങ്ങളായ കുറെ പദങ്ങൾ കടം എടുക്കുന്നതുകൊണ്ട് കൈരളിയുടെ വിസ്തൃതി അല്പംകൂടി വർദ്ധിക്കുന്നതിൽ കവിഞ്ഞ് യാതൊരു അപമാനവും സംഭവിക്കാനില്ല. ഏതൊരു കാലത്തും ഏതൊരു ഭാഷയിലും ഇതുതന്നെയാണ് നടന്നുകാണുന്നതും. ശാസ്ത്രീയരംഗത്തു് ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ഭാഷകളിൽനിന്നും അനേകം പദങ്ങൾ ഇംഗ്ലീഷിലും കടന്നുകൂടിയിട്ടുണ്ടല്ലോ.

ഗത്യന്തരമില്ലാതെ ഇതേവാദഗതിക്കാർ വീണ്ടും മുറവിളികൂട്ടുന്നു ഇൻഡ്യയുടെ ഐക്യബോധം തകർന്നു പോകുമെന്ന്. ഇംഗ്ലീഷുകാരുടെ അധികാരത്തിൻ കീഴിലാണ് ഭാരതം മുഴുവൻ ഒരേ ഭരണകൂടത്തിൻ കീഴിൽ ആയിത്തീർന്നതു്. എന്നാൽ ഭാരതത്തെ ഏകീകരിച്ചതു് ഭാഷയാണോ എന്നുള്ളതാണ് സംശയം. ഇംഗ്ലീഷുകാരുടെ സൈന്യശക്തിയും ആയുധശക്തിയും മർദ്ദന ഭരണവും ആണ് ഭാരതത്തെ ഒന്നാക്കി അടക്കി ഭരിച്ചതു്. അതും ഭാരതീയരുടെ ഭിന്നിപ്പുകളിൽ നിന്നും മുതലെടുത്തുകൊണ്ട്. ഭാരതീയരുടെ സ്വാതന്ത്ര്യവാഞ്ഛയെ ഉദ്ദീപിപ്പിക്കുന്നതിനും, സ്വാതന്ത്ര്യസമരത്തെ ത്വരിതപ്പെടുത്തുന്നതിനും ഇംഗ്ലീഷു ഭാഷ സഹായിച്ചിട്ടുണ്ടായിരിക്കാം. ഇവിടെയും ഭാഷയല്ല ആശയങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടതു്. അതല്ലെങ്കിൽത്തന്നെയും ഇൻഡ്യയുടെ ഐക്യബോധം എങ്ങനെ തകരാനാണ്. ഭാരതത്തിന്റെ പൊതുവായ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനു് രാഷ്ട്രഭാഷയായ ഹിന്ദി ഉപയോഗിക്കുമെന്നുള്ളതു കൊണ്ട് അത്തരത്തിലുള്ള യാതൊരു ആശങ്കയ്ക്കും വഴിയില്ല.

ഇത്രയും പറഞ്ഞതുകൊണ്ട് ഇംഗ്ലീഷ് ഒരു നിഷിദ്ധ ഭാഷയാണെന്നോ അതു അപ്പാടെ ഉപേക്ഷിക്കേണ്ടതാണെന്നോ അർത്ഥമാക്കേണ്ടതില്ല. ഭാരതം പോലെ വിസ്തൃതമായ ഒരു സ്വാതന്ത്ര്യ രാഷ്ട്രം എന്നും ഒരു വിദേശ ഭാഷയെ ആശ്രയിക്കുന്നതിലുള്ള അനൗചിത്യത്തെ തുറന്നു കാട്ടുന്നതിനും കേരളീയരുടെ ഉന്നമനത്തെ ലാക്കാക്കി അദ്ധ്യയന ഭാഷ മലയാളം ആക്കേണ്ടതാണെന്നു ചൂണ്ടിക്കാണിക്കുന്ന

# അയാളുടെ പേരെന്താവാം ?

(By BABU VINAYA CHANDRAN Class III Phyics)

ഇവിടെ ഹിമാലയത്തിനുള്ള സ്ഥാനമാണ് യൂറോപ്പിൽ ആൽപ്സിനുള്ളതു്. ഹിമാലയത്തിനെ അപേക്ഷിച്ചു അതു ചെറുതാണ്. പക്ഷെ, യൂറോപ്പിലെ ഏറ്റവും വലിയ പർവ്വതമാണതു്.

ആൽപ്സിൻെറ താഴ്വരയിൽ ഒരു നദിയുണ്ടു്. നദി ചെറുതാണെങ്കിലും, ആൽപ്സിലെ മഞ്ഞുകട്ടകൾ ഉരുകുമ്പോൾ അതൊരു പിടഞ്ഞോടുന്ന പെൺപുലിയുടെ രൂപം ധരിക്കാറുണ്ടു്.

ഏകദേശം ഒരു യുഗത്തിനു മുൻപുണ്ടായ കഥയാണ്. ആ നദിയിൽ വിലങ്ങനെ ഒരു മരപ്പാലം പണിഞ്ഞിട്ടുണ്ടായിരുന്നു. പാലത്തിൻെറ മദ്ധ്യത്തിലായി ചുങ്കം വാങ്ങുന്ന ഒരുവൻെറ ഒരു കൊച്ചു കുടിൽ പണിഞ്ഞിട്ടുണ്ടു്. അവൻ അവിടെ അങ്ങനെ ഇരിക്കും. വരുന്നവരിൽ നിന്നും പോകുന്നവരിൽ നിന്നും ചുങ്കം വാങ്ങും.

ഒരുദിവസം നദിയിൽ ഭയങ്കര വെള്ളപ്പൊക്കം വന്നു. ഇതിനു മുമ്പ് അപ്രകാരം പ്രകൃതി ക്ഷുഭിതയായിട്ടില്ല. നദീജലം ഒരു പുതിയ പോനാകത്തിലേക്കെന്നപോലെ മിന്നുകയാണ്. നോക്കിയിരിക്കവേ തന്നെ അതു പാലത്തിനെ പിഴുതെറിയുകയായി. ക്രമേണ സകല തൂണുകളും വെള്ളത്തിൽ ഒഴുകുവാൻ തുടങ്ങി. അതെ, പാലത്തിൻെറ നാശം വന്നു ചേർന്നു!

ചുങ്കം ഈടാക്കുന്നവൻെറ ആ കുടിലിനെ താങ്ങിയിരുന്ന തൂൺ മാത്രം ശേഷിച്ചു. പാവം കുടുംബസഹിതം അവിടെ താമസിക്കുകയാണ്. പാലം ഇത്രവേഗം പൊയ്പ്പോകുമെന്നു അവൻ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. അവൻ ഉറക്കെ വിളിക്കുകയാണ്— "രക്ഷിക്കണേ! രക്ഷിക്കണേ!" അവൻെറ ഭാര്യയും കുട്ടികളും മുറവിളി കൂട്ടുന്നുണ്ടു്. പക്ഷെ, രക്ഷിക്കുവാൻ ആരാണിരിക്കുന്നതു്?

ഓരോ തടിക്കഷണവും വീഴുവാൻ തുടങ്ങുകയായി. ജലപ്രവാഹത്തിൻെറ ശക്തികൊണ്ടു് ആ കുടിൽ നിന്നു വിറയ്ക്കുകയാണ്. ഏതാനും മിനിട്ടുകൾക്കുള്ളിൽ സർവ്വവും സമാപ്തമാകും; പിഞ്ചുകുഞ്ഞുവരെയുള്ള ആ കുടുംബം ഒന്നാകെ! എന്നിരിക്കിലും അവരുടെ അടുത്തു ചെല്ലുവാൻ ആരു ധൈര്യപ്പെടുന്നു?

സ്ഥലത്തെ ജമിന്ദാർ വന്നു ചേർന്നു. അയാൾ പറയുകയാണ്—"ഇവരെ രക്ഷിക്കുന്നവർക്കു ഞാൻ ആയിരം ഉറുപ്പിക തരുന്നതാണ്." ആയിരം രൂപ! തുക ചെറുതൊന്നു

---

തിനും വേണ്ടി ഇത്രയും പ്രസ്താവിച്ചെന്നു മാത്രം. ഇംഗ്ലീഷ് ഒരു ഭാഷയെന്നുള്ള നിലയിൽ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. അവരവരുടെ അഭിരുചിക്ക് അനുസരണമായി വിദ്യാർത്ഥികൾ ഇഷ്ടമുള്ളവ തിരഞ്ഞെടുത്തുകൊള്ളും. കഴിവും താല്പര്യവും ഉള്ളവർ ഇങ്ങനെ ഭാഷ പഠിച്ചുകൊള്ളുമെന്നുള്ളതുകൊണ്ടു അന്താരാഷ്ട്രീയ വാദക്കാർക്കും നിരാശയ്ക്കു അവകാശമില്ല. വളരെ ചുരുക്കം വ്യക്തികൾക്കു മാത്രം അവസരം ലഭിക്കുന്ന അന്താരാഷ്ട്രീയ വാദവും ഉന്നയിച്ചുകൊണ്ടു് കോടിക്കണക്കിനുള്ള ഭാരതീയർ മുഴുവൻ ഇംഗ്ലീഷു പഠിക്കണമെന്നു നിർബന്ധിക്കുന്നതിനേക്കാൾ എത്ര അഭികാമ്യമാണീപദ്ധതി. ശാസ്ത്രീയ വിഷയങ്ങളിലുള്ള സാങ്കേതിക പദങ്ങൾ അതേപടി സ്വീകരിക്കുന്നതുകൊണ്ടു് ആ വിഷയങ്ങളിലുള്ള ഉപരിവിദ്യാഭ്യാസം നടത്തുന്നതിനും പ്രയാസം നേരിടുന്നതല്ല.

ഇങ്ങനെ പ്രശ്നത്തെ വസ്തുനിഷ്ഠമായി പരിശോധിക്കുമ്പോൾ പ്രയാസങ്ങളും പ്രതിബന്ധങ്ങളും അടുത്ത ഒരു നല്ല ഭാവിയുടെ പ്രതീകങ്ങൾ ആണെന്നു കാണാം. വെള്ളത്തിൽ ഇറങ്ങാതെ നീന്തു പഠിക്കുക സാദ്ധ്യമല്ലല്ലോ. അധികൃത കേന്ദ്രങ്ങൾ ഇതിൽ വേണ്ടവിധത്തിലുള്ള ശുഷ്കാന്തി പ്രദർശിപ്പിക്കുമെങ്കിൽ കേരളീയർക്കും കൈരളിക്കും അഭിമാനാർഹമായ പുരോഗതിയിലേക്കുള്ള ഒരു കാൽവെപ്പ് ആയിരിക്കും അതെന്നു തോന്നുന്നു.

# ചിരിയും കരച്ചിലും

[പള്ളത്തേരി, പുത്തൻചിറ]

തൻചെറു കുഞ്ഞുങ്ങളെ
വാലാട്ടിക്കളിപ്പിച്ചും,
കൊഞ്ചിച്ചുമൊരുതള്ള-
പ്പൂച്ചസന്തോഷം കൊൾകെ.
എന്തിനോ വിതുമ്പുന്നു,
കണ്ണീരാൽക്കുളിക്കുന്നു,
ഹന്ത, വാർദ്ധക്യം രക്ത-
മൂററിവിട്ടൊരു തന്വി.
"എന്തിതിൻമൂലം ?"—മെല്ലെ
ച്ചോദിച്ചു, പാർശ്വസ്ഥരാം
സുന്ദരീമണികളാം
നാലഞ്ചുയുവതികൾ.

തൻഭൂതകാലത്തിന്റെ-
താകിയ ചിതൽ തിന്നു
പകിലമായിത്തീർന്ന
പുസ്തകമേവം നിവർത്താൾ:—
"നിങ്ങളെപ്പോലെ പണ്ടു
ഞാനും യൌവനത്തിന്റെ
ഭംഗുരാനന്ദോദ്യ-
പരമാനന്ദം നേടി.
നിത്യവും വികാരത്തിൻ
സുന്ദരസ്വപ്നം കണ്ടു
നിസ്തുലാമോദം പൂണ്ടു
നാളുകൾ കഴിച്ചനാൾ,

---

മല്ല. പക്ഷെ, ഒരായിരത്തിനുവേണ്ടി ജീവൻ പണയപ്പെടുത്താൻ ആരു തയ്യാറാകും ?

ഒരു മദ്ധ്യവയസ്കനായ കൃഷിക്കാരൻ നദിയുടെ അരികു പിടിച്ചു തന്റെ ചെറുതോണി തുഴഞ്ഞുകൊണ്ടു പോകുകയാണ്. ആളുകൾ അയാളെ കണ്ടു. തോണി കരയിൽ നിന്നും അഴിച്ച്, ഒരു ബാണംപോലെ തീരത്തുനിന്നും തുഴഞ്ഞു പുറപ്പെടുന്നതു അവർ ആശ്ചര്യം സകുതുകം വീക്ഷിച്ചു. ആയിരം കണ്ണുകൾ അയാളിൽ തന്നെ പതിഞ്ഞു.

ഒഴുക്ക് അയാൾക്കു പ്രതികൂലമായിരുന്നു. എങ്കിലും ആ കർഷകൻ മന്ദസ്മിതം തൂകിക്കൊണ്ടു് രണ്ടു കൈകൾ കൊണ്ടും ആഞ്ഞു തുഴഞ്ഞു മുന്നേറി. മനുഷ്യനും പ്രകൃതിയുമായി ഒരു ദ്വന്ദ്വയുദ്ധം!! പ്രകൃതി പറയുകയാണ്—"ധിക്കാരം കാണിക്കേണ്ടടാ മോനേ; നിന്നെ ഞാൻ ഈ വെള്ളത്തിൽ മുക്കിത്താഴ്ത്തിക്കളയും." മനുഷ്യൻ കൂസലില്ലാതെ പറഞ്ഞു—"ഈ നൗക നിന്റെ കട്ടമാറിടം ഇളച്ചു കയറും നിനക്ക് ഒരു ചുക്കും ചെയ്യാൻ പററില്ല."

നെഞ്ചിൽ കൈവച്ചും കൊണ്ടു് എല്ലാവരും ആ സമരം കാണുകയാണ്.

വഞ്ചി ആ കുടിലിന്റെ അരികിലെത്തി, അയാൾ അതു ആ തൂണിൽ ചേർത്തു കെട്ടി. ഓരോരുത്തരെയായി അയാൾ എല്ലാവരേയും അതിൽ കയററി. തോണി കരയെ ലക്ഷ്യമാക്കി ഊന്നുകയായി. മടക്കം കൂടുതൽ വിഷമകരമായിരുന്നു. വള്ളം ചെറുതായിരുന്നു; താങ്ങാനാവാത്ത ഭാരവും അല്പം അശ്രദ്ധ കാണിച്ചാൽ ജയം പ്രകൃതിയ്ക്കായിരിക്കും. മനുഷ്യന്റെ തോൽവിയും.

പക്ഷെ, മനുഷ്യൻ വീണ്ടും വിജയിയായി!

തീരത്തിൽ ആയിരക്കണക്കിനു് ആളുകൾ അയാളെ പ്രശംസിച്ചുകൊണ്ടിരുന്നു. അയാൾ തീരത്തിറങ്ങിയപ്പോൾ ശ്രമാംബുകണങ്ങളാൽ അയാളുടെ ശരീരം കുളിച്ചപോലെ കാണപ്പെട്ടു. കീറി മുഷിഞ്ഞ തന്റെ കുപ്പായം അയാൾ ഊരി അതുകൊണ്ടു വീശുവാൻ തുടങ്ങി. ജമീന്ദാർ അയാളുടെ അരികിൽ എത്തി. അദ്ദേഹം 1000 രൂപ നിറച്ച ഒരു സഞ്ചി അവന്റെ കൈയിൽ കൊടുത്തു.

ആ കർഷകൻ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഞാൻ രൂപയ്ക്കുവേണ്ടി പ്രാണാഹുതി ചെയ്യുന്നവനല്ല എന്നു് അങ്ങു വിശ്വസിച്ചാലും. എന്റെ ഈ രണ്ടു കൈകൾ ഉള്ളിടത്തോളം കാലം എനിക്കു എന്നെപ്പററിയോ എന്റെ ബന്ധുക്കളെപ്പററിയോ യാതൊരു ചിന്തയുമില്ല. മറെറാരു പാർപ്പിടം അന്വേഷിക്കേണ്ടിവന്നിരിക്കുന്ന ഈ പാവത്തിനു് അങ്ങു ഈ തുക നൽകിയാലും."

ഇത്രയും പറഞ്ഞിട്ടു് അയാൾ വേഗം അവിടെനിന്നും കടന്നു. ആളുകൾ ജിജ്ഞാസയോടെ ചോദിച്ചുകൊണ്ടിരുന്നു—"അയാളുടെ പേരെന്താവാം ?"

ന്നാക്കിനാവുകളൊന്നും
വാസ്തവത്വത്തിൽക്കട-
ന്നിക്കിളിയണച്ചില്ല;
പുളകം ചേർത്തില്ലേതും.
എങ്കിലും വിധിയെൻ്റെ
മൂകരോദനം തിങ്ങും-
സങ്കടത്തോടൊത്തെന്നെ
ശ്രദ്ധിച്ചിതൊരുനാളിൽ.
ഘോരമാം വിപിനത്തിൽ
അഞ്ചിട്ടും പൂവായാലും
ലോകരാപ്പുഷ്പത്തിനെ
യൊരുനാൾ സ്വാദിച്ചിടും.
എൻ വിധിയെഴുതുമാ
ദിവസം തുടപ്പാൻ-
കവിളും കാട്ടിച്ചിരി-
ച്ചെത്തീമാം തഴുകുവാൻ
എങ്ങനെയാമെൻ ഭാവി!
സ്നേഹിക്കാനുതകുന്ന
മംഗള ഹൃദയനാ
കാന്തനൊന്നായീ ചിന്ത.
ഞാനൊരു വധുവായീ,
ദാമ്പത്യം പൂണ്ടാഹ്ളാദ-
മേകിമേ, ഗർഭസ്ഥമാം
കുഞ്ഞിൻ്റെ മാതാവായി.
കണ്ടു ഞാനെൻ കുഞ്ഞിനെ,
തന്നംഗവിക്ഷേപത്തിൽ-
ത്തങ്കലതയലയുംപോ-
ലിളകുന്നതും, മന്ദം—
പുഞ്ചിരിപ്പതും തൻ്റെ
ശോണമോഹനമായ
കണ്ണുമോണ കാട്ടിയും,
വിതുമ്പുന്നതും, മെല്ലെ—
ഓടി വന്നെൻ വസ്ത്രത്തെ
ച്ചെമ്മണ്ണാൽ തുടപ്പിക്കും-
വേലയും മറവും വെറും
സങ്കല്പമിഴിക്കോണാൽ-
ഹന്ത ഞാൻ പ്രസവിച്ചി-
തെത്രയും സന്തോഷത്തി-
ലന്തർലീനമായുള്ളൊ-
രീറ്റുനോവറിയാതെ.
എൻ തങ്കക്കുടത്തിനെ
കാണ്മാനുഴറീട്ടും
കണ്ണുകൾ വെറും ശൂന്യ-
മസ്ഥലം മാത്രം കണ്ടു.
എൻ ജീവസർവ്വസ്വത്തെ
ച്ചുംബിക്കാൻ വെമ്പിച്ചെന്ന
ചുണ്ടുകൾ വരണ്ടുപോയ്
കണ്ണീരാൽ നനച്ചിട്ടും!
എൻ ചുറ്റും നില്ക്കുന്നോരിൽ
ച്ചെന്നു പറഞ്ഞെൻ മൂക-
വേദന തിങ്ങും നേത്രം;
മൂകരായവരോതീ:-
"ഇല്ല നിൻ ചിരകാല
കാംക്ഷിതഫലം, ദൈവം
കല്പനാലല്പീനമാൽ
നിർമ്മിതം, പ്രപൂജിതം!"
ഹന്തരണ്ടല്ലേയല്ല;
നാലഞ്ചു കിടാങ്ങൾ ത-
ന്നമ്മയാ, യവരെല്ലാ
മിന്നു നികൃശരാം.
ഭാഗ്യഹീന ഞാനൊപ്പ്,
ലീലയിൽ മുഴുകമി-
പ്പിച്ചയെക്കൊണ്ടന്നേരം
ദുർവ്വിധിവിപാകം മേ."

# വ്യോമയാനചരിത്രം

By K. S. Das, Desam, U. P. Class.

ഇന്നു നാമെല്ലാവരും സുലഭമായിക്കാണുന്ന ഒരു വാഹനവിശേഷമാണല്ലൊ വിമാനം. അനേകം പാശ്ചാത്യധീരന്മാരുടെ അശ്രാന്തപരിശ്രമത്തിന്റെയും ജീവത്യാഗത്തിന്റെയും ഒരു പ്രത്യക്ഷരൂപമാണ് ഈ അത്ഭുതവാഹനം. ഇതിന്റെ ഉല്പത്തിയെപ്പററി അല്പമെങ്കിലും അറിയുന്നതു നന്നായിരിക്കും.

14-ാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ "അനോനെ" എന്ന ഫ്രഞ്ചുപട്ടണത്തിൽ സ്റ്റീഫൻ എന്നും ജോസഫ് എന്നും പേരുള്ള രണ്ടു മൺഗോൾഫിയർ സഹോദരന്മാർ ജീവിച്ചിരുന്നു. കടലാസുവ്യവസായത്തിൽ ഏർപ്പെട്ടിരുന്ന അവർ ഒരു ദിവസം അടുപ്പിന്റെ മുകളിൽ വീണ കടലാസുകഷണങ്ങൾ മേലോട്ടു പൊങ്ങുന്നതായി കണ്ടു. അതിൽ അത്ഭുതപ്പെട്ട അവർ കടലാസുസഞ്ചികൾ ഉപയോഗിച്ചു പല പരീക്ഷണങ്ങളും നടത്തി. അനന്തരം അവർ 35 അടി വ്യാസവും 23,000 ഘനയടി വലിപ്പവുമുള്ള ഒരു ബലൂൺ നിർമ്മിച്ചു 1783-ൽ പറപ്പിച്ചു. അതു 1000 അടി ഉയർന്ന് അരമൈലകലെയുള്ള ഒരു വയലിൽ ചെന്നു വീണു. അവർ ദിവസന്തോറുംപല പരീക്ഷണങ്ങളും ആവർത്തിച്ചു കൊണ്ടിരുന്നു. ഈ ബലൂണുകളിൽ ഒരു കൂടയോ മററോ ഘടിപ്പിച്ചതിൽ ജീവികൾക്കു സഞ്ചരിച്ചുകൂടേ എന്നവർ വിചാരിച്ചു. അതിനുവേണ്ടി അവർ സാമാന്യം വലിയ ഒരു ബലൂൺ നിർമ്മിക്കുകയും അതിൽ ഒരു ഒരു കൂട ഘടിപ്പിക്കുകയും ചെയ്തു. ഫ്രാൻസിലെ രാജാവ്, തന്റെ പ്രജകളിൽ ആരുംതന്നെ അതിൽക്കയറി ജീവാപായം വരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ ആ സ്ഥാനം പിടിച്ചിരുന്നതു ഒരാടും, കോഴിയും, താറാവുമായിരുന്നു. ബലൂൺ ഭൂമിയിൽ ബന്ധിച്ചിരുന്ന കയറു നിശ്ചിതസമയത്തു അയയ്ക്കുകയും അതു ഉയരുകയും ചെയ്തു. 10000 അടി ഉയരത്തിൽ സഞ്ചരിച്ച് അതു രണ്ടു മൈൽ അകലെയുള്ള ഒരു ഗ്രാമത്തിൽ ചെന്നുവീണു. ജീവികൾക്കു യാതൊരപായവും പററിയിരുന്നില്ല. ഈ സംഭവമാണു വ്യോമയാനചരിത്രത്തിൽ വലിയ പരിവർത്തനങ്ങളുണ്ടാക്കിയതു്.

ഇനി നമുക്കു ആദ്യത്തെ വ്യോമചാരികളായ മനുഷ്യർ ആരൊക്കെയാണെന്നു ആരാഞ്ഞുനോക്കാം. ഫ്രാൻസിലെ രാജാവു തന്റെ പ്രജകൾക്കു വ്യോമസഞ്ചാരാനുവാദം നല്കിയിരുന്നില്ലെങ്കിലും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട വല്ല തടവുകാരെയും അതിൽ സഞ്ചരിപ്പിക്കുന്നതു അദ്ദേഹത്തിനു സമ്മതമായിരുന്നു. എന്നാൽ പ്രഥമ വ്യോമചാരി എന്നുള്ള ബഹുമതി ഒരു കൊലപ്പുള്ളിക്കു നല്കുന്ന കാര്യം ഫ്രകരയി പിലാത്രറോസിയേ എന്ന ധീരയുവാവിനു സഹിച്ചില്ല. ആ സാഹസകൃത്യം താൻ നടത്തിക്കൊള്ളാം എന്നു അദ്ദേഹം സസന്തോഷം സമ്മതിച്ചപ്പോൾ രാജാവു അനുമതി കൊടുത്തു. അർലാണ്ടെ എന്നൊരു പ്രഭുകുമാരനും റോസിയേയെ അനുഗമിക്കുവാൻ അനുവദിക്കപ്പെട്ടു. അവർ ഇരുവരും കൂടി 1783 നവംബർ 23-ാം യാത്രയാരംഭിച്ചു. വളരെനേരം അവർ പൊങ്ങിയും താണും പറന്നു്, പാരീസ്സുനഗരത്തിലുള്ള ഒരു മൈതാനത്തിൽ ഇറങ്ങി. ഇതിനെത്തുടർന്നു പലരും പലയിടത്തും ഇവരെ അനുകരിച്ചു.

1785-ൽ റോസിയേയും അദ്ദേഹത്തിന്റെ സഹോദരനുംകൂടി, ഒരു യാത്ര നടത്തുകയും, ഒരു വലിയ കൊടുങ്കാററിനാൽ ഉൾനാട്ടിലേക്കു അടിക്കപ്പെടുകയും ചെയ്തു. വഴിക്കുവെച്ചു ബലൂൺ തീ പിടിക്കുകയാൽ അവർ ദിവംഗതരായി. ഇങ്ങനെ 18-ാം നൂററാണ്ടിന്റെ അന്ത്യഘട്ടം മുതൽ ഫ്രാൻസിൽ വ്യോമയാനപരീക്ഷണങ്ങൾ ഊററു് നടന്നുകൊണ്ടിരുന്നു.

ഇത്രയും പറഞ്ഞതിൽനിന്നും ഇന്നത്തെ എയിറോപ്ലെയിൻ കണ്ടുപിടിച്ചതു ഫ്രഞ്ചുകാരാണെന്നു വിചാരിക്കരുതു്.

ഇതു കണ്ടുപിടിച്ചതു അമേരിക്കയിൽ 'ഒഹിയോ'നഗരത്തിൽ ജനിച്ചവരും വിൽബർറൈററ് എന്നും ഓർവ്വിൽറൈററ് എന്നും പേരുള്ള രണ്ടു സഹോദരന്മാരാണു്. വിദ്യാഭ്യാസപൂർത്തിക്കുശേഷം അവർ ഒരു പ്രതിവാരപത്രം പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. 1896-ൽ ഒരുദിവസം, ഓട്ടോലിലിയന്തൻ എന്ന ജർമ്മൻകാരൻ സ്വന്തമായുണ്ടാക്കിയ വി

മാനത്തിൽ പറക്കാൻ ശ്രമിച്ചതിൽ വിമാനം തീ പിടിക്കുകയും അദ്ദേഹം മരണമടയുകയും ചെയ്തു, എന്നൊരു വാർത്ത വിൽബർ പത്രത്തിൽ വായിക്കാനിടയായി. ലിലിയൻതൻ പരാജിതനായതു ഏതു കാരണത്താലായിരിക്കുമെന്നു അവർ ഗാഢമായി ആലോചിച്ചു. ചിലപ്പോഴെല്ലാം അവർ പക്ഷികൾ പറക്കുന്നതിന്റെ രഹസ്യം എന്താണെന്നു അതിസൂക്ഷ്മമായി നിരീക്ഷിച്ചു ചലനവ്യത്യാസങ്ങളെ ഭംഗിയായി മനസ്സിലാക്കി. അവർ പത്രപ്രസിദ്ധീകരണം നിറുത്തുകയും മനുഷ്യനും പക്ഷികളെപ്പോലെ തന്നെ പറക്കുവാൻ സാധിക്കുമോ എന്നു ഗാഢമായി ചിന്തിക്കുകയും അതിനുവേണ്ടി ആജീവനാന്തം പരിശ്രമിക്കുകയും ചെയ്തു. ഒരുദിവസം, ഒരു പക്ഷി മനോഹരവും അത്ഭുതകരവുമാംവണ്ണം ആകാശത്തു പറന്നു നിന്നതു കണ്ട്, "മനുഷ്യനും അതുപോലെ നിഷ്പ്രയാസം ആകാശത്തു "ബാലൻസ്" ചെയ്തു നില്ക്കാനും പറക്കാനും കഴിഞ്ഞെങ്കിൽ" എന്നു ഓർവ്വിൻ തന്നത്താൻ പറഞ്ഞുപോയി. കുറച്ചുകാലം കൂടി കഴിഞ്ഞപ്പോൾ അവൻ ഒരു ഗ്ലൈഡർ യന്ത്രം നിർമ്മിച്ചു വ്യോമഗമനത്തിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തി. 1901-ൽ വേനല്ക്കാലത്തു അവർ "കിററിഹാക്ക്" സമുദ്രതീരത്തുള്ള സമതലത്തിൽവച്ചു അനേകം പരീക്ഷണങ്ങൾ നടത്തി; പക്ഷേ പൂർണ്ണ വിജയം ലഭിച്ചില്ല. 1903 ഡിസംബറിൽ, ഓർവ്വിൻ, മോട്ടോർയന്ത്രം ഘടിപ്പിച്ച ഒരു വിമാനത്തിൽക്കയറി 12 മിനിററു നേരത്തോളം ആകാശത്തു സഞ്ചരിക്കുകയും, കയറിയ സ്ഥലത്തുനിന്നു 107 അടി അകലെ ചെന്നു വീഴുകയും ചെയ്തു. ഒരു എയ്റോപ്ലെയിൻ, ആൾ കയറി സഞ്ചരിച്ചതു അന്നു ആദ്യമായിട്ടായിരുന്നു. അപ്പോൾത്തന്നെ വിൽബറും ഒന്നു പറന്നുനോക്കി. അയാൾക്കു 200 അടി പോകാൻ സാധിച്ചു. അതിൽ പിന്നെയും വിൽബർ ഒരു മിനിററുകൊണ്ടു 85 അടിദൂരം പറന്നിട്ടുണ്ട്. 1908-ൽ വിൽബർ ഫ്രാൻസിൽപോയി വിമാനസഞ്ചാരം പ്രദർശിപ്പിച്ചപ്പോഴാണ് യൂറോപ്പിൽ അതിനൊരു ഉണർവ്വുണ്ടായതു്.

റൈറ്റുസഹോദരന്മാരുടെ പരിശ്രമം സഫലമാകുമെന്നു കണ്ടു പല രാജ്യക്കാരും വ്യോമയാനത്തിനിറങ്ങി, എന്നാൽ സമുദ്രത്തിനു മീതെ പറക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. ഇംഗ്ലീഷ് ചാനൽ ആദ്യമായി കടക്കുന്ന ആൾക്കു 1000 പവൻ സമ്മാനം നല്കുന്നതാണെന്നു "ഡെയിലിമെയിൽ" പത്രപ്രവർത്തകർ ആയിടക്കു വാഗ്ദാനം ചെയ്തു.

ഹ്യൂബർട്ട് ലാതാം എന്നും ലൂയി ബ്ളേറിയട്ട് എന്നും പേരുള്ള രണ്ടു ഫ്രഞ്ചുയുവാക്കന്മാർ ആ ധീരകൃത്യത്തിനു മുന്നോട്ടു വന്നു. ലാതാം 1909 ജൂലൈ 19-ാം പറക്കുകയും വിഫലമായ ആ ശ്രമത്തിൽ അപായപ്പെടാതെ ഒരു കപ്പലിന്റെ സഹായത്താൽ രക്ഷപ്പെടുകയും ചെയ്തു. 25-ാം ബ്ളേറിയട്ട് പറക്കുകയും 37 മിനിററുകൊണ്ടു ഇംഗ്ലീഷ് ചാനൽ കടക്കുകയും ചെയ്തു. ഈ വിജയവൃത്താന്തം അറിഞ്ഞു ഫ്രാൻസും ഇംഗ്ലണ്ടും അദ്ദേഹത്തെ അഭിനന്ദനാശംസകൾകൊണ്ടു അഭിഷേകം ചെയ്തു. ബ്ളേറിയട്ട് വിമാനത്തിൽനിന്നും ഇറങ്ങിയ സ്ഥലത്തു കല്ലിൽ അദ്ദേഹത്തിന്റെയും യന്ത്രത്തിന്റെയും പ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങനെ വ്യോമയാനചരിത്രത്തിനു മുൻപറഞ്ഞ ധീരന്മാർ അടിസ്ഥാനമിടുകയും അതു പിന്നീടു ലോകവ്യാപകമായിത്തീരുകയും ചെയ്തു എന്നുള്ളതു പ്രസിദ്ധമാണല്ലോ.

1916-ൽ പാൽഹൻ എന്ന ഫ്രഞ്ചുകാരൻ ലണ്ടനിൽനിന്നു മാഞ്ചസ്റ്ററിലേക്കുള്ള 183 മൈൽ പറന്നു 1000 പവൻ കരസ്ഥമാക്കി.

1919-ൽ ഇംഗ്ലണ്ടിൽനിന്നു ആസ്ട്രേലിയായിലേക്കുള്ള 17000 മൈൽ 668 മണിക്കൂർകൊണ്ടു ക്യാപ്റ്റൻ റാസ്സ്മിത്ത് പറന്നു 10,000 പവൻ കരസ്ഥമാക്കി.

എന്നാൽ മനുഷ്യന്റെ വ്യോമയാനത്തിലുള്ള വിജയങ്ങളുടെ ചരിത്രം രേഖപ്പെടുത്തുമ്പോൾ റോസിയറുടെയും, മൊൺഗോൾഫ്സഹോദരന്മാരുടെയും കഥ തങ്കലിപികളാൽ അങ്കിതമാക്കേണ്ടതാണ്.

# റേഡിയം

എൻ. സുകുമാരപിള്ള

എക്സ്റേപ്രയോഗം മനുഷ്യരുടെ മഹാമാരികൾക്കു ഒരു ശമനം വരുത്തുന്നതുപോലെതന്നെ ഉപദ്രവവും ഉണ്ടാക്കുന്നുണ്ട്.

യുറേനിയം കണ്ടുപിടിച്ച ആ നിമിഷത്തിൽത്തന്നെ അതിൽനിന്നു കുറെ എടുത്തു മാഡം ക്യൂറി തന്റെ കൈകളിൽ വച്ചുകയുണ്ടായത്രേ. യുറേനിയംതന്നെ അവരുടെ ജീവിതത്തെ അപഹരിച്ചു. 1934-ൽ രക്തത്തിലെ കാൻസർകൊണ്ടാണു അവർ മരിച്ചതു്. ഈ രോഗത്തിനെ 'ല്യൂക്കേമിയ' (Leukemia) എന്നു വിളിക്കുന്നു. അവരുടെ ദേഹത്തിൽ കുറേശ്ശെ ആയി റേഡിയം കടന്നു. റേഡിയത്തിൽനിന്നു വന്നതായ രശ്മി ക്യൂറിയുടെ അസ്ഥികളെ ദുർബ്ബലമാക്കി. അസ്ഥികളിൽ കോർപ്പസിൽസ് ഉണ്ടാകുന്നിടത്താണു ഈ ദ്രോഹം നേരിട്ടതു്. ഇങ്ങനെ അവർ മരണം പ്രാപിക്കുകയും ചെയ്തു. ഇതിനെ റേഡിയോ പ്രസരണം എന്നു പറയുന്നു.

എക്സ്റേ വെളിച്ചം മനുഷ്യദൃഷ്ടിക്കു അഗോചരമാണ്. ഒരു ലോഹത്തകിടു ദേഹത്തിനും റേഡിയത്തിനും ഇടയിൽ വച്ചാൽത്തന്നെയും വെളിച്ചം കടന്നുപോകുന്നു.

ആധുനികഡോക്ടറന്മാരുടെ കയ്യിൽ എക്സ്റേയന്ത്രം നിങ്ങൾ കണ്ടിരിക്കും. നെഞ്ചിന്റെയോ വയറിന്റെയോ ഫോട്ടോയും എടുത്തുകാണും. ദന്തഡോക്ടർ പല്ലുവേദനയുടെ മൂലകാരണം അറിയുന്നതിനു എക്സ്റേ ഫോട്ടോ എടുക്കുന്നു. ഇത്തരം ചിത്രങ്ങളെ എക്സ്റേ ഫോട്ടോകൾ എന്നു പറയുന്നു. എക്സ്റേരശ്മികൾകൊണ്ടുള്ള ചികിത്സ മഹാരോഗങ്ങളെ അകറ്റുന്നു.

എക്സ്റേ വളരെ കൊല്ലമായി പ്രയോഗത്തിൽ ഇരിക്കുന്നു. എക്സ്റേരശ്മിയുടെ പ്രസരത്താൽ പലതരം ദ്രോഹങ്ങൾ ഉണ്ടാകുന്നവെന്നും അറിയാം. എന്നാൽ അടുത്തകാലത്താണു അതിനെപ്പറ്റി വിശകലനം ചെയ്തു പഠിക്കാൻ ശ്രമിച്ചതു്. അമേരിക്കയിലെ കുറെ ഡോക്ടറന്മാർ ചേർന്നു നടത്തിയതാണു ഈ പഠനം. 3000 ഡോക്ടറന്മാർ എക്സ്റേ ഉപയോഗിക്കുന്നവരാണു്, മറ്റുള്ളവർ എക്സ്റേയുമായി ബന്ധപ്പെട്ടവരും. പഠനത്തിന്റെ ഫലം അതിഭയങ്കരമാണു്. എക്സ്റേ ഉപയോഗിക്കുന്നവരുടെ ഉല്പാദനശക്തി കുറഞ്ഞിരിക്കുമെന്നു കാണാൻ സാധിക്കും.

ഇതിന്റെ കാരണം എന്തായിരിക്കും? മനുഷ്യശരീരം സങ്കലിതമാണു്. അതിനാൽ റേഡിയോപ്രസരണം ശരിയ്ക്കു നടക്കുന്നില്ല. എല്ലാ ടിഷ്യു (Tissue) വിലും കടക്കുന്നില്ല. ദേഹത്തിലെ ചില പ്രത്യേകഭാഗത്തു റേഡിയത്തിന്റെ ശക്തി ഉറഞ്ഞുകൂടുന്നു. ഇവ ഉല്പാദനേന്ദ്രിയം, രക്തോല്പാദനഗ്രന്ഥികൾ, കരൾ, പ്ലീഹ മുതലായവയാണു്. അങ്ങനെ റേഡിയോപ്രസരണം ഈ അവയവങ്ങൾക്കു ഉപദ്രവം ഉണ്ടാക്കുന്നു.

കുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ, ഇവരിൽ റേഡിയോപ്രസരണം ഉണ്ടാക്കുന്ന ഉപദ്രവം ചില്ലറയല്ല. ഇങ്ങനെ ആരോഗ്യകരമായ ഒരു പുതിയ തലമുറ വളർന്നുവരുവാൻ ഇതുമൂലം സാധിക്കാതെ വരുന്നു.

എക്സ്റേയെപ്പറ്റി മനസ്സിലാക്കേണ്ട വേറൊരു കാര്യമുണ്ട്. അതു വ്യക്തിപരമായ തെരഞ്ഞെടുപ്പുകളിൽ സ്ഥിതി ചെയ്യുന്നു. നിങ്ങൾക്കു എക്സ്റേപരിശോധന വേണ്ടെങ്കിൽ വേണ്ടതാണു. ഇന്ത്യയെപ്പോലുള്ള ദരിദ്രരാജ്യങ്ങളിൽ '' എക്സ്റേപ്രയോഗവും അതിൽനിന്നുണ്ടാകുന്ന ദ്രോഹങ്ങളും കുറഞ്ഞിരിക്കുന്നു.

ഹൈഡ്രജൻബോംബു പൊട്ടിക്കുന്നതിൽനിന്നുള്ള റേഡിയോപ്രസരണം എങ്ങനെ ഓരോ വ്യക്തികൾ ചെറുത്തുനില്ക്കുന്നു? ബ്രിട്ടനും അമേരിക്കയും റഷ്യയും നടത്തുന്ന ഹൈഡ്രജൻ ബോംബുപരീക്ഷണങ്ങളിൽനിന്നു മനുഷ്യരാശി എങ്ങനെ രക്ഷപെടുന്നു? അതിനെപ്പറ്റി കാനഡായിലെ മിച്ചിൻ യൂണിവേഴ്സിറ്റി പ്രൊഫസ്സർ ജെ. ബർണെ

# നായ്ക്കളുടെ കണ്ണുകൾ ഉപയോഗിച്ചു മനുഷ്യനു കാഴ്ച പ്രാപിക്കാം

Isaac C. I., iii B. A. Eco

മദ്ധ്യപൌരസ്ത്യദേശത്തു ഒരു കച്ചവടക്കാരനുണ്ടായിരുന്നു. വീടുകൾതോറും കയറിയിറങ്ങി വ്യാപാരംചെയ്തുകൊണ്ടാണു് അയാൾ കാലക്ഷേപം ചെയ്തുവന്നതു്. ജന്മനാ അന്ധനായിരുന്ന അയാൾക്കു കാൽനടയായി എത്രോ പാതതാണ്ടിമേൽ സഞ്ചരിക്കുന്നതിനും, അപരിചിതങ്ങളായ ഇടവഴികളും ഗ്രാമഭവനങ്ങൾ സന്ദർശിക്കുന്നതിനും, മാളികകളിലും മറ്റും കയറിയിറങ്ങുന്നതിനും, പട്ടണയാത്രയുടെ സകലവിധ പ്രയാസങ്ങളും തരണംചെയ്യുന്നതിനും സാധിച്ചിരുന്നു. ശരിയായ കാഴ്ചയില്ലാത്ത ഒരുത്തനും ഇതുപോലുള്ള യാത്രകൾ സാദ്ധ്യമല്ലല്ലോ. പിന്നെ ആ കച്ചവടക്കാരൻ ഇതെങ്ങനെ സാധിച്ചു? "ജർമ്മൻഷെപ്പേർഡ്" (German Shepherd) വർഗ്ഗത്തിൽപ്പെട്ട ഒരു നായുടെ രണ്ടു നേത്രങ്ങൾ കൊണ്ടാണു അയാൾ കണ്ടതു്. ശസ്ത്രക്രിയയുടെയും മറ്റും ആവശ്യമില്ല. പിന്നെയോ അയാൾ സഞ്ചരിക്കുന്ന സ്ഥലത്തൊക്കെയും ആ പട്ടിയെയും കൊണ്ടു നടക്കുന്നു എന്നു മാത്രം.

അമേരിക്കയിൽ "ന്യൂജേഴ്സി" (New Jersey) എന്ന സംസ്ഥാനത്തിൽ "മോറിസ് ടൌൺ" (Moris town) എന്ന സ്ഥലത്തു "സീയിംഗ് ഐ" (Seeing eye) എന്ന ഒരു കലാശാലയുണ്ടു്. അന്ധന്മാരായ ആളുകൾക്കുവേണ്ടി വഴികാട്ടികളായി നായ്ക്കളെ പരിശീലിപ്പിക്കുന്നതു അവിടെ വച്ചാണു്. ആ സ്കൂൾകലാശാലയിൽ നിന്നും പരിശീലനം സിദ്ധിച്ച ഒരു നായുടെ സഹായത്താലാണു ആ കച്ചവടക്കാരൻ യാത്രചെയ്യുന്നതു്. തനിക്കു പോകേണ്ട സ്ഥലത്തേക്കു തന്നെ നായിക്കു നേരിട്ടു അയാൾ പട്ടിയെ പ്രേരിപ്പിക്കുന്നു. അയാളുടെ ആജ്ഞപ്രകാരം ആ വഴികാട്ടി അയാളെ കൊണ്ടുനടക്കുന്നു. യാത്രക്കാരൻ വടി ഉപയോഗിക്കേണ്ട ആവശ്യമില്ല. പട്ടി അയാളുടെ ചെറു മുമ്പെയായി നടക്കുന്നു. ഇംഗ്ലീഷിലെ "യൂ" (U) എന്ന അക്ഷരത്തിന്റെ ആകൃതിയിലുള്ള ഒരു ഉപകരണം നായുടെ ദേഹത്തു കെട്ടിപ്പിടിപ്പിച്ചിരിക്കും. നായുടെ മുൻകാലുകളുടെ മുകളിലാണു ആ ഉപകരണത്തിന്റെ സ്ഥാനം. വളഞ്ഞു ഉയർന്ന ഭാഗം കൈ പിടിക്കുന്നതിനുള്ള സ്ഥലമാണു്. ചെറിയതായ ഒരു ചലനമോ തിരിവോ കൂടി ആ "കൈപ്പിടി"യിൽകൂടി യജമാനനു മനസ്സിലാക്കുവാൻ സാധിക്കുന്നു. യാത്രക്കാരൻ ഇടതുകൈകൊണ്ടു ഈ "കൈപിടിയിൽ" പിടിക്കുകയും അയാളുടെ ഇടതുവശത്തുകൂടി നായ് സഞ്ചരിക്കുകയും ചെയ്യുന്നു.

അന്ധനായ യജമാനൻ വയ്ക്കുന്ന ഓരോ കാലടിയും ആ പട്ടി ശ്രദ്ധിക്കുന്നു. എതിരെ വരുന്നവരെ കടന്നുപോകുന്നതിനും, വൃക്ഷങ്ങളുടെയോ തൂണുകളുടെയോ കടന്നുപോകുന്നതിനും ഒരു വശത്തേക്കു അല്പം യജമാനനെ സാവധാനമായി തള്ളുന്നു. എവിടെയെങ്കിലും മാർഗ്ഗതടസ്സമുണ്ടെങ്കിൽ തീർച്ചയായും ആ നായ് തന്റെ യജമാനനെ അറിയിക്കുന്നു. മറ്റുള്ള യാത്രക്കാരുമായി കൂട്ടിമുട്ടാതെ നേരെ പോകുന്നതിനുവേണ്ടിയുള്ള ഒരു പാതയാണു നായ് തെരഞ്ഞെടുക്കുക. കാലു പൊക്കി സേ

ൻ ഇപ്രകാരം പറയുന്നു "ഇതിൽനിന്നുള്ള നാശം നമ്മുടെ കണ്ണുകളുടെ [illegible] അതീതമാണു്. [illegible] നായ്ക്കളിലുള്ള [illegible] പിടിക്കാൻ [illegible] എന്ന വിശ്വാസത്തോടുകൂടി. [illegible] വലിയ വലിയ [illegible] വരുത്തിയിരുന്ന ഇപ്രകാരമുള്ള [illegible]

ക്ഷണങ്ങൾ നമ്മെ അനുപദിച്ചുകൊടുക്കുന്നു്."

[illegible]

പാനങ്ങൾ കയറുന്നതിനും കാലു താഴ്ത്തി ഇറങ്ങുന്നതിനും ആ വിശ്വാസമുള്ള വഴികാട്ടി യജമാനനു അറിവു കൊടുക്കുന്നു. തെരുവുകൾ കടക്കുമ്പോൾ വാഹനഗതാഗതത്തെ സൂക്ഷിക്കുന്നതിനു ആ വഴികാട്ടി മറക്കാറില്ല. തന്റെ യജമാനന്റെ തലയിൽ മുട്ടത്തക്കവണ്ണം വൃക്ഷശിഖരങ്ങളോ മറ്റോ ഉണ്ടോ എന്നു നോക്കി ഇല്ലെന്നു തീർച്ചയാക്കിയതിനു ശേഷം മാത്രമാണ് ആ വഴികാട്ടി യാത്ര തുടരുക.

ഇങ്ങനെയുള്ള വഴികാട്ടികളെ അഭ്യസിപ്പിക്കുന്നതു വളരെ പ്രയാസമുള്ളതും പ്രാധാന്യമേറിയതുമായ ഒരു സംഗതിയാണ്. അവയെ സ്വയം ചിന്തിക്കുന്നതിനു് അഭ്യസിപ്പിക്കുകയാണു ചെയ്യുന്നതു്. മൃഗശിക്ഷകന്മാർക്കു ജന്തുക്കളുടെ ബുദ്ധിശക്തിയെക്കുറിച്ചും അവയുടെ മനശ്ശാസ്ത്രത്തെക്കുറിച്ചും നല്ല പരിജ്ഞാനമുണ്ടായിരിക്കും. നമ്മിൽ പലരും വിശ്വസിക്കുന്നതുപോലെ ഈ നായ്ക്കൾ പോലീസ് നായ്ക്കളല്ല. പരിതസ്ഥിതികളാൽ ആകർഷിക്കപ്പെടുന്നതു ആൺനായ്ക്കളെക്കാൾ കുറവാകയാൽ പെൺനായ്ക്കളെയാണു സാധാരണയായി ഉപയോഗിച്ചുവരുന്നതു്. ഈ നായ്ക്കളുടെ കുശാഗ്രബുദ്ധിയും ചുമതലാബോധവും അത്ഭുതകരമത്രേ. തെരുവീഥികളിൽക്കൂടെ പോകുമ്പോൾ ഭക്ഷണപദാർത്ഥങ്ങളുടെ വാസനയാൽ ആകർഷിക്കപ്പെടാത്തവയാണ് ഈ നായ്ക്കൾ. എന്നാൽ ഇവയ്ക്കു അതിസമർത്ഥമായ ശ്രവണശക്തിയും സൂക്ഷ്മദൃഷ്ടിയും ഉണ്ട്. അതിദൂരെനിന്നും പാഞ്ഞുവരുന്ന കാറുകളുടെ ഗതിയും വേഗതയും മനസ്സിലാക്കാൻ ഇവയ്ക്കുള്ള സാമർത്ഥ്യം അത്ഭുതാവഹമത്രേ.

പതിന്നാലുമാസം പ്രായമാകുമ്പോൾ ഇവ തങ്ങളുടെ വിദ്യാഭ്യാസം ആരംഭിക്കുന്നു. അഭ്യസനകാലത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. ആദ്യഘട്ടത്തിൽ ഓരോ നായും അനുസരണം പഠിക്കുന്നു. ഇരിക്കുന്നതിനും, കിടക്കുന്നതിനും, എഴുന്നേല്ക്കുന്നതിനും, ദൂരെയിരിക്കുന്ന സാധനങ്ങൾ എടുത്തുകൊണ്ടു വരുന്നതിനും, തിരികെ കൊണ്ടുചെന്നു വയ്ക്കുന്നതിനും ഈ സമയത്തു അതിനെ പഠിപ്പിക്കുന്നു. ആടു് കോഴി മുതലായ ജന്തുക്കളെ ഉപദ്രവിക്കാതിരിക്കുന്നതിനും ഈ സമയത്തു അവയെ പരിശീലിപ്പിക്കുന്നു.

അഭ്യസനത്തിന്റെ രണ്ടാം ഘട്ടത്തിൽ അവകൾ (പെൺനായ്ക്കളെയാണ് തെരഞ്ഞെടുക്കുന്നതു എന്നു മുമ്പത്തെ പറഞ്ഞിട്ടുണ്ടു്.) വഴികാട്ടുവാൻ പഠിക്കുന്നു. പരിശീലകൻ അന്ധനായി അഭിനയിക്കുന്നു. വഴിത്തിരിവുകളും മറ്റും കാലിന്റെ സഹായംകൊണ്ടോ കെട്ടിപ്പിടിച്ചിരിക്കുന്ന വടിയുടെ സഹായംകൊണ്ടോ അയാൾ മനസ്സിലാക്കുന്നു. "മുമ്പോട്ട്", "വലത്തോട്ട്", "ഇടത്തോട്ട്" തുടങ്ങിയ ആജ്ഞകൾ അനുസരിക്കുവാൻ ഈ സമയത്തു പഠിപ്പിക്കപ്പെടുന്നു. അവളുടെ ഭാവിയജമാനൻ ഉപയോഗിക്കേണ്ടുന്ന വാക്കുകളാണല്ലോ അവ. അങ്ങനെ അവളുടെ യജമാനനെ നിർദ്ദിഷ്ടദിക്കിലേക്കു മാർഗ്ഗതടസ്സങ്ങൾ കൂടാതെ നയിക്കുന്നതിനു പഠിപ്പിക്കുന്നു. അതിനുശേഷം ജനബാഹുല്യമുള്ള തെരുവുകളിൽക്കൂടി യജമാനനെ നയിക്കുന്നതിനു അവ പരിശീലിപ്പിക്കപ്പെടുന്നു.

ഏറ്റവും വിഷമമേറിയതും പ്രാധാന്യമുള്ളതും മൂന്നാമത്തെ ഘട്ടമാണ്. ഈ ഘട്ടത്തിൽ കണ്ണിനു കാഴ്ചയില്ലാത്ത ഒരാളെ താൻ സഹായിക്കുകയാണെന്നു് അവൾ മനസ്സിലാക്കുന്നു. ചിലപ്പോൾ അപ്രായോഗികമായ ഒരാജ്ഞയായിരിക്കും യജമാനനിൽനിന്നു ലഭിക്കുക. ആജ്ഞ അനുസരിച്ചാൽ രണ്ടുപേരും അപകടത്തിലാകും. അനുസരിക്കാതിരുന്നാൽ യജമാനനെ അവഹേളിക്കലാവും. ഉദാഹരണമായി ഒരു വാഹനം കടന്നുപോയ്ക്കൊണ്ടിരിക്കുമ്പോഴായിരിക്കും യജമാനൻ മറുവശത്തേക്കു പോകുവാൻ ആജ്ഞാപിക്കുന്നതു്. എതിരെവരുന്ന വാഹനമൂലം മാർഗ്ഗം തടയപ്പെട്ടിരിക്കുന്നതിനാൽ ആ സമയം ആജ്ഞ അനുസരിക്കുന്നില്ല. യജമാനന്റെ വാക്കുകളെയല്ല ആവശ്യത്തെയാണു മനസ്സിലാക്കേണ്ടതു് എന്നു് ഈ സമയത്തു് അവൾ പഠിക്കുന്നു. ഇങ്ങനെയുള്ള സന്ദർഭത്തിലാണ് ഈ നായ്ക്കളുടെ ബുദ്ധിവിശേഷം തെളിഞ്ഞുകാണുന്നതു്. വാഹനം കടന്നുപോയിക്കഴിയുമ്പോൾ ആ നായ് യജമാനന്റെ ആഗ്രഹം സാധിക്കുന്നു. ഇങ്ങനെ ആദ്യം സ്വരക്ഷിതത്വത്തെക്കുറിച്ചു കരുതുന്നതിനും അപകടമാണെന്നു കണ്ടാൽ ആജ്ഞകൾ നിരസിക്കുന്നതിനും അതു മനസ്സിലാക്കുന്നു.

ഇങ്ങനെയുള്ള കാര്യങ്ങൾ പഠിച്ചതിനു ശേഷം ഈ നായ്ക്കൾ പരീക്ഷയിൽ പ്രവേശിപ്പിക്കപ്പെടുന്നു. ഈ പരീക്ഷയിൽ നായ്ക്കൾ ആ

# മാനേജർ

(SRINIVASAN Nair. T. G. Class IV Physics)

മാലതി അന്ന് സ്കൂൾ വിട്ടു വന്നപ്പോൾ സുകുമാരനോടു പറഞ്ഞു "ചേട്ടാ, ഞങ്ങളുടെ കരുണാകരൻ സാറിനെ മാനേജർ പിരിച്ചുവിട്ടു. ഇന്ന് അദ്ദേഹം ഞങ്ങൾക്കു ക്ലാസ്സ് എടുത്തില്ല."

"ഉം അതെന്താ?" സുകുമാരൻ ചോദിച്ചു.

"കാരണമൊന്നും എനിക്കറിഞ്ഞുകൂടാ. മാനേജരോട് എന്തോ തെറ്റു കാണിച്ചു എന്നാണ് അദ്ദേഹത്തിന്റെ വീട്ടിനടുത്തുനിന്നും വരുന്ന ശാന്ത പറഞ്ഞത്."

എന്തു കഴിപ്പ്? സുകുമാരൻ തന്നോടു തന്നെ ചോദിച്ചു. കരുണാകരൻ സുകുമാര

---

വയ്യടേതായ പ്രത്യേക കഴിവുകൾ പ്രദർശിപ്പിക്കുന്നു. പരീക്ഷകൻ ഒരു അന്ധനായി അഭിനയിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ ആ വഴികാട്ടികൾ അപരിചിതങ്ങളായ തെരുവുകളിൽക്കൂടിയും, ചീറിപ്പായുന്ന വാഹനങ്ങളാൽ നിറയപ്പെട്ട നിരത്തുകളിൽക്കൂടിയും എന്നുവേണ്ടാ കണ്ണുള്ളവർക്കു യാത്രചെയ്യുവാൻ സാധിക്കുന്ന ഏതു സ്ഥലങ്ങളിൽക്കൂടിയും പരീക്ഷകനെ കൊണ്ടുപോകുന്നു. ഇങ്ങനെയുള്ള അദ്ധ്യയനം പൂർത്തിയാക്കിയ നായ്ക്കൾക്കു ഒരു ബിരുദം ലഭിക്കുന്നു. ഇങ്ങനെ ബിരുദധാരികളായ നായ്ക്കളെ അപ്പോൾതന്നെ വഴികാട്ടികളായി ഉപയോഗിക്കുവാൻ സാദ്ധ്യമല്ല. നായ്ക്കളെ ഉപയോഗിക്കണമെന്നുള്ള അന്ധന്മാർ നായ്ക്കൾക്കു പരിശീലനംകൊടുത്ത കലാലയത്തിൽ വരികയും ഒരു മാസത്തെ പരിശീലനം സമ്പാദിക്കയും ചെയ്യുന്നു. ഒരു മാസത്തെ നിരന്തരസഹവാസംകൊണ്ടും പരിശീലനംകൊണ്ടും നായ്ക്കളും അവയെ വാങ്ങുവാനുദ്ദേശിക്കുന്ന അന്ധന്മാരും തമ്മിൽ പരിചയപ്പെടുന്നു. ഇങ്ങനെ അവർ പരിശീലനത്തിനുശേഷം പുറത്തിറങ്ങിയാൽ സന്തതസഹചാരികളായിത്തീരുന്നു.

ഇങ്ങനെ പരിശീലനം നേടിയ നായ്ക്കൾ ഒന്നുംതന്നെ തങ്ങളുടെ യജമാനന്മാരെ ഏതെങ്കിലും ആപത്തിൽ ചാടിച്ചതായി അറിവില്ല. കണ്ണുണ്ടെങ്കിൽതന്നെ ഒരാൾക്കു വരുന്ന അപകടങ്ങളേക്കാൾ വളരെ കുറച്ചു മാത്രമേ ഇങ്ങനെയുള്ള ഒരു അന്ധനു സംഭവിക്കയുള്ളു. എന്തുകൊണ്ടെന്നാൽ ആ നായ്ക്കൾ മനുഷ്യനെപ്പോലെ അവിവേകം പ്രവർത്തിക്കുന്നില്ല. അതിക്രമിച്ചു കടക്കുകയോ വാഹനങ്ങൾക്കു ഇടംകൊടുക്കാതിരിക്കുകയോ ചെയ്യാതെ ക്ഷമയോടുകൂടി കാത്തുനില്ക്കുന്നതിന് ഈ വഴികാട്ടികൾ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇവ എന്തെങ്കിലും തെറ്റു ചെയ്താൽ കഠിനമായി ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നല്ല പ്രവൃത്തികൾ അഥവാ മനോധർമ്മം അനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്തു കഴിയുമ്പോൾ വാത്സല്യപൂർണ്ണമായ ഒരു തലോടലോ ഒരഭിനന്ദനവാചകമോ നല്കുന്നതു അവയെ വളരെ സന്തോഷിപ്പിക്കുന്നതാണ്. സാധാരണയായി മനുഷ്യരെപ്പോലെ അഭിനന്ദനമാണ് അവയ്ക്കും കൂടുതൽ പ്രിയം.

ഉദ്ദേശം പന്ത്രണ്ടുവർഷത്തേക്കു ഇങ്ങനെയുള്ള നായ്ക്കളുടെ സേവനം നീണ്ടുനില്ക്കുന്നു. എല്ലാ അന്ധന്മാർക്കും ഇങ്ങനെ പട്ടിയെ ആശ്രയിച്ചു ജീവിക്കുവാൻ സാദ്ധ്യമല്ല. ചിലർ പ്രായാധിക്യത്താൽ നടക്കാൻ പാടില്ലാത്തവരായിരിക്കും. ചിലർ തീരെ കൊച്ചു കുട്ടികളായിരിക്കും, മററു ചിലർ പട്ടികളെ ഇഷ്ടപ്പെടുന്നമില്ലായിരിക്കും.

ആ വഴികാട്ടിയുടെ ബുദ്ധിയേറിയ തലച്ചോറും സൂക്ഷ്മങ്ങളായ കണ്ണുകളും തന്റെ യജമാനനു വളരെ സ്വാതന്ത്ര്യം നല്കുന്നു. നാലു ഭിത്തികൾക്കുള്ളിലോ, അല്ലെങ്കിൽ സ്വന്തം ഭവനത്തിനുള്ളിലോ അടച്ചു മൂടപ്പെട്ടേണ്ട അനേകം അസ്വതന്ത്രർ ഇങ്ങനെ സ്വതന്ത്രരാകുന്നു.

[W. H. Magee-യുടെ "Borrowed eyes of the Blind" എന്ന ലേഖനത്തോടു കടപ്പാട്.]

ന്റെ സ്നേഹിതനാണ്. മാത്രമല്ല സഹപാഠിയുമാണ്. കഴിഞ്ഞ വർഷം രണ്ടു പേരും ഒരുമിച്ചാണ് B. Sc. പാസ്സായതു്. നാലു വർഷം കോളേജിൽ പഠിച്ചതിലും കോളേജ് വിദ്യാർത്ഥികളിൽ കാണുന്ന സഹജമായ സ്വഭാവ ദൂഷ്യങ്ങൾ ഒന്നും കരുണാകരനെ ബാധിച്ചിട്ടില്ല. അനുസരണശീലവും വിനയവും ഉള്ള ഒരു മാതൃകാ വിദ്യാർത്ഥി. ഇപ്പോൾ കരുണാകരൻ നല്ല ഒരു അദ്ധ്യാപകനാണ്. വിദ്യാർത്ഥികൾ അദ്ദേഹത്തെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. അവർക്ക് അദ്ദേഹത്തെ എന്തുമാത്രം ഇഷ്ടമാണ്! എന്നിട്ടും മാനേജർക്ക് അദ്ദേഹത്തെ പിടിച്ചില്ല. കഷ്ടം! എത്ര അദ്ധ്യാപകരെ മാനേജർ ഇങ്ങനെ പിരിച്ചയയ്ക്കുന്നു. ഏതായാലും മാനേജർ ഒരു ക്രൂരനാണ്. സുകുമാരന്റെ ചിന്താഗതി ഇത്രത്തോളമായപ്പോഴേക്കും അദ്ദേഹത്തിന്റെ അച്ഛൻ കടന്നു വന്നു.

"എന്താ സുകുമാരാ നീയിങ്ങനെ ആലോചിക്കുന്നതു്."

"ഒന്നുമില്ല."

"ഞാൻ വഴിക്കുവെച്ചു ഒരു വർത്തമാനം കേട്ടു. ശരിയാണോ എന്തോ?"

"എന്താണച്ഛാ?"

"ആ കരുണാകരനില്ലേ. അവനെ സ്കൂളിൽ നിന്നും പിരിച്ചയച്ചു എന്ന്."

"ശരിയാണച്ഛാ."

"എന്നാൽ നീയൊരു കാര്യം ചെയ്യു്. നാളെത്തന്നെ മാനേജരെ ഒന്നു പോയിക്കാണ്. അങ്ങേരു് കൃപാലുവാണെങ്കിൽ നീയങ്ങോട്ട് സമ്മതിച്ചേക്കും."

"ഉം." സുകുമാരനൊന്നു് മൂളി.

പിറ്റേ ദിവസം രാവിലെ തന്നെ സുകുമാരൻ മാനേജരുടെ വീട്ടിലേക്കു തിരിച്ചു. കുളിച്ചു നല്ല ഷർട്ട് ഇട്ടു് അദ്ദേഹത്തിന്റെ വീട്ടിലേക്കു്. ഒമ്പതു മണിയായപ്പോഴേക്കും സുകുമാരൻ മാനേജരുടെ ഗേറ്റിങ്കൽ എത്തി. അദ്ദേഹം ഉള്ളിലേക്കു കയറി. മുൻവശത്തുള്ള കാളിങ്ങ് ബെല്ലിൽ അമർത്തി. ഉടനെ ഒരു ഭൃത്യൻ പുറത്തു വന്നു. ഉടനെ സുകുമാരൻ മാനേജരുടെ മുറിയിലേക്ക് ആനയിക്കപ്പെട്ടു. മനോഹരവും വിശാലവുമായ ഒരു മുറി. മുറിയുടെ നടുവിൽ ഒരു വട്ടമേശ. അതിന്മേൽ ശ്രീകൃഷ്ണന്റെ ഒരു പൂർണ്ണകായപ്രതിമ. കൂടാതെ ഒരു ഫ്ളവർ വാസിൽ അനേക തരത്തിലും നിറത്തിലുമുള്ള പൂക്കൾ ഇരിക്കുന്നു. എഴുതാനുള്ള സാമഗ്രികളും, മനോഹരങ്ങളായ പേപ്പർ വെയ്റ്റുകളും ആ മേശയുടെ ഭംഗിക്കു് മാറ്റുകൂട്ടുന്നു. നാനാ തരത്തിലുള്ള ഭംഗിയേറിയ കസാലകൾ മുറിയിൽ ഇട്ടിരിക്കുന്നു. വിവിധ തരത്തിലും നിറത്തിലുമുള്ള ചിത്രങ്ങളും ഫോട്ടോകളും ചുവരുകളിൽ തൂങ്ങുന്നുണ്ടു്. ആരുടെയും ആകർഷിക്കുന്ന ഒരു മുറി. മാനേജർ എന്തോ എഴുതിക്കൊണ്ടിരിക്കുകയാണ്. സുകുമാരനെ കണ്ട ഉടനെ ഗുഡ്മോർണിങ്ങ് പറഞ്ഞു ഇരിക്കാൻ ആവശ്യപ്പെട്ടു. സുകുമാരൻ മടിച്ചിട്ടാണെങ്കിലും ഒരു കസാലയിൽ ഇരുന്നു.

"എവിടെനിന്നും വരുന്നു?" മാനേജർ ചോദിച്ചു.

"ഇവിടെയടുത്തുനിന്നും,"

"എന്നുവെച്ചാൽ?"

"ആലുവായിൽനിന്നും"

"What is the matter"

"താങ്കളുടെ സ്കൂളിൽ ഒരു Vacancy ഉണ്ടെന്നു കേട്ടു. ഞാൻ കഴിഞ്ഞ വർഷം B. Sc. പാസ്സായതാണ്. ഇപ്പോൾ ജോലിയൊന്നുമില്ലാതെ വെറുതെയിരിക്കുകയാണ്. ദയവുചെയ്ത് എന്നെ ആ പോസ്റ്റിൽ നിയമിച്ചാൽ വലിയ ഉപകാരമായിരിക്കും."

"Your name?"

"സുകുമാരൻ"

"Father's name"

"കേശവപ്പണിക്കർ"

"ഓ മിസ്റ്റർ പണിക്കരെ എനിക്കു പരിചയമില്ലെങ്കിലും ഞാൻ കേട്ടിട്ടുണ്ട്. How old are you"

"ഇരുപത്തിരണ്ട്."

"വീട്ടിൽ പിന്നെ ആരൊക്കെയുണ്ട്?"

"അച്ഛനും, അമ്മയും ഒരു സഹോദരിയും മാത്രം. സഹോദരിയുടെ പേര് മാലതി എന്നാണ്. അവൾ താങ്കളുടെ സ്കൂളിൽ പഠിക്കുന്നുണ്ട്."

"ഓ! I have seen Miss മാലതി. അവളുടെ Songs ഞാൻ കേട്ടിട്ടുണ്ട്. സുകുമാരൻ. You come to-morrow. ഞാൻ ആലോചിച്ചു പറയാം."

സുകുമാരന് അന്നത്തെ അഭിമുഖസംഭാഷണം കൊണ്ട് മാനേജരെപ്പററിയുള്ള സകല ചീത്ത അഭിപ്രായങ്ങളും തെററാണെന്ന് മനസ്സിലായി. സുകുമാരൻ തന്നത്താൻ പറയുകയാണ്. "നല്ല മനുഷ്യൻ. ആരെയും ആകർഷിക്കുന്ന മുഖഭാവം. നല്ല പണക്കാരനാണെന്നു തോന്നുന്നു. മാനേജർ എന്നോട് എത്ര സ്നേഹമായിട്ടാണ് പെരുമാറിയത്. വീട്ടിലുള്ളവരെപ്പററിപ്പോലും ചോദിച്ചിരിക്കുന്നു."

പിറേറദിവസവും ഒമ്പതു മണിക്കു തന്നെ സുകുമാരൻ മാനേജരുടെ ഭവനത്തിൽ ഹാജരായി. മാനേജർ പുഞ്ചിരിയോടുകൂടി സുകുമാരനെ എതിരേററു. ചായസല്ക്കാരത്തിനു ശേഷം മാനേജർ സുകുമാരനൊന്നിച്ചു സ്കൂളിലേക്കു പുറപ്പെട്ടു. വഴിക്കുവെച്ചു നീണ്ട സംഭാഷണങ്ങൾ നടക്കുകയുണ്ടായി. പത്തു മണിക്കു മുമ്പായി അവർ സ്കൂളിൽ എത്തി. കുട്ടികൾ സുകുമാരനെ കണ്ട ഉടനെ തന്നെ വിളിച്ചു പറഞ്ഞു: "പുതിയ സാർ." അങ്ങനെ പുതിയ സാറിനെ കാണുവാൻ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ഓഫീസ് റൂമിനു ചുററും തടിച്ചുകൂടി. ഹെഡ്മാസ്റ്റർ, മേശപ്പുറത്തുനിന്നും ചൂരൽ വടി എടുത്തതോടുകൂടി എല്ലാം ക്ലാസ്സുകളിലേക്കോടി. അല്പ സമയത്തെ സംഭാഷണത്തിനു ശേഷം സുകുമാരനെ അദ്ധ്യാപകനായി നിയമിച്ചു. മാനേജർ ഒരു പൈസപോലും ആവശ്യപ്പെട്ടില്ല. സുകുമാരൻ വളരെ സന്തോഷിച്ചു. ഹെഡ്മാസ്റ്റർ പുതിയ സാറിനെ വിദ്യാർത്ഥികൾക്കു പരിചയപ്പെടുത്തി.

ദിവസങ്ങൾ മുന്നോട്ടു നീങ്ങി. മാസം രണ്ടു തികഞ്ഞു. സുകുമാരൻ സുസമ്മതനായ ഒരു അദ്ധ്യാപകനാണിന്ന്. ഈ ചുരുങ്ങിയ കാലത്തിനിടയിൽ വിദ്യാർത്ഥികളുടെ സ്നേഹവും ബഹുമാനവും മററാരെക്കാളും ഉപരിയായി നേടിക്കഴിഞ്ഞിരുന്നു. ഹെഡ്മാസ്റ്റർക്കും സുകുമാരനെ വളരെ ഇഷ്ടമായി.

ഒരു ഞായറാഴ്ച ദിവസം സുകുമാരൻ മാനേജരുടെ വീട്ടിലേക്കു തിരിച്ചു. ഇതിനിടയിൽ പലപ്പോഴും അദ്ദേഹത്തിന്റെ ക്ഷണമനുസരിച്ച് സുകുമാരൻ അവിടെ പോയിട്ടുണ്ട്. അന്ന് സുകുമാരൻ പോയതു തന്റെ ശമ്പളക്കാര്യത്തെപ്പററി സംസാരിക്കുവാനായിരുന്നു. ഇതുവരെയും അദ്ദേഹത്തിന് ശമ്പളം കിട്ടിയിട്ടില്ല. മാനേജരുടെ 'ഗുഡ്‌മോർണിങ്ങ്' സുകുമാരനെ എതിരേററു. കുശലപ്രശ്നങ്ങൾക്കുശേഷം മാനേജർ, സുകുമാരന്റെ ആഗമനോദ്ദേശ്യം ആരാഞ്ഞു. സുകുമാരൻ താൻ വന്ന കാര്യം മാനേജരെ വിനയത്തോടുകൂടി അറിയിച്ചു. ഉടനെ മാനേജർ പറഞ്ഞു.

"Mr. സുകുമാരൻ, ഞാൻ വേണ്ട ഏർപ്പാടുകളെല്ലാം നടത്തിയിട്ടുണ്ട്. ഉടനെ തന്നെ കിട്ടും. Money ക്ക് ആവശ്യമാണെങ്കിൽ പറഞ്ഞാൽ കുറച്ചു തരാൻ ഞാൻ ബാധ്യസ്ഥനാണ്. I consider you as my son."

"ഒരു ധൃതിയില്ല. സാവധാനിച്ചു വന്നിട്ടു മതി."

ആ സമയം അടുത്തുള്ള വാതിലിൽ ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടു. സുകുമാരൻ അങ്ങോട്ടു നോക്കിയപ്പോഴേക്കും ആ സ്ത്രീ മുഖം തിരിച്ചുകളഞ്ഞു. എങ്കിലും സുകുമാരനു മനസ്സിലായി അതു മാനേജരുടെ മകളാണെന്ന്. സുകുമാരൻ ഇതിനുമുമ്പ് ഒന്നു രണ്ടു പ്രാവശ്യം അവരെ കണ്ടിട്ടുണ്ട്. മുന്നോട്ടു ഉന്തിയ പല്ലുകളും, ഏങ്കോണിച്ചു നോക്കുന്ന കണ്ണുകളും, വീപ്പപോലെയുള്ള ശരീരവും സുകുമാരൻ ഒരിക്കലും മറക്കില്ല. മകളെ ശരിക്കു കണ്ടില്ലല്ലോ എന്നോർത്തു മാനേജർ സന്തോഷിച്ചു. ഉടനെ അദ്ദേഹം പറഞ്ഞു "ഇപ്പോൾ അവിടെ കണ്ടതു എന്റെ eldest daughter ആണ്. അവൾക്കിപ്പോൾ വയസ്സ് Seventeen ആയി. ഈ രണ്ടു മാസത്തിനിടയിൽ Different placeകളിൽ നിന്നും Marriage ആലോചിച്ചു വന്നു. എല്ലാം High position-ൽ ഉള്ള ആളുകളിൽ നിന്നാണ്. പക്ഷെ അവളെല്ലാം നിരസിച്ചുകളഞ്ഞു."

"ഉം" സുകുമാരൻ ഒന്നു മൂളി. മാനേജർ പിന്നെയും തുടർന്നു. "Yesterday night-ൽ ഞാൻ അവളെ വിളിച്ചു ചോദിച്ചു. ആദ്യമൊക്കെ വളരെ മടിച്ചെങ്കിലും ഒടുവിൽ അവൾ പറഞ്ഞു അവൾ താങ്കളെ Love ചെയ്യുന്നു എന്ന്. First day കണ്ടപ്പോൾ

# അരയാലിന്റെ സന്ദേശം

Verghese Ittyerah

"ഉവൽകമനീയശ്യാമളമേ ശാന്തിതൻപ്രതീ
കമോ"....
ഇയന്നുള്ളിൽ നിരന്തരം പൊന്തിടും മന്ദാരമേ.
രമ്യമാമെൻ ഗ്രാമത്തിലെൻ ബാല്യസ്മര
ണസ്സു
സ്വച്ഛന്ദവിഹാരമാം ക്ഷേത്രത്തിന്നാരാതം
സുന്ദരമൊരു ഹരിതാഭമാം പശ്ചാത്തല
ഭംഗിയിൽ വിരചിച്ചു നില്പൂന്നിതാവർമ്മരം.

പ്രായമാകയാൽ ശതാബ്ദങ്ങളാൽ, മങ്ങിമായി
പോകുകൾ മൂഴ്ച്ച ഒതുങ്ങി കണ്ടിടാം, പാരക്ഷ
താരുണ്യമിന്നും പുലർത്തുന്നിതു ഹൃദന്തത്തിൽ—
ച്ഛായനൽകുമാശ്വാസമിന്നീ മനോഹരരൂപൻ.
വേനലിൽച്ചില കാച്ചിപ്പിളരും പാന്ഥ
ന്മാരു—
മീമരത്തോ തന്റെ സാന്ദ്രമാം തണൽ പാറു

---

